നാഷനൽ ബുക്ക് ട്രസ്റ്റിന്റെ പുസ്തകം

# കല്ക്കി

അഥവാ

# സംസ്കാരത്തിന്റെ ഭാവി

എസ്. രാധാകൃഷ്ണൻ

R3:Y
32KD

പബ്ലിക്കേഷൻസ് ഡിവിഷൻ

MUL
221923

TIONAL BOOK S ALL
SPCS
LTD.
TTAYAM

നാഷനൽ ബുക്ക്ട്രസ്റ്റിൻെറ പുസ്തകം

# കല്ക്കി

## അഥവാ

## സംസ്കാരത്തിൻെറ ഭാവി

എസ്. രാധാകൃഷ്ണൻ

വിവർത്തകൻ:

എം. അച്യുതൻ

ഇന്ത്യാഗവർമ്മെൻറ്
വാർത്താവിതരണ പ്രക്ഷേപണ വകുപ്പ്
പ്രസിദ്ധീകരണവിഭാഗം

ഒക്ടോബർ 1960 (അശ്വിനം 1882)
October 1960 (Asvina 1882)

MADRAS UNIVERSITY LIBRARY
- 6 APR 2003
CHENNAI-600 005

By Kind permission of
*The Author and Messrs Hind Kitabs Ltd., Bombay*

221923
R3:Y
32KO

വില: 75 നയേ പൈസേ
Price: 75 nP

KALKI; OR,
THE FUTURE OF CIVILIZATION
*(Malayalam)*

PUBLISHED BY THE DIRECTOR, PUBLICATIONS DIVISION, DELHI-6
AND PRINTED AT JANATHA PRESS, 66, BELLS ROAD, MADRAS-5

# ഉള്ളടക്കം


1. ഉപക്രമം 5

2. പ്രതികൂലഫലങ്ങൾ 10

മതം 10

കുടുംബജീവിതം 12

സാമ്പത്തികബന്ധങ്ങൾ 17

രാജ്യതന്ത്രം 21

അന്താരാഷ്ട്രീയബന്ധങ്ങൾ 25

3. പ്രശ്നം 30

4. പുനർന്നിർമ്മാണം 45

മതം 45

കുടുംബജീവിതം 64

സാമ്പത്തികബന്ധങ്ങൾ 69

രാജ്യതന്ത്രം 71

അന്താരാഷ്ട്രീയബന്ധങ്ങൾ 73

# 1. ഉപക്രമം

നാഗരികത ഇന്നു് ഒരു കാലികവിഷമസന്ധിയിലൂടെ കടന്നു പോവുകയാണെന്നു തോന്നുന്നു. പഴയ ആവരണങ്ങൾ ഊരിക്കളയുകയാണു്, ലോകം. ഒരു തലമുറ മുമ്പു്വരെപ്പോലും പൊതുവെ അംഗീകൃതമായിരുന്ന മാനദണ്ഡങ്ങളും ലക്ഷ്യങ്ങളും സ്ഥാപനങ്ങളും ഇന്നു് വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു, മാറിക്കൊണ്ടിരിക്കുന്നു. പഴയ സങ്കല്പങ്ങൾ പ്രക്ഷീണങ്ങളാവുകയും പുതിയ ശക്തികൾ പൊട്ടിമുളയ്ക്കുകയുമാണു്. ഈ കാലഘട്ടത്തിൻെറ ഹൃദയത്തിലേയ്ക്കു് അന്തർദ്ദർശനം സിദ്ധിച്ചിട്ടുള്ള ഏതൊരാളും അതിൻെറ വ്യഗ്രത, അനിശ്ചിതത്വം, നിലവിലിരിക്കുന്നസാമ്പത്തിക സാമൂഹ്യവ്യവസ്ഥകളിലുള്ള അസംതൃപ്തി, ഇതുവരെ സാക്ഷാത്കൃതമാകാത്ത നൂതനവ്യവസ്ഥയ്ക്കായുള്ള അഭിലാഷം എന്നിവയെക്കുറിച്ചു് വ്യക്തമായ ബോധമുള്ളവനാകുന്നു. വ്യക്തമായി നിർവ്വചിക്കാത്ത ആദർശങ്ങളുടെ പേരിലുള്ള ഈ ആശയക്കുഴപ്പങ്ങളും ഉറപ്പില്ലാത്ത ഉത്സാഹങ്ങളുമെല്ലാം മനുഷ്യൻ മുമ്പോട്ടു് ഒരു പുതിയ കാൽവെപ്പിന്നൊരുങ്ങുകയാണെന്നു് കാണിക്കുന്നു.

ആധുനികശാസ്ത്രമാണു് ഈ അവ്യവസ്ഥയിലെ ഒരു പ്രധാനഘടകം. ശാസ്ത്രം നമ്മുടെ സംസ്കാരത്തിൻെറ പ്രത്യേക ധർമ്മമല്ലെങ്കിലും, ഇങ്ങോട്ടു് ഇങ്ങോട്ടു് ഈ ഘട്ടത്തിൽ അതിൻെറ പുരോഗതി ശീഘ്രവും നമുക്കു് പെട്ടെന്നു് തദനുരോധം ചത്തിക്കാൻ സാധിക്കാത്തവിധം അതിൻെറ സീമ അതിവിപുലവും അഗാധവും ആയിത്തീർന്നിരിക്കുന്നു. നാം ഒരു ജീവിയെ അതിൻെറ സ്വാഭാവികമായ ചുററുപാടിൽനിന്നു് മറെറാന്നിലേയ്ക്കു് പിടിച്ചുമാററിയാൽ പുതിയ പരിതസ്ഥിതിയുമായി ഇണങ്ങുന്നതുവരെ അതിനു് അസ്വാസ്ഥ്യവും അസുഖവും തോന്നാതെ തരമില്ല. റിപ്പണിലെ ബിഷപ്പു് ഹ്രസ്വകാലത്തേയ്ക്കു് നമുക്കു് ശാസ്ത്രീയാനദ്ധ്യായം വേണമെന്നു് നിർദ്ദേശിച്ചപ്പോൾ, നവീനോപകരണങ്ങൾ പ്രദാനം ചെയ്തുകൊണ്ടു് ശാസ്ത്രം ദ്രുതഗതിയിൽ പുരോഗമിയ്ക്കെ അവയുടെ പ്രയോക്താവായ മനുഷ്യൻ അതിനൊപ്പം സ്വയം മനസ്സംസ്കാരം സമ്പാദിക്കുന്നില്ലെന്നു് ഒരു മുന്നറിയിപ്പു് തരികയായിരുന്നു.

ലോകത്തിന്ന് ബാഹ്യമായി ഐകരൂപ്യം ഉണ്ടാവുകയാണ്. യൂറോപ്പും, അമേരിക്കയും, ഏഷ്യയും, ആഫ്രിക്കയും ഒരേ വഴിക്കാണ് നീങ്ങുന്നതു്. ആദ്യം പറഞ്ഞവ കുറെക്കൂടി വേഗത്തിലാണെന്നുമാത്രം. ആധുനികതയുടെ പ്രബലപ്രതീകങ്ങളായ മോട്ടോർകാറും വിമാനവും ചലച്ചിത്രങ്ങളും ഏററവും പിന്നോക്കം നില്ക്കുന്ന രാജ്യങ്ങളിൽപോലും കാണാം. പ്രകൃതിവിഭവങ്ങളിൽ മനുഷ്യനുള്ള അധികാരത്തിൻെറയും, പ്രകൃതിശക്തിയുടെമേലുള്ള നിയന്ത്രണത്തിൻെറയും നിരന്തരമായ വികാസത്തെ ആശ്രയിച്ചുള്ള പുരോഗതിയിൽ ഏറിവരുന്ന വിശ്വാസമുണ്ട്, ചൈനതൊട്ട് മെക്സിക്കോവരെ.

ഇന്ത്യയേയും ചൈനയേയും ഉള്ളിലേയ്ക്കു് വലിച്ച്, ഒതുക്കിയിട്ടുണ്ട് ഈ ചക്രവാതം. പൌരസ്ത്യരാഷ്ട്രങ്ങൾ ജീർണ്ണിച്ചു മരിക്കാതിരിക്കണമെങ്കിൽ, പരിശ്രമോത്സാഹവും സംഘടനാവൈദഗ്ദ്ധ്യവും മൂലം ഭൂമിയുടെ ഏതു മൂലയിലും ശക്തി വ്യാപിപ്പിച്ചിട്ടുള്ള ഇതരരാഷ്ട്രങ്ങളോട്ട് തോളൊത്തുനില്ക്കാൻ ശ്രമിക്കണമെന്ന പുതിയ ബോധമാണ് കിഴക്കുള്ള വ്യഗ്രതക്കു് ഹേതു. ചില ആപച്ഛങ്കാലുക്കൾ നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതുപോലെ കിഴക്കും പടിഞ്ഞാറും തമ്മിൽ അത്ര കിക്ക്ശമായി വിഭജിക്കപ്പെട്ടിട്ടില്ല. ആത്മാവിൻേറയും ബുദ്ധിയുടേയും ഉല്പന്നങ്ങൾ, കേവലശാസ്ത്രങ്ങൾ, എഞ്ചിനീയറിങ്ങ് സങ്കേതങ്ങൾ, ഗവർമെണ്ടിൻെറ രൂപങ്ങൾ, നീതിന്യായനിയമങ്ങൾ, ഭരണവിധാനങ്ങൾ എന്നിവയും സാമ്പത്തിക സ്ഥാപനങ്ങളുമാണ് വിവിധസംസ്കാരങ്ങളുള്ള മനുഷ്യരെ ആകെ ബന്ധിപ്പിക്കുകയും പരസ്പര സമ്പക്കത്തിലേക്ക് അടുപ്പിച്ചുകൊണ്ടുവരികയും ചെയ്യുന്നതു്. സജീവമായ ഏകശരീരത്തെപ്പോലെ വ്യാപരിക്കുവാനാണ് ഇന്നു് ലോകത്തിൻെറ പ്രവണത.

ബാഹ്യമായ ഐകരൂപ്യം ഹൃദയത്തിൻെറയും ആത്മാവിൻെറയും ഐക്യത്തിൽ കലാശിച്ചിട്ടില്ല, എന്തായാലും. മാനസികവും ആത്മീയവുമായി സംയോഗത്തിനു് ഒരുങ്ങിയിട്ടില്ലാത്തതിനാൽ ഇന്നുണ്ടായിട്ടുള്ള അടുപ്പം, സന്തുഷ്ടിയുടെ പെരുപ്പമോ ഉരസലിൻെറ ഇളപ്പമോ കുറിക്കുന്നില്ല. ശാസ്ത്ര വിഷയത്തേയും, സാങ്കേതികോപകരണങ്ങളുടെ അത്ഭുതശക്തിയേയും പരാമശിച്ച് കഷകജനതയെ അഭിമുഖീകരിച്ചു് പ്രസംഗിച്ച തന്നെ കൃഷിക്കാരുടെ വക്താവ് ഇങ്ങനെ വിമശിച്ചതു് മാക്സിംഗോക്കി വിവരിക്കുന്നു:

"അതെ, ആകാശത്തിൽ പക്ഷികളെപ്പോലെ പറക്കാൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്, മത്സ്യങ്ങളെപ്പോലെ വെള്ളത്തിൽ നീന്തുവാനും. എന്നാൽ ലോകത്തിൽ ജീവിക്കേണ്ടതെങ്ങനെയാണെന്നു നമുക്കറിഞ്ഞുകൂടാ." ഈ ചെറിയ ഗോളത്തിൽ ഒപ്പം പുലരുന്ന വർഗ്ഗങ്ങൾക്കും മതങ്ങൾക്കും രാഷ്ട്രങ്ങൾക്കും നല്ല ജീവിതത്തിനു് അനുപേക്ഷണീയമായ സാഹോദര്യബോധമില്ല. നേരെമറിച്ചു് പരസ്പരം വിരോധികളാണെന്നു് അവർ സ്വയം ഭാവിക്കുന്നു. മാനുഷ്യകം ഏകരൂപമായ ബാഹ്യഗാത്രം പൂണ്ടിട്ടുണ്ടെങ്കിലും ഇപ്പോഴും ജീവാധായകമായ ഏകചൈതന്യം അതിന്നു് ലഭിച്ചിട്ടില്ല. ലോകം ഏകമനസ്സായിട്ടില്ല.

ഭിന്നരാഷ്ട്രങ്ങൾക്കു് വ്യതിരിക്തങ്ങളായ ആദർശങ്ങളെ പ്രകാശിപ്പിക്കുന്ന ഭിന്നസംസ്കാരങ്ങളുണ്ടെന്നു് 'പാശ്ചാത്യലോകത്തിന്റെ അധഃപതനം' എന്ന ശ്രദ്ധേയമായ ഗ്രന്ഥത്തിൽ *സ്പെംഗ്ലർ ഉന്നയിക്കുന്ന വാദം ഒരു സാർവ്വലൗകികസംസ്കാരത്തിന്റെയോ പരിഷ്കാരത്തിന്റെയോ വികാസത്തെക്കുറിച്ചുള്ള പ്രത്യാശ നശിപ്പിക്കുന്നതാണു് .പിറവി, വളച്ച്, വീഴ്ച, നാശം എന്നിങ്ങനെ താളപ്പെട്ട ഒരു പൌർവ്വാപര്യക്രമത്തോടുകൂടിയ ഘടകങ്ങളാണു് മനുഷ്യവർഗ്ഗങ്ങളും സംസ്കാരങ്ങളും എന്ന അദ്ദേഹത്തിന്റെ രസാവഹമായ നിഗമനം തികച്ചും വസ്തുസ്ഥിതികൾക്കു് ചേർന്നതല്ല. ഭൂതകാലങ്ങളിൽ ഒരുപക്ഷെ പ്രാദേശിക പരിഷ്കാരങ്ങൾ ഒന്നു് ഒന്നിനെ പിൻതുടരുകയോ അല്ലെങ്കിൽ ശൈശവം, താരുണ്യം, പക്വത, വാർദ്ധക്യം എന്നീ ദശകൾ തരണം ചെയ്തു് അവയുടെ നാശത്തിൽ പിന്നീട്ടു് കുരുക്കുന്ന ഇളംതലമുറക്കു് അവരുടെ പൈതൃകം നൽകുകയോ ചെയ്തിരിക്കാം. പ്രായോഗികമായി നോക്കിയാൽ ഈ വഴിക്കുള്ള സാദ്ധ്യതകൾ നിശ്ശേഷം തീർന്നുകഴിഞ്ഞു. പരിമിതദേശത്തിലേതു മാത്രമായ പ്രാദേശികപരിഷ്കാരത്തിന്റെ ദശ അവസാനിക്കുകയായി. എന്നാൽ സാമൂഹ്യ പരിതസ്ഥിതിയും ജന്മദേശാർജ്ജിതമായ പ്രത്യേകതകളുംമൂലം കാലാന്തരത്തിൽമാത്രം ഭിന്നശാഖകളായി വിഭജിക്കപ്പെട്ട ഒരു അനുസ്യൂത പ്രവാഹമായി മാനവതത്തിന്റെ ചരിത്രം അസന്ദിഗ്ദ്ധമായി വീക്ഷിക്കുവാൻ വയ്യ. വിഭിന്നസംസ്കാരങ്ങൾ വളരെക്കാലം അതാതിന്റെ വഴിക്കു വളരുകയും ക്രമേണ പരസ്പരം അടുക്കുകയും ഇന്നു് അവതമ്മിൽ സമഞ്ജ

* Spengler-The Decline of the west

സമായി മേളിച്ച് സുശക്തമായ ഒരു സമവായമാകാൻ തുനിയുകയുമാണെന്നാണ് സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നതു്. എതിരെ ഉണ്ടാകുന്ന ഏതു വിപ്ലവത്തേയും വിഫലമാക്കുന്ന അലംഘനീയമായ വിധിക്കു വഴങ്ങി പാശ്ചാത്യസംസ്കാരം അതിൻെറ വാർദ്ധക്യദശ തരണം ചെയ്യുകയാണെന്നു് സ്പെംഗ്ലർ പ്രസ്താവിക്കുമ്പോൾ അദ്ദേഹത്തിൻെറ വീക്ഷണം ഉൾക്കൊള്ളുന്ന സത്യം കുറെക്കൂടി വലുതാണ്. പ്രാദേശികസംസ്കാരങ്ങളെല്ലാം മൺമറയുകയും വിശ്വവ്യാപകമായ തരത്തിൽ ജീവിതകലയിൽ നാം ഒരു പുതിയ പരീക്ഷണം നടത്തുവാൻ ആരംഭിക്കുകയും ആണ് എന്നതുതന്നെ ആ സത്യം. ചരിത്രപരമായ ഏതെങ്കിലും ഒരു സംസ്കാരത്തിനോ പരിഷ്കാരത്തിനോ കേവലസാർവ്വലൌകികത്വം അവകാശപ്പെടാൻ കഴിയില്ല. കാരണം അവ ഓരോന്നും ഒരു വിഭാഗം വ്യക്തികളുടെ ജീവിതശക്തികളുടെ ആവിഷ്കരണമാണ്. ഈ കാര്യങ്ങളിൽ ചരിത്രത്തിൻേറതൊഴിഞ്ഞു് വേറെ ന്യായമൊന്നുമില്ല. ചരിത്രത്തിനു് സാർവ്വലൌകികത്വമുള്ള ഒരു അമൂർത്തമനുഷ്യനെ അറിഞ്ഞുകൂട. അതുകൊണ്ടു സാർവ്വലൌകിക പരിഷ്കാരം ഉണ്ടാകാൻ വഴിയില്ല. ഭാവിസംസ്കാരം മനുഷ്യനേയും മനുഷ്യജീവിതത്തേയും സംബന്ധിച്ച് സാർവ്വജനീനമായ ഒരു വീക്ഷണത്തിലേക്കു ഉയരേണ്ടിവരും. മനുഷ്യവംശത്തിൻെറ യഥാർത്ഥ താല്പര്യങ്ങളോടു് എല്ലായ്പോഴും കൂറു കാണിച്ചിട്ടില്ല കഴിഞ്ഞ കാലങ്ങളിലേയും ഇപ്പോഴത്തേയും പ്രാദേശിക സംസ്കാരങ്ങൾ. അവ വർഗ്ഗീയവും മതപരവും രാഷ്ട്രീയവും ആയ കുത്തകാവകാശങ്ങൾക്കുവേണ്ടി, പുരുഷന്മാർക്കു സ്ത്രീകളുടേയും ധനികർക്കു് നിസ്വരുടേയും മേലുള്ള ആധിപത്യത്തിനുവേണ്ടി നിലകൊണ്ടു. മനുഷ്യവംശത്തിനു് മുഴുവൻ യോഗ്യമായ ബലിഷ്ഠസംസ്കാരം പടുത്തുയർത്തുന്നതിനുമുമ്പ് ചരിത്രപാരമ്പര്യമുള്ള നാഗരികത അതിൻെറ പരിമിതികളേയും ലോകത്തിലെ ആദർശപരിഷ്കാരമായിരിക്കാൻ അതിനുള്ള അനർഹതയേയും കുറിച്ച് ബോധവത്താകേണ്ടതു ആവശ്യമാണ്.

യാന്ത്രികോപകരണങ്ങളുടെ വിജയം ഭാവിനാഗരികതയ്ക്കു് പൊതുവായ ഒരു അടിത്തറ നൽകുമ്പോൾ പരമ്പരാഗതമായ ചിന്താസമ്പ്രദായങ്ങളുടേയും വിശ്വാസാചാരങ്ങളുടേയും തകച്ച ആത്മീയൈക്യം പണിതുയർത്തുവാനുള്ള ആവശ്യസന്നാഹമാണ്. എല്ലാ മനുഷ്യരുടെ ഇടയിലും പരിണാമസഹായകമായ

വീറു് വ്യാപിച്ചുതുടങ്ങിയിരിക്കുന്നു; പ്രത്യേകിച്ചും, മററുള്ളവരുടെ കൈയിൽ—എത്ര പ്രായം ചെന്നവരാകട്ടെ ബുദ്ധിയുള്ളവരാകട്ടെ—വെറും കളിമണ്ണാകാൻ വിസമ്മതിക്കുന്ന യുവജനങ്ങൾക്കിടയിൽ. നാം ഉയർത്തിപ്പിടിച്ചിരുന്ന ആശയങ്ങളിലും ധാരണകളിലും അപര്യാപ്തവും അതൃപ്തികരവുമായ എന്തോ ഒന്നുണ്ടെന്ന ബോധം ഇന്നുണ്ടു്, നവീനമൂല്യാന്വേഷണവും. ആസന്നമായിട്ടുണ്ടു് വിഘടനം. പഴയ വിശ്വാസങ്ങൾ ഇടറിത്തുടങ്ങി. എല്ലാ മതങ്ങളിലേയും രാജ്യങ്ങളിലേയും ചിന്താശീലരായ മനുഷ്യർക്കിടയിൽ ആത്മീയതാൽപര്യത്തിൻെറയും പ്രത്യാശയുടേയും ആയ ഒരു ഭാവമുണ്ടു്.

യാതൊരു വാദവും സാദ്ധ്യമല്ലാത്ത ഭ്രാന്തബുദ്ധികളെ മാററിനിർത്തിയാൽ, ചരിത്രപരമായ എല്ലാ പരിഷ്കാരങ്ങളുടേയും നേതാക്കന്മാർക്കു് ഇന്നു ബോദ്ധ്യമായിട്ടുണ്ടു്, മനുഷ്യവർഗ്ഗം അതിൻെറ എല്ലാ വിസ്തൃതിയിലും ചരിത്രത്തിലും സജീവമായ ഏകവസ്തുവാണെന്നു്, വളർന്നുവരുന്ന പ്രഭാവത്താൽ ആരാധനീയവും ആരും എതിരിടാൻ ധൈര്യപ്പെടാത്ത പുരോഗമനത്തിനു് ശക്തവുമാണെന്നു്. ദാന്തെ (Dante) പ്രഖ്യാപിച്ചു: "ഈ നാഗരികതയ്ക്കു് ഒരു ലക്ഷ്യം മറേറതിനു് വേറൊന്നു്-അങ്ങനെയില്ല. എന്നാൽ അഖിലമാനവരുടേയും നാഗരികതയ്ക്കു് ഒരേ ഒരു ലക്ഷ്യമുണ്ടു്." എല്ലാ നാഗരികതകൾക്കുംകൂടി ഏകലക്ഷ്യമുണ്ടെങ്കിൽ അതിനർത്ഥം എല്ലാവരും ഒരു പൊതുഭാഷ സംസാരിക്കണമെന്നോ, പൊതുവായ ഒരു ധർമ്മം അനുഷ്ഠിക്കണമെന്നോ, എല്ലാവരും ഒരേ ഭരണകൂടത്തിൻെറ കീഴിൽ ജീവിക്കണമെന്നോ, ആചാരസമ്പ്രദായങ്ങളിൽ മാററമില്ലാത്ത ഒരു ക്രമം എല്ലാവരും പിന്തുടരണമെന്നോ അല്ല. പരിഷ്കാരത്തിൻെറ ഏകത്വം ബാഹ്യമായ ഐകരൂപ്യത്തിലല്ല, സമഞ്ജസമായ ലയനത്തിലാണു് അന്വേഷിക്കേണ്ടതു്. മഹത്തായ എല്ലാ സംസ്കാരവും വ്യത്യസ്തങ്ങളായ ആദർശങ്ങളും വികാരപ്രകൃതിയുമുള്ള മനുഷ്യരുടെ മേളനഫലമാണു്. ഈജിപ്തും, ബാബിലോണും, ഇന്ത്യയും, ചൈനയും, ഗ്രീസും, റോമും ഈ സത്യത്തിനു സാക്ഷ്യം വഹിക്കുന്നു. ഇന്നു സാംസ്കാരികോദ്ഗ്രഥനത്തിൽ ഭാഗഭാക്കാവുന്നവരുടെ മണ്ഡലം വളരെ വിപുലമായിട്ടുണ്ടു്. ലോകം മുഴുവനുമുണ്ടെന്നു പറയാം അതിൽ. ഭാവിയുടെ വിശ്വാസം സഹകരണത്തിലാണു്, സമീകരണത്തിലല്ല; സഹവർത്തികളെ സഹായിക്കുന്നതിലാണു്, അവരെ അനുകരിക്കുന്നതിലല്ല; സഹിഷ്ണുതയിലാണു്, സർവ്വാധിപത്യത്തിലല്ല.

# 2. പ്രതികൂലഫലങ്ങൾ

## മതം

മതത്തിൻെറ മണ്ഡലത്തിൽ ചുററുപാട്ടുകൾ പടിഞ്ഞാററിനേക്കാൾ ഒട്ടും കുറയാത്ത വിധത്തിൽതന്നെ ഉൽക്കണ്ഠാവഹമാണ് കിഴക്ക്. മനോവിജ്ഞാനീയം, സാമൂഹ്യവിജ്ഞാനീയം, ജീവവിജ്ഞാനീയം, നരവംശവിജ്ഞാനീയം തുടങ്ങിയ ശാസ്ത്രങ്ങൾ ഒരോ പൌരാണികമതത്തിന്റേയും യാഥാസ്ഥിതികതത്ത്വസംഹിതയുടെ അടിത്തറ തുരന്നുകൊണ്ടിരിക്കുകയാണ്. വിവിധങ്ങളായ മതാനുഭവവിവരണങ്ങൾ ദൈവം മനുഷ്യമനസ്സിൻെറ നിഴലാണ്, മനുഷ്യഹൃദയത്തിൻെറ ഒരു സ്വപ്നമാണ് എന്നിങ്ങനെ ഇന്ന് പരിഷ്ക്കാരമായിത്തീന്നിട്ടുള്ള നൂതനവീക്ഷണത്തെ പിന്താങ്ങുന്നു. പരലോകത്തെക്കുറിച്ച് നമ്മളോട്ടു സംസാരിക്കുന്ന പ്രതിഭാശാലികളായ മതപണ്ഡിതന്മാരെ മാനസികചികിത്സാലയത്തിലെ പരിശോധനക്ക് വിധേയരാക്കേണ്ടതാണ്. ആധുനികമനസ്സിനെ ബോദ്ധ്യപ്പെടുത്തുവാൻ പഴയ വാദഗതികൾക്ക് കഴിവില്ല. എല്ലാററിനും ഒരു കാരണമുണ്ടെങ്കിൽ ദൈവത്തിനുമുണ്ട് ഒന്ന്. നിർഹേതുകമാണ് ദൈവമെങ്കിൽ ലോകവും ഹേതുവില്ലാതെതന്നെ ഉണ്ടാകാം. നമ്മുടേതുപോലെ അപൂർണ്ണമായ ഒരു പ്രപഞ്ചം ത്രാണിയും വൈദഗ്ദ്ധ്യവും ഉള്ള ഒരു ദൈവത്തിൻെറ സൃഷ്ടിയാവാൻ നിവൃത്തിയില്ല. ചരിത്രം ദൈവചൈതന്യത്തിന് സാക്ഷ്യം വഹിക്കുന്നില്ല. എം. ലോയിസി (Loisy) നിരീക്ഷിക്കുന്നു: "ചരിത്രകാരൻ ഈശ്വരനെ ചരിത്രത്തിൽനിന്നു മാററിനിറുത്തുന്നില്ല. അദ്ദേഹത്തെ അവിടെ കണ്ടുമുട്ടുന്നില്ല അയാളൊരിക്കലും." എല്ലാ തെററുകളും പരിഹരിക്കുകയും കണ്ണുനീർ തുടക്കുകയും ചെയ്യുന്ന, കുറെക്കൂടി നീതിപൂർവ്വമായ ഒരു ലോകത്തിന്നായുള്ള നമ്മുടെ അഭിലാഷം എന്തിനേയെങ്കിലും കുറിക്കുന്നുണ്ടെങ്കിൽ അത് ഈ ലോകത്തിൻെറ നീതിരഹിതമായ സ്വഭാവത്തെയാണ്. "ഇതാ അദ്ദേഹം ഇവിടെയുണ്ട്," "നോക്കു, അദ്ദേഹം അവിടെയുണ്ട്" എന്ന് ചൂണ്ടിപ്പറയുവാൻ സഹായകമായി ഈശ്വരൻെറ അസ്തിത്വത്തെക്കുറിച്ച് പ്രത്യക്ഷമായ യാതൊരു തെളിവും ഉണ്ടാകുന്നില്ല. മനുഷ്യർ ഏതെങ്കിലും സൂചനകളാവശ്യപ്പെട്ടപ്പോളുള്ള ദൈവത്തിൻെറ മൌനം നിരീ

ശ്വരത്ത്വത്തിന്നു് തെളിവാണു്. ഇങ്ങനെയെല്ലാമായിട്ടും ചിലർ ഈശ്വരവിശ്വാസത്തോടു അങ്ങേയററം ഒട്ടിനില്ക്കുന്നുവെങ്കിൽ അതിൽ വിസ്മയിക്കുകയല്ല, പശ്ചാത്തപിക്കുകയാണു് വേണ്ടതു്. മുങ്ങിച്ചാകാൻപോകുന്നവൻ മുറുകെ പ്പിടിക്കുന്ന വൈക്കോലിഴയേക്കാൾ ദുർബ്ബലമാണു് അവരുടെ വിശ്വാസം, സ്ഥാപിതതാൽപര്യമുള്ള മതതത്ത്വജ്ഞന്മാർ എന്തുതന്നെ പറഞ്ഞാലും.

പ്രതിക്രിയ ചെയ്യാൻ ദാഹിക്കുന്ന, അല്ലെങ്കിൽ ശത്രുവുമായി കരാറിലേർപ്പെടുന്ന, അനന്തവും അജ്ഞേയവുമായ യാതനയാൽ മനുഷ്യരെ ശിക്ഷിക്കുകയും പിന്നീടു ഭാവംമാറി ലോകാരംഭത്തിനു് മുമ്പു് മുൻവിധി ചെയ്തിട്ടുള്ളതുപ്രകാരം സ്വയം കനിഞ്ഞു് അയഥാർത്ഥമായ അനീതികൾക്കു് കൃത്രിമപരിഹാരം കണ്ടെത്തുകയും ചെയ്യുന്ന, കോപിഷ്ഠനായ ഒരു ഈശ്വരനെക്കുറിച്ചു് കഥകൾ കെട്ടിച്ചമയ്ക്കുന്ന മതശാസ്ത്ര സമ്പ്രദായങ്ങൾ മനുഷ്യൻെറ ക്ഷണവിശ്വാസശീലത്തിൽ വ്യാപരിക്കുകയാണു്. ലോകത്തിൻെറ ശൈശവത്തിലെ യക്ഷികഥകൾ മാത്രമാണു് ഈ അതിമാനുഷകഥകൾ. ഭൂതകാലത്തെ പാഠ്യഗ്രന്ഥങ്ങൾ വർത്തമാനത്തിൻെറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വളരെയൊന്നും സഹായകമാകുന്നില്ല. ആധുനികാവശ്യങ്ങൾക്കു് ഉതകുമാറു് പ്രാക്തനശാസ്ത്രപ്രമാണങ്ങൾ വ്യാഖ്യാനിക്കുവാനുള്ള എതു് പരിശ്രമവും ഭൂതകാലത്തോടുള്ള ആദരവാണു് കാണിക്കുക, ബുദ്ധിപരമായ സത്യസന്ധതയല്ല. മതം ബാലമനസ്സുകളുടെ മാർഗ്ഗണമാണു്. അതിനോടു് ഒരു ബന്ധവുമില്ല, ധീരമതികളായ ചിന്തകന്മാർക്കു്. ദൈവമില്ല. നന്മയേയും തിന്മയേയും ഗണിക്കാത്ത, കേവലം നിർവ്വികാരമായ ഒരു നിയതിയുടെ ഉപകരണം മാത്രമാണു് നാം. അതിൻെറ പിടിയിൽ നിന്നുള്ള മോചനം കൂരിരുളിലേക്കുള്ള പതനമാണു്.

ദൈവമുണ്ടെന്നതിനു് അനുകൂലമായ തെളിവില്ലെങ്കിലും ദൈവമില്ലെന്നുറപ്പിക്കുവാൻ വയ്യെന്നു് അഭിപ്രായപ്പെടുന്ന വേറെ ചിലരുണ്ടു്. നമുക്കു് ഒന്നും ഉറപ്പിക്കാതിരിക്കുക, ഒന്നും നിഷേധിക്കാതേയും. മതവുമായി കൂടുതൽ രമ്യത വേണമെന്നുള്ളവർ വിഷമാവസ്ഥയിൽ ഈശ്വരനെ ഉപേക്ഷിക്കാൻ മനസ്സു് വരാതെ അദ്ദേഹത്തിനു് സംശയത്തിൻെറ ആനുകൂല്യം നൽകുന്നു. ദൈവം ആരാണെന്നോ എന്താണെന്നോ അറിവില്ലാതിരിക്കെ ഒരു സാധാരണ മർത്ത്യൻ ദൈവമില്ലെന്നു പറയുന്നതു് അസംബന്ധമാണെന്നു

വിട്ടുവീഴ്ചയില്ലാത്ത അജ്ഞേയവാദി (Agnostic) അഭിപ്രായപ്പെടുന്നു. ആസ്തികവാദം, യാഥാസ്ഥിതികമായ ആസ്തികത്വം-ഈ രണ്ടു നിശ്ചിതപ്രമാണങ്ങളുടേയും മദ്ധ്യത്തിലാണ് അയാളുടെ നില. ഇരുകൂട്ടരുടേയും ആത്മവിശ്വാസം അയാൾക്കില്ല. പ്രശ്നം തനിക്കതീതമാണെന്ന് അയാൾ വിചാരിക്കുന്നു.

ദൈവത്തിലുള്ള വിശ്വാസം, അല്ലെങ്കിൽ അദൃശ്യലോകവുമായുള്ള സംവാദം എന്ന നിലയിൽ മതം നിഷ്പ്രയോജനമാണെങ്കിലും ആസ്തികവാദത്തിൻെറ പ്രായോഗികമൂല്യത്തിൽ ചിലർ വിശ്വസിക്കുന്നു. ആത്മാവിൻെറ മോക്ഷപ്രാപ്തിയിലേക്കാൾ ലോകത്തിൻെറ അഭ്യുദയത്തിലാണ് നമുക്കു താൽപര്യം. സാമൂഹ്യശക്തിക്കും ശ്രേയസ്സിനും സഹായകമായതിനാൽ രണ്ടാമത്തെ കാര്യത്തിന് മതം പ്രയോജനപ്പെട്ടുത്താം.

മതവിശ്വാസമുള്ള ഓരോ ജനസമൂഹത്തിലേയും ഭൂരിഭാഗം പേരും ചിന്തിക്കുക എന്ന ക്ലേശം കൂടാതെ മതത്തിൻേറതായ സൗഖ്യങ്ങൾ വേണമെന്നാഗ്രഹിക്കുകയും അന്ധമായ വിശ്വാസത്തെ ശരണം പ്രാപിക്കുകയും ചെയ്യുന്നു. അവരുടെ വീക്ഷണത്തിൽ മനുഷ്യാനുഭവജന്യമായ സഞ്ചിതവിവേകം സമസ്തവും ഉൾക്കൊള്ളുന്ന ഭൂതകാലത്തിലേയ്ക്കാണ് അവരുടെ ദൃഷ്ടികൾ തിരിയുന്നത്. മരിച്ചവരാണ് യഥാർത്ഥത്തിൽ ജീവിക്കുന്നത്. അവർ ഭരിക്കുന്നു ജീവിക്കുന്നവരെ, അത്രതന്നെ. ആത്മീയസ്വാതന്ത്ര്യം നേടുവാനുള്ള യത്നത്തിൽ പലരും അമിതമായ വ്യക്തിപരതയിൽ അഭയം തേടുന്നു. മററുള്ളവർ പ്രാകൃതികതാവാദത്തിലേക്കു (Naturalism) പോകുന്നു. ചിലർ സംശയാത്മകത്വവും നിഷേധവുംകൊണ്ടു് സംതൃപ്തരാണ്. ക്രമരാഹിത്യത്തിൻെറ വാഴ്ച!

## കുടുംബജീവിതം

കഴിഞ്ഞ യുദ്ധത്തിൻെറ ഫലമായുണ്ടായ വ്യവസ്ഥിതി ശൈഥില്യം, പ്രായം വൈകിയുള്ള വിവാഹത്തിന് അനുകൂലമായ സാമ്പത്തികസ്ഥിതി, ആത്മാവിഷ്കാരത്തിനുള്ള ആസക്തി, ദുർബ്ബലമായിത്തീർന്ന പിതൃനിയന്ത്രണം, (Parental Control) അപര്യാപ്തമായ ലൈംഗികവിദ്യാഭ്യാസം, ഫ്രോയിഡിൻെറ മനശ്ശാസ്ത്രം, നൈസർഗ്ഗികമായ അനന്തരഫലത്തെക്കുറിച്ചുള്ള ഭയത്തിൽനിന്നു് മോ

ചിപ്പിക്കുന്ന ജനനനിയന്ത്രണമാർഗ്ഗങ്ങളെ സംബന്ധിച്ച പരിജ്ഞാനം — തുടങ്ങി ഒട്ടനവധി വസ്തുതകൾ നമ്മുടെ ജീവിതപ്രമാണങ്ങൾക്കു് ഒരു ശൈഥില്യം വരുത്തിയിട്ടുണ്ടു്. പുരുഷന്മാക്കു് ബാധകമായതിൽനിന്നു് വ്യത്യസ്തമായ സംഹിതകൾക്കു് വഴങ്ങാൻ സ്ത്രീകൾ ന്യായമായും കൂട്ടാക്കുന്നില്ല, പുരുഷന്മാരുടേയും സ്ത്രീകളുടേയും പ്രകൃതിക്കു്, അല്ലെങ്കിൽ മനസ്സിനു്, മൗലികമായ വ്യത്യാസം ഉണ്ടെന്ന പഴയ ആദശം തിരസ്കൃതമായിരിക്കുന്നു. സ്ത്രീകൾ കൈക്കൊള്ളണമെന്നു് പുരുഷന്മാർ പ്രേരിപ്പിച്ചിരുന്ന കന്യാത്വാദശങ്ങളുടെ പ്രാബല്യവും വളരെ കുറഞ്ഞിട്ടുണ്ടു്. പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകളും നിയതചര്യകളേക്കാൾ പുതുമയും വൈചിത്ര്യവും ഇഷ്ടപ്പെടുന്ന തരളവികാരങ്ങളോടു കൂടിയ തന്നിഷ്ടക്കാരാണെന്നു് പറയപ്പെടുന്നു. അവർ വളരെ വിജയപൂർവ്വം ശക്തിയായി നിഷ്ക്കഷിക്കുന്നു നമ്മേക്കാൾ ഉയന്നവരോ താഴ്ന്നവരോ ആകാതെ സ്ഥൈര്യത്തിലും അസ്ഥിരതയിലും നമ്മോടു തുല്യരാകുവാൻ. ലൈംഗികജീവിതത്തിലെ സ്വേച്ഛാവൃത്തി ഒരു പഴയ ശീലമാണു്. മനുഷ്യവംശത്തോളം തന്നെ പഴക്കമുണ്ടതിനു്. എന്നാൽ നാമതിനു് ആത്മാവിഷ്കാരം എന്നപുതിയ പേരു് നൽകി സാധൂകരിക്കുന്നു. നല്ല കഥാസാഹിത്യത്തിൽ ഈ വിഷയത്തിലുള്ള നിരങ്കുശത്വം യോഗ്യമായി വാഴ്ത്തപ്പെടുന്നുണ്ടു്. ഉന്നതസാമൂഹ്യവൃത്തങ്ങളിൽ അതു് അംഗീകരിക്കപ്പെടുകയും ചെയ്യുന്നുണ്ടു്. * ദാരിദ്ര്യത്താൽ 'പാപം' ചെയ്യുന്ന സ്ത്രീയെ ആ

---

* "ആധുനിക യുവത്വത്തിന്റെ വിപ്ലവം" എന്ന വിപ്ലവകരമായ ഗ്രന്ഥത്തിൽ ഇരുപത്താറിലധികം വഷങ്ങൾ കൊളോറാഡോവിലെ ഡിൻവേറിൽ (Denver) യുവജനങ്ങളേയും കുടുംബകാര്യങ്ങളേയും സംബന്ധിച്ചുള്ള വിചാരണകൾ ചെയ്യുന്ന കോടതിയുമായി ബന്ധപ്പെട്ട ന്യായാധിപനായ ബി.ലിൻറ്സേ (Ben B. Lindsey) പതിനാലും പതിനേഴുംവയസ്സിനിടക്കുള്ള പത്തുപേരിൽ ഒരു പെൺകുട്ടി എന്നതോതിൽ ലൈംഗികമായ അകൃത്യത്താൽ കുററവാളിയാണെന്നും, പതിനേഴിനും ഇരുപത്തൊന്നിനും ഇടക്കുള്ളവരിൽ കുററവാളികളുടെ ശതമാനം വളരെ കൂടുതലാണെന്നും കണക്കാക്കിയിരിക്കുന്നു. 'പാർട്ടികൾക്കും നൃത്തത്തിനും പോകുന്നവരും മോട്ടോർ വാഹനങ്ങളിൽ ഒരുമിച്ചു സവാരി ചെയ്യുന്നവരുമായ യുവജനങ്ങളിൽ 90 ശതമാനത്തിലധികം പേരും ചുംബനാശ്ലേഷങ്ങളിൽ മുഴുകുന്നവരാണു്. അങ്ങിനെ തുടങ്ങുന്നവരിൽ 50 ശതമാനമെങ്കിലും സ്വയം നിയന്ത്രിച്ചു് അവിടെത്തന്നെ നിർത്താത്തവരുമാണു്. ഡെൻവാറിനെസംബന്ധിക്കുന്ന ഈ പരമാത്ഥം ഐക്യരാഷ്ട്രങ്ങളിലെ എല്ലാ നഗരങ്ങളേയും പട്ടണങ്ങളേയും സംബന്ധിച്ചു കുറെക്കൂടി സത്യമാണു്:" എന്നു അദ്ദേഹം പ്രഖ്യാപിക്കുന്നുണ്ടെങ്കിലും പരിതസ്ഥിതികൾ അത്രതന്നെ ചീത്തയല്ലെന്നു് വിചാരിക്കാനും, ഈ ചിത്രം അല്പം അതിശയോക്തി കലന്നതാണെന്നു് വിശ്വസിക്കുവാനുമാണു് നാം ആഗ്രഹിക്കുന്നതു്.

തൊഴിലിൽനിന്നും ഓടിക്കുന്നു, സ്ഥിരംതൊഴിലാക്കാതെ മനഃസ്സാക്ഷി സൂക്ഷിച്ചുകൊണ്ടുതന്നെ കാമിതത്തിൽ മുഴകുവാൻ തുനിഞ്ഞിറങ്ങുന്നവർ. കേവലം കാമാസക്തികൊണ്ടല്ല പലരും പാപം ചെയ്യുന്നതു്. വിവാഹം കഴിഞ്ഞ സ്ത്രീക്കു് കാമുകന്മാരുണ്ടായിരിക്കണമെന്ന തോന്നലുകൊണ്ടാണു്. ലൈംഗികജീവിതത്തിലെ നിയന്ത്രണരാഹിത്യം ഒരു സാമൂഹ്യകർത്തവ്യമായിത്തന്നെ പരിഗണിക്കപ്പെട്ടുന്നുണ്ടു് ചില വൃത്തങ്ങളിൽ. സാമൂഹ്യനിയമങ്ങൾ പുരുഷന്മാക്കനുകൂലവും സ്ത്രീകൾക്കു പ്രതികൂലവുമായിരിക്കയാൽ ഭൂരിഭാഗം സ്ത്രീകളും അവ അനുസരിക്കാൻ ആഗ്രഹിക്കുന്നില്ല. എത്രതന്നെ ശിഥിലവും ഭാഗികവും തന്മൂലം നീതിരഹിതവുമായിരുന്നാലും ഈ നിയമങ്ങളെ എതിക്കുന്നതു് ആപൽക്കരവും ശ്രമാവഹവുമാണു്. സാമ്പത്തികസ്വാതന്ത്ര്യം, വിവാഹത്തിൻെറ കെട്ടുകളിൽനിന്നും മാതൃത്വത്തിൻെറ ഉത്തരവാദിത്വത്തിൽ നിന്നുമുള്ള മോചനം, ഇവയാണു് വളന്നുവരുന്ന ചുറുചുറുക്കുള്ള തലമുറയിലെ വളരെയധികം യുവതികളും അഭിലഷിക്കുന്നതു്. വിവാഹമോചനങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. അഭിഭാഷകന്മാർവഴി മാത്രം പരസ്പരസമ്പക്കം പുലത്തുന്ന മാതാപിതാക്കന്മാരുടെ നടുക്കു് കുട്ടികളെ അങ്ങോട്ടും ഇങ്ങോട്ടും പിടിച്ചുന്തുകയാണു്.

ഈ അവസരത്തിൽ നാലു വിഭിന്നഭാവങ്ങൾ സ്വയം പ്രകടമാകുന്നുണ്ടു്. മൗലികപ്രമാണങ്ങൾ മുറുകെപ്പിടിക്കുന്ന യാഥാസ്ഥിതികപക്ഷക്കാർ പരമ്പരാഗതമായ അഭിപ്രായങ്ങൾ വീണ്ടും ഊന്നിപ്പറയുന്നു. പ്രേമശൂന്യമായ വിവാഹം ശോചനീയമാണെങ്കിൽ, വിവാഹം കൂടാതുള്ള പ്രേമം ഭൂമിയിലെ നരകമാണെന്നു് സഗൌരവം പ്രഖ്യാപിക്കുന്നു. അപവിത്രമായ സംയോഗം പ്രേമത്താൽ കുറവു് നികത്തപ്പെട്ടതായാലും ഒരു പാപമായിരിക്കെ, ഏതു തരത്തിലുള്ള വിവാഹവും, അതു് അങ്ങേ അററം പ്രേമശൂന്യമായിരുന്നാൽ കൂടി, ഒരു പുണ്യമാണു്.

പരിണാമിയായ ഒരു ലോകത്തിനു് സ്ഥിരമായ നിയമസംഹിത അസംഭാവ്യമാണെന്നു് സാമുദായികാദർശവാദികൾ പറയുന്നു. ആശയവാദത്തിൻെറ ഔന്നത്യങ്ങളിൽ വളരെനേരം തങ്ങുന്നതുകൊണ്ടു് പ്രയോജനമില്ല. പ്രായോഗികതയുടെ സമതലത്തിലേക്കിറങ്ങിവന്നാൽ, ഉച്ചത്തിൽ ഘോഷിക്കുന്ന സിദ്ധാന്തങ്ങളും പ്രവൃ

ത്തിയിലെ ക്രമശൈഥില്യവും തമ്മിലുള്ള വൈരുദ്ധ്യം നമുക്കു
ദർശിക്കാം. നമ്മുടെ യാഥാസ്ഥിതികവീക്ഷണം വളരെയധികം
സ്ത്രീകൾക്കും സംതൃപ്തികരമായ ലൈംഗികജീവിതം നൽകുന്നില്ല.
ഗ്രേററ് ബ്രിട്ടനെപ്പോലുള്ള ഒരു രാജ്യത്തിൽ, ഉദാഹരണമായി
നോക്കിയാൽ, പുരുഷന്മാരേക്കാൾ ഇരുപതു് ലക്ഷം സ്ത്രീകൾ കൂട
തലുണ്ടു്. മതനിഷ്ഠമായ ജീവിതത്തിലുള്ള വിശ്വാസം കുറഞ്ഞു
വരുന്നതു് അധികമുള്ള സ്ത്രീകളെ സന്യാസമാർഗ്ഗത്തിലേക്കു്
ചേർക്കുന്നതിനുള്ള സാദ്ധ്യതകൾ ചുരുക്കിക്കളയുന്നു. ഈ ചുററു
പാടുകളിൽ ഏകപത്നിത്വം എന്ന ആദർശത്തിൽ നാം നിഷ്കർഷ
പൂണ്ടാൽ വളരെയധികം സ്ത്രീകളെ ബ്രഹ്മചര്യത്തിലേയ്ക്കു്
തള്ളിവിടുകയായിരിക്കും. നിർബ്ബന്ധമായ ബ്രഹ്മചര്യം ഒരു വൈരു
ദ്ധ്യമാണു്. മാമൂൽ നിയമങ്ങളുടെ ഈ ബലിമൃഗങ്ങൾക്കു് ലൈം
ഗികമായി പട്ടിണി കിടക്കുവാൻ ഔത്സുക്യമൊന്നുമില്ല. ചിലർ
സ്വാഭാവികമായും ഞരമ്പുരോഗികളായിത്തീരുന്നു. കാരണം,
ക്ഷുധാർത്തമായ ഇന്ദ്രിയങ്ങൾക്കു് ഉദ്വിഗ്നമായ ആത്മാവെന്നാണ
ർത്ഥം. വിവാഹം കഴിക്കാൻ സാധിക്കാത്ത മിക്കവരും ലൈംഗികവാ
സനകളെ പ്രകടിപ്പിക്കുവാൻ മററു മാർഗ്ഗങ്ങൾ കണ്ടെത്തുന്നു. ക്രമ
ക്കേടുകളുടെ നേരെ കണ്ണടക്കാൻ കടപ്പെട്ടുപോകുന്നു നാം. ബഹു
ഭാര്യത്വം നിയമവിരുദ്ധമായിരുന്നിട്ടും അതു് യഥാർത്ഥത്തിൽ നട
ന്നുവരുന്നുണ്ടു്. അശ്ലീലതയും കാപട്യവും രോഗവും ഊട്ടിവ
ളർത്തി ബഹുഭാര്യത്വം അതുമായി ബന്ധപ്പെട്ട എല്ലാവരേയും അധഃ
പതിപ്പിക്കുന്നു. മരണം വേർപിരിക്കുന്നതുവരെ ഒരുമിച്ചിരിക്കണ
മെന്നു് യുവജനങ്ങളെക്കൊണ്ടു് ശപഥം ചെയ്യിക്കുന്നതും ബുദ്ധി
പൂർവ്വമല്ല. നിതാന്തമായ ബാദ്ധ്യതയെക്കുറിച്ചുള്ള ഒരു ഉടമ്പടി
യുടെ അഭാവത്തിൽമാത്രമേ പ്രേമം സുരക്ഷിതമായിരിക്കു. ‘പരീ
ക്ഷണവിവാഹങ്ങൾ’ മാത്രമാണെന്നു തോന്നുന്നു സാമൂഹ്യമായ
ശാന്തി കൈവരാൻ ഏകപരിഹാരമാർഗ്ഗം.

സന്ദേഹവാദികൾക്കു് ഉറപ്പുണ്ടു് നമുക്കു് ഭൂതകാലത്തിലേയ്ക്കു്
മടങ്ങാനാവില്ലെന്നു്. എന്നാൽ വർത്തമാനം അവരെ നിരാശരാ
ക്കുന്നു. വിവാഹമോചനക്കോടതികൾ പുതിയ സങ്കലനത്തിനു്
സ്വാതന്ത്ര്യം നൽകിക്കൊണ്ടു് ആരോഗ്യദായകമായ മാതൃകകളോ
പിതൃനിയന്ത്രണമോ ഇല്ലാത്ത പുതിയ വീടുകളോടു് കുട്ടികളെ
അങ്ങുമിങ്ങും ഒട്ടിച്ചുചേർത്തുകൊണ്ടു് കുടുംബം വികസിപ്പിക്കു

ന്നതു കാണുമ്പോൾ അവർ നിരാശരായി കൈ മലത്തുന്നു. ഈ ചുററുപാടിൽ എന്താണു് ചെയ്യേണ്ടതെന്ന അവർക്കറിഞ്ഞുകൂടാ. അനിവാര്യമായ അവസ്ഥകൾ കീഴടങ്ങുന്ന അവർ. എന്തോ ഒന്നു കാത്തുകൊണ്ടു് ഒഴുക്കിൽ അലയുകയാണവർ, പുരോഗമിക്കുകയല്ല.

ജീവിതത്തിൻെറ ലക്ഷ്യം ജീവിതമാണെന്നു ധീരാത്മക്കൾ പ്രഖ്യാപിക്കുന്നു. ജീവിക്കുവാൻ ഭയപ്പെടുന്ന ഭീരുക്കളോടു് അനുതപിക്കയാണു് വേണ്ടതു്. കാരണം ജീവിതത്തിൻെറ ഉത്തേജനവും ആഹ്ലാദവും അവർക്കു് നഷ്ടപ്പെടുന്നു. അക്കൂട്ടർ ജീവിതത്തിൽക്കൂടി വേച്ചുവേച്ചു നടക്കുകയാണു്, കണ്ണു തുറന്നു അതിനെ അഭിമുഖീകരിക്കാതെ. അപൂർവ്വമായ ആഹ്ലാദത്തോടെയാണു് ധീരപുരുഷന്മാർ 'പാപം' ചെയ്യുന്നതു്. വികാരത്തിൻെറ സാധൂകരണം വികാരം തന്നെയാണു്. ശരീരത്തിൻെറ നിർദ്ദോഷമായ ആനന്ദങ്ങൾ ആത്മദൂഷണങ്ങളാകുന്നില്ല. ബുദ്ധിപരമായ അടുപ്പവും ആത്മീയബന്ധവുമുള്ളവരായി 'ശാരീരികധാരണ'യുളവാക്കുന്നതിൽ തെററൊന്നുമില്ല. മനുഷ്യർ ചിലതൊക്കെ ശരിയായും ചിലതൊക്കെ തെററായും ഗണിക്കുന്നുണ്ടാവും. എന്നാൽ പ്രകൃതി എല്ലാം സമമായി ഗണിക്കുന്നു. പ്രാകൃതികമായ നിരീശ്വരവാദം സ്വീകരിച്ചുകൊണ്ടു് അവർ സ്ഥാപിക്കുന്നു, അഭിമതമായി ഒരു മനുഷ്യഘടന രൂപം കൊള്ളുമാറു് നൈമിഷികമായി സമ്മേളിച്ചിട്ടുള്ള യാന്ത്രിക ശക്തികൾ തമ്മിൽ ചേരുമ്പോളുണ്ടായിരുന്ന അതേ ഉദാസീനഭാവത്തോടുകൂടി ഒരു ദിവസം വേർപിരിഞ്ഞുപോയേക്കാമെന്നും, അവസരം ഇപ്പോഴും തുറന്നിരിക്കുന്നതിനാൽ അതു് മുറുകെപ്പിടിക്കയാണു് വേണ്ടതെന്നും. നമുക്കു പൂർണ്ണമായി, സുന്ദരമായി, ധീരമായി ജീവിക്കണമെങ്കിൽ മരണം തട്ടിപ്പറിക്കുന്നതിനു് മുമ്പു് ജീവിതചഷകം അടിവരെ ആസ്വദിക്കണം. ഈ ചിന്താഗതി വളർത്തുന്നവർക്കു് ആരും സ്വന്തം തൃഷ്ണകൾ മറച്ചുവെയ്ക്കുന്നതു് ശിഷ്ടാചാരലക്ഷണമല്ല. നിരോധങ്ങളും ഗോപനങ്ങളുമാവശ്യമില്ല. ജീവിതം ഒരു സാഹസവൃത്തിയാണു്; ശക്തി വ്യാപരിപ്പിക്കുക-അതൊന്നേയുള്ളു ഗുണകരമായി. പഴയ സദാചാരനിയമങ്ങൾ ഉയർത്തിപ്പിടിക്കുന്നവർ രക്തവ്യാമർദ്ദം കൊണ്ടുള്ള പീഡ അനുഭവിക്കുന്നവരാണു്; തങ്ങളുടെ പ്രകൃതി യാതൊരു പ്രതികരണവും ഉളവാക്കാത്ത മാനസിക പ്രേരണകൾക്കു് മററു സാധാ

രണ മനുഷ്യർ വഴങ്ങാത്തതെന്തുകൊണ്ടാണെന്ന് മനസ്സിലാക്കാൻ കഴിയാത്തവരുമാണ്. നിരങ്കുശമായ ഈ വ്യക്തിപരതയുടെ വക്താക്കൾ അവരുടെ ഈപ്സിതങ്ങൾക്കുണ്ടാവുന്ന ഏതു നിരോധത്തിലും അസഹിഷ്ണുക്കളും സ്വന്തം ജീവിതത്തിന്റെ നിർവ്വിഘ്ന മായ ഗതി തടസ്സപ്പെടുത്തുന്ന ഏതു് അവകാശത്തിന്റെ നേരെയും അമർഷം കൊള്ളുന്നവരുമാണ്. അർത്ഥശൂന്യമായ ഒരു പഴഞ്ചൻ സമ്പ്രദായമായി അവർ സാന്മാർഗ്ഗികനിയന്ത്രണങ്ങളെ പുറംതള്ളുന്നു. ജാരവൃത്തി ആന്തരികമായ സ്വാതന്ത്ര്യത്തിന്റെ ബാഹ്യ ലക്ഷണമാണ്. പ്രതിഷ്ഠാപിതസ്ഥാപനങ്ങളാണ് ജീവിതത്തിന്റെ ഏററവും കരുത്തുററ ശത്രുക്കൾ. അതുകൊണ്ടു് അവ മാററിയേ തീരു, കുറെക്കൂടി നല്ല സാമൂഹ്യക്രമം പണിതെടുക്കുന്നതിന്നു് മുമ്പ്.

## സാമ്പത്തികബന്ധങ്ങൾ

വ്യക്തികളുടെ പ്രവത്തനങ്ങളിൽ ഗവണ്മെണ്ട് കൈയിടാതിരിക്കുക എന്ന സിദ്ധാന്തത്തിന്റെ അടിസ്ഥാനം നഷ്ടപ്പെട്ടുകയാണു്. മുടമ്പടികളിലും മത്സരങ്ങളിലുമേർപ്പെടാനുള്ള സ്വാതന്ത്ര്യത്തിന്റെ ശക്തിയാൽ സ്വയം പ്രവത്തിക്കുന്ന ഒരു യന്ത്രമായി സമുദായത്തെ കരുതാൻ പാടില്ല. സാമ്പത്തികമായ വ്യക്തിപരത, എത്രയായാലും സംതൃപ്തിപ്പെടാത്ത ജീവിതവും ഭോഗസമൃദ്ധിയും നിറഞ്ഞ പരിമിതമായ ഒരു ഉന്നതതലത്തേയും ദാരിദ്ര്യവും കഷ്ടപ്പാടുകളും നിറഞ്ഞ വിസ്തൃതമായ ഒരു താഴ്ന്ന തലത്തേയും സൃഷ്ടിച്ചിട്ടുണ്ടു്. അനിവാര്യമല്ല ഈ അവസ്ഥകൾ. നമുക്ക് നിയന്ത്രിക്കാൻ കഴിയാത്ത ബാഹ്യപരിതസ്ഥിതികളാണ് വ്യക്തിയേയും സമുദായത്തേയും കരുപ്പിടിപ്പിക്കുന്നതെന്ന തീപ്പ് സാമാന്യമായി അംഗീകരിക്കപ്പെട്ടിട്ടില്ല.

യാന്ത്രികമായ വിരസവൃത്തിയിൽനിന്നു് നമ്മെ മോചിപ്പിക്കുകയും, സാംസ്കാരികവും കലാപരവും ആയ പരിശ്രമങ്ങൾക്കു് കൂടുതൽ സമയം നൽകുകയും ചെയ്യും യാന്ത്രോപകരണങ്ങൾ എന്നാണ് വിചാരിച്ചിരുന്നതു്. നിശ്ചയമായും മനുഷ്യപ്രയത്നം ലഘൂകരിച്ചിട്ടുണ്ടു് അവ. ഒപ്പം നമ്മുടെ ദാസ്യവൃത്തി ഏറെക്കുറെ വർദ്ധിപ്പിച്ചിട്ടുമുണ്ടു്. കൃത്യമായ തൊഴിൽ വിഭജനത്തെ അടിസ്ഥാ

നമാക്കിയുള്ള ആധുനിക വ്യാവസായിക സമ്പ്രദായം തൊഴിലാളികളുടെ കരകൌശലബോധം കവൎന്നെടുത്തിരിക്കുന്നു. നിശ്ശബ്ദത, സൌന്ദര്യം, ഉപാസന ഇവയൊന്നും തൊഴിൽശാലയിൽ സ്ഥാനമില്ല. കൈത്തൊഴിൽകാരൻ ഒരു യന്ത്രപ്രവൎത്തകനായി, വൻതോതിലുള്ള ഉത്പാദനം എന്ന ലക്ഷ്യം പ്രാപിക്കുന്നതിനുള്ള ഒരു വെറും ഉപകരണം മാത്രമായിത്തീൎന്നിരിക്കുന്നു. വൈചിത്ര്യശൂന്യമായ ജോലി അയാളുടെ മനസ്സിൽ ഒരു താത്പര്യവും ഉളവാക്കാതെ ശരീരം തളൎത്തിക്കളയുന്നു. സൃഷ്ടിപരമായ വിദഗ്ദ്ധകൃത്യം ഉത്പാദിപ്പിക്കുന്ന ബുദ്ധിവികാസവും മനോവികാസവും ഇന്നു് ഇതര വ്യാപാരങ്ങളിലാണു് അന്വേഷിക്കുന്നതു്. തൊഴിലാളികൾ അവരുടെ സൌഖ്യം കണ്ടെത്തുന്നതു് തൊഴിലിലല്ല, തൊഴിലിനു പുറത്താണു്. അവർ ഉയൎന്ന വേതനവും കൂടുതൽ ഒഴിവും വിദ്യാഭ്യാസത്തിനും വിജ്ഞാനസമ്പാദനത്തിനും വിനോദത്തിനും വിശ്രമത്തിനും ഉള്ള അവസരങ്ങളും അവകാശപ്പെടുന്നു. എന്നാൽ പണിപ്പെട്ടു നേടുന്ന ഈ ഒഴിവുസമയം വളരെ പണച്ചിലവുള്ള മാനസോദ്ദീപനങ്ങൾക്കായി പാഴാക്കുന്നു. ടൈംസ്ക്വയറും (Times Square) പിക്കാഡില്ലി സൎക്കസ്സും (Piccadily Circus) ചൌറംഗിയും (Chouringhee) ഒഴിവുസമയം എന്നൊന്നില്ലാതാക്കുവാനും അങ്ങിനെ നിത്യജീവിതത്തിന്റെ മരവിച്ച ശൂന്യതയിൽനിന്നു് തെല്ലൊരു മോചനം നല്കുവാനുമായി വളരെ ധനവ്യയം വരുന്ന വിനോദവിഭവങ്ങൾ ആസൂത്രണം ചെയ്തുകൊണ്ടു് രാപ്പകൽ പാടുപെടുന്നു. *പ്രയത്നവേളകളിൽ വിഫലമാകുകയോ വിമൎദ്ദിക്കപ്പെടുകയോ ചെയ്യുന്ന ഉൽകൃഷ്ടപ്രേരണകളെ സംതൃപ്തിപ്പെടുത്തുന്നതിനല്ല വിശ്രമവേള പ്രയോജനപ്പെടുത്തുന്നതു്. ഇതൊരനുഗ്രഹമാണോ? ഫാക്ടറിത്തൊഴിലാളികൾ നഗരത്തിലെ വൃത്തികെട്ട മൂലകളിൽ പാൎക്കുന്നു. പൊതുമന്ദിരങ്ങളിലും വിനോദപരിപാടികളുള്ള ഹോട്ടലുകളിലും ചെന്നാണു് അവർ ആത്മപരിപോഷണം ചെയ്യുന്നതു്. 'എവിടെയാണോ നിങ്ങളുടെ നിക്ഷേപം, അവിടെത്തന്നെയായിരിക്കും ഹൃദയവും'. എന്ന ചൊല്ലു് സമൂഹങ്ങളേയും വ്യക്തികളേയും സം

---

* വില്യം ആൎച്ചർ (William Archer) പ്രസ്താവിക്കുന്നതു് പരമാൎത്ഥമാണു്: "വിരസതയിൽനിന്നുള്ള—ഉദാസീനബുദ്ധിയെ പിടിപെടുന്ന, അല്ലെങ്കിൽ നിൎജ്ജീവവും അനാകൎഷകവുമായ പ്രയത്നത്താൽ ജഡീഭവിച്ച ബുദ്ധിക്കുണ്ടാകുന്ന ശൂന്യതാബോധത്തിൽനിന്നും മടുപ്പിൽ നിന്നുമുള്ള—രക്ഷാസങ്കേതമാണു് ദുൎവൃത്തി." Knowledge and Character, P. 5 Moral Education League, London, 1916.

ബന്ധിച്ച് ഒരുപോലെ സത്യമാണ്. ഒരു വ്യക്തിയോ ഒരു സമുദായമോ എന്തൊക്കെയാണ് വിലമതിക്കുന്നതെന്നറിയണമെങ്കിൽ അവരുടെ ഒഴിവുസമയം എങ്ങിനെ ചെലവഴിക്കുന്നു എന്നു ചോദിക്കുകയേ വേണ്ടു. മനുഷ്യർക്കുണ്ടാവുന്ന ഭീതിജനകമായ ഇച്ഛാഭംഗാധിക്യം നമ്മെ ഉന്മേഷശൂന്യരാക്കുന്നു. എല്ലാ മതങ്ങളും പറയുന്നുണ്ട് മനുഷ്യന് ഒഴിച്ചുകൂടാൻ വയ്യാത്ത മൂന്നു ആവശ്യങ്ങളാണ് വേലയും വിശ്രമവു ആരാധനയും എന്ന്. പൊതുപരിശ്രമത്തിലെ സഹവർത്തിത്വത്തിൽകൂടി മനുഷ്യരെ മനസ്സിലാക്കുകയും അവരുടെ ക്ഷേമം വർദ്ധിപ്പിക്കുകയുമാണ് തൊഴിലിൽകൂടി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. വിശ്രമവേളയിൽ ചിന്താസ്വാതന്ത്ര്യത്തിൽകൂടിയും ആത്മനിർണ്ണയത്തിൽകൂടിയും സ്വയം മനസ്സിലാക്കുവാനാണ് നിയോഗം. ആരാധനയിൽകൂടി പ്രപഞ്ചചൈതന്യം അതിൻെറ ഉദ്ദേശ്യം തുടങ്ങിയ കാര്യങ്ങൾ അറിയുവാനാണ് നിർദ്ദിഷ്ടരായിരിക്കുന്നതു്. എന്നാൽ തൊഴിൽ ഇന്നു് മനുഷ്യനെ മനുഷ്യനിൽനിന്നകററുവാനും അവൻെറ സാമൂഹ്യവാസനകൾ നശിപ്പിക്കാനുമുള്ള ഉപാധിയാണ്. വിശ്രമം മനോനേത്രങ്ങളെ അന്ധമാക്കുവാനും, ആരാധന വളരെ താഴ്ന്നമൂല്യങ്ങളുടെ സ്വീകാരത്താൽ ആത്മീയവാസനകളെ പരുഷമാക്കുവാനുമാണ് ഉപയോഗിക്കുന്നതു്. ഏകാന്തത നമുക്കു് അസഹ്യമാണ്. തൊഴിലിലും വിശ്രമത്തിലും ആരാധനയിലും തനിച്ചാവുന്നതു് വെറും ശൂന്യതയാണ്. നാം ഫാക്ടറികളിൽ വേലയെടുക്കണം, ജനക്കൂട്ടത്തിൽ രസിക്കണം, കൂട്ടംകൂട്ടമായി നടക്കണം, കൂട്ടായി പാപം ചെയ്യണം, കൂട്ടമായി ആരാധിക്കണം. വീട്ടിലെ സ്വൈരമായ സായാഹ്നം, ഗ്രാമപ്രദേശങ്ങളിൽകൂടിയുള്ള ഏകാന്തസഞ്ചാരം, ആത്മസിദ്ധികളുടേയും ധ്യാനശീലത്തിൻേയും വികസനം, ഇതെല്ലാം മുഷിപ്പനായിത്തോന്നുന്നു. നിന്ദിദ്രമായ ഒരു തലമുറയാണ് നമ്മുടേതു്. ആവശ്യമാണ് അഖിലശാസ്ത്രങ്ങളുടേയും കണ്ടുപിടുത്തങ്ങളുടേയും മാതാവു്. അതുപോലെ എല്ലാ കലകളുടേയം ദർശനങ്ങളുടേയും സാഹിത്യത്തിൻേറയും മതത്തിൻേറയും പ്രസവിത്രി വിശ്രമവേളയാണ്. ഉച്ചാധികാരമായ ഒരു നാഗരികതയുടെ ഏകാധിപത്യം കുറേക്കൂടി വിവേകപൂർവ്വമായ മാനസികപരിശ്രമങ്ങൾക്കു് സമയം തരുന്നില്ല. ശുദ്ധമായ ധ്യാനത്തിൽ മുഴുകുവാൻ ആത്മാവിനു് അത്യന്താപേക്ഷിതമായ സ്വാസ്ഥ്യത, നിസ്സംഗത,

ഏകാഗ്രത എന്നിവയുടെ ശത്രുവാണതു്. വിപുലമായ വിജ്ഞാനം നമ്മുടെ വിവേകം വിപുലതാക്കിയിട്ടില്ല.

ഇതിനും പുറമെ വ്യവസായയുഗം നമ്മെ സമ്പത്തിന്റെ ആരാധകന്മാരാക്കിത്തീത്തിട്ടുണ്ട്. നമുക്കിന്നു തീച്ചയുണ്ട്, സമ്പന്നരാകുന്നതുകൊണ്ടു മാത്രമേ സൂചിക്കുഴയിൽകൂടി കടന്നുപോകാൻ കഴിയൂ എന്നു* സ്വർഗ്ഗരാജ്യത്തിലേക്കുള്ള പാസ്പോർട്ടാണു് സമ്പത്തു്. എന്തുവില കൊടുക്കേണ്ടിവന്നാലും വിജയം വരിക്കുക-അതൊന്നു മാത്രമായിരിക്കുന്നു നമ്മുടെ ആദശം. സമൂഹശ്രേണിയിൽ പണമുണ്ടാക്കുന്നതിനുള്ള ഭാഗ്യമോ സാമത്ഥ്യമോ ഉള്ള ഏതൊരു വ്യക്തിയും ഉന്നതസ്ഥാനത്താണു്. വ്യവസായ വിപ്ലവത്തിനുമുൻപു് സാമൂഹ്യ മൂല്യനിർണ്ണയത്തിനു് നമുക്കു മററു മാനദണ്ഡങ്ങളുമുണ്ടായിരുന്നു. ഋഷികളും പണ്ഡിതന്മാരും കവികളും തത്വചിന്തകന്മാരുമായിരുന്നു സമുദായക്രമത്തിലെ ഉയന്ന പടവുകളിൽ. ലൗകിക പരിതസ്ഥിതികളോടു് അപേക്ഷയില്ലാത്ത മഹത്വം, സാഹിത്യപരമോ ആദ്ധ്യാത്മികമോ ആയ മഹത്വം ആക്കുണ്ടോ-അവക്കായിരുന്നു നയിക്കുന്നതിനുള്ള അവകാശം. ദാരിദ്ര്യത്തിനു് സ്വച്ഛവും അരോഗവും ആത്മാഭിമാനപൂർവ്വവും ആയിരിക്കാവുന്ന കാലം കഴിഞ്ഞിരിക്കുന്നു. പണമുണ്ടാക്കുക ലോകത്തിലേററവും പ്രചാരമുള്ള വ്യവസായങ്ങളിലൊന്നായിത്തീന്നിട്ടുണ്ട്.

ഈ വ്യാവസായികഗതിയുടെ ഗുരുതരമായ അനന്തരഫലങ്ങളിലൊന്നു് കുടുംബം ഇല്ലാതാകുന്നു എന്നതാണു്. അമേരിക്കയിലും റഷ്യയിലും കാണാമിതു്. ഓരോ അംഗവും സാമ്പത്തികസ്വാതന്ത്ര്യം കാംക്ഷിക്കുമ്പോൾ കുടുംബത്തിന്റെ കെട്ടുറപ്പു് ദുർബ്ബലമായിത്തീരുന്നു. പുരുഷന്മാരും സ്ത്രീകളും വീട്ടിന്നു പുറത്തു പണിയെടുക്കുന്നു. കുട്ടികൾ വീട്ടിൽ ഉറങ്ങിക്കിടക്കാത്തപ്പോഴെല്ലാം സ്കൂളുകളിലോ കലാലയങ്ങളിലോ പഠിക്കുകയായിരിക്കും, അല്ലെങ്കിൽ ഫുട്ബോൾ കളിസ്ഥലത്തോ, സിനിമാശാലകളിലോ, രസിക്കുകയായിരിക്കും. റഷ്യയെസംബന്ധിച്ച് ട്രോട്സ്കി (Trotsky) പറയുന്നതു് ശ്രവിക്കാം. 'ജീവിതപ്രശ്നങ്ങളിൽ' (Problems of Life) അദ്ദേഹം എഴുതുന്നു: "ലോകമഹായുദ്ധം, വിപ്ലവം തുടങ്ങി പട്ടുറററൻ സംഭവങ്ങൾ പഴയ രൂപത്തിലുള്ള കുടുംബങ്ങളുടെമേൽ

---

* ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതിനേക്കാൾ വേഗം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കും. —ക്രിസ്തു

ആപതിച്ചിട്ടുണ്ട്........സ്ഥിതിസമത്വാധിഷ്ഠിതമായ സമ്പദ്വ്യവസ്ഥാപരിഷ്കരണം നമുക്കാവശ്യമാണ്. അങ്ങനെ ഒരു വ്യവസ്ഥയുടെ കീഴിൽ മാത്രമേ ഞെരുക്കുകയും ഭിന്നിപ്പിക്കുകയും ചെയ്യുന്ന കൃത്യഭാരങ്ങളിൽനിന്നു് അതിനെ വിമോചിപ്പിക്കുവാനാകു. വസ്ത്രശുചീകരണം ചെയ്യുന്നതു് ഒരു പൊതു അലക്കുകമ്പനി ആയിരിക്കണം. ഭക്ഷ്യസംഭരണവും വിതരണവും ഒരു പൊതുഭോജനശാല വേണം നിർവ്വഹിക്കുവാൻ; തുന്നൽപ്പണി ഒരു പൊതുതൊഴിൽശാലയും. പൊതുസ്ഥാപനങ്ങളിൽ യോഗ്യതയുള്ള നല്ല അദ്ധ്യാപകരെക്കൊണ്ടു് ശിക്ഷണം ചെയ്യിക്കണം കുട്ടികളെ. എങ്കിൽ ഭാര്യാഭർത്തൃബന്ധം ബാഹ്യവും ആകസ്മികവുമായ എല്ലാ കാര്യങ്ങളിൽനിന്നും വിമുക്തമാകും. ഒരാൾ മറേറയാളുടെ ജീവിതം കൈക്കൊള്ളുന്ന പതിവു നിലയ്ക്കും.'' ചുരുക്കത്തിൽ, ഇന്നു് വീടു് പുരുഷൻെറ ഇടമല്ല, സ്ത്രീയുടേതുമല്ല.

വ്യാവസായികമായ ഒരു യുഗം പുതിയ ആവശ്യങ്ങൾ സൃഷ്ടിക്കുന്നതിൽ വിശ്വസിക്കുന്നു. ഉപഭോക്താവിൻെറ വിശപ്പ് വർദ്ധിപ്പിക്കുകയാണ് ആ വിശപ്പ് ഉപജീവിക്കുന്നതെന്നും. കൂടുതൽ ആവശ്യപ്പെടുക, കൂടുതൽ കിട്ടുക—ഇതാണ് ഭൌതികപുരോഗതിയുടെ രീതി. ഉദ്വേജകമായ ഈ മത്സരത്താൽ നാം ജീവിതത്തിൻെറ വന്ധ്യത നമ്മിൽ നിന്നു തന്നെ ഒളിച്ചുപിടിക്കുകയാണ്. നമ്മുടെ യാന്ത്രികയുഗം വ്യക്തികളുടെ മനോവികാരങ്ങളെ ഒഴിച്ചു നിർത്തി പൊതുജനങ്ങളുടെ സാമാന്യാവശ്യങ്ങൾ നിറവേററുന്നതിൽ മാത്രം ശ്രദ്ധിക്കുന്നു. കലകൾക്കു ഗതിയില്ലാതായി.

## രാജ്യതന്ത്രം

പ്രജാധിപത്യം ഒരു പരീക്ഷണദശയിൽക്കൂടി കടന്നുപോവുകയാണ്. ഒരു രാഷ്ട്രീയ സംവിധാനം എന്ന നിലയിൽ അതിനു് വലിയ പ്രചാരമില്ല. ഇററലിയിലും സ്പെയിനിലും പ്രജാധിപത്യം തകന്നുപോയി. റഷ്യയ്ക്കും ചൈനയ്ക്കും അതിനോട്ട് അനുകൂലമനോഭാവമില്ല. കിഴക്കൻ യൂറോപ്പിലേയും ദക്ഷിണാഫ്രിക്കയിലേയും ചില ഭാഗങ്ങളിൽ ജനപ്രാതിനിധ്യം ഉള്ള ഗവമ്മേണ്ടിൻെറ ഛായ നിലനിന്നുപോരുന്നുണ്ടെങ്കിലും അവയെക്കുറിച്ചു പ്രബലമായ ആശങ്കയുണ്ട്. സ്വിററ്സർലണ്ട്, സ്കാൻഡി

നേവിയ തുടങ്ങിയ ചെറിയ രാജ്യങ്ങളിലൊഴിച്ച് പ്രജാധിപത്യ ഭരണത്തിൻെറ സാധ്യതയെക്കുറിച്ച് ലോർഡ് ബ്രൈയിസ് (Lord Bryce) സംശയം പ്രകടിപ്പിച്ചിട്ടുണ്ട്.

ഏകാധിപത്യത്തിൽനിന്നുള്ള മോചനമെന്ന നിലയിൽ നാം പ്രജാധിപത്യത്തെ സ്വാഗതം ചെയ്തു. പക്ഷെ, ഇന്നു് അതിൻെറ പ്രവൎത്തനത്തിൽ നാം സംതൃപ്തരല്ല. ഗവൎമ്മെണ്ട് ഒരു സാങ്കേതികകലയാണെന്നും അതിൽ വൈദഗ്ദ്ധ്യം ആൎജ്ജിച്ചവൎക്ക് മാത്രമേ ഭരണകൎത്താക്കളായിരിക്കാൻ പററുവെന്നും നാം മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു. രാജ്യം ഏററവും പ്രാപ്തിയുള്ളവരാൽ ഭരിക്കപ്പെട്ടവാൻ ജനാധിപത്യം പ്രവൃത്തിപഥത്തിൽ വരുമ്പോൾ അനുവദിക്കുന്നില്ല.

രാജ്യതന്ത്രത്തിലും ഇതു് യന്ത്രങ്ങളുടെ യുഗമാണ്. പ്രജാധിപത്യത്തിൻെറ പേരിൽ അണിയറയിലെ നിഗൂഢശക്തികളായ പാർട്ടികളാണ് രാജ്യം ഭരിക്കുന്നതു്. ഒരു വലിയ യന്ത്രത്തിൻെറ നിസ്സഹായോപകരണങ്ങൾ മാത്രമാകയാൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കു് യാതൊരു സ്വാതന്ത്ര്യവുമില്ല, ഒരു മുൻകൈയുമില്ല. ഉള്ളിൽക്കൊണ്ട വിശ്വാസമോ, നിയമസഭയിലെ വാദഗതികളോ, അങ്ങേയററം അവരുടെ നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ ആശയഗതികളോ അല്ല ഈ പ്രതിനിധികളുടെ വോട്ട് സ്വാധീനിക്കുന്നതു്. ചർച്ചകൾ അയഥാൎത്ഥമാണ്, വിവാദം അനാവശ്യമാണ്. വെറുമൊരു പേരാണ് പ്രജാധിപത്യം.

പ്രജാധിപത്യത്തിൻെറ പൊതുവായ ഫലം വ്യക്തിസ്വാതന്ത്ര്യത്തിന്നനുകൂലമല്ല. ഏററവും പ്രജാധിപത്യപരം, വ്യക്തിസ്വാതന്ത്ര്യാധിഷ്ഠിതം എന്നെല്ലാം പറയപ്പെട്ടുന്ന അമേരിക്കയിലും യൂറോപ്പിലും വ്യക്തിയുടെ ജീവിതത്തിനു് തീരെ പരിഗണനയില്ല. സ്വാതന്ത്ര്യത്തിൻെറ നാട്ടിൽ യാഥാസ്ഥിതികമായ ആസ്തികവാദവും രഹസ്യമായി രൂപവൽകരിക്കപ്പെട്ടിട്ടുള്ള നീഗ്രോ വിരുദ്ധസംഘടനകളും (Ku Klux Klan) അന്യവർഗ്ഗങ്ങളുടേയും സംസ്കാരങ്ങളുടേയും നേരെയുള്ള ആക്രമണങ്ങളും നിലനിന്നുവരുന്നു. അഭിപ്രായവിരോധമുള്ള രാഷ്ട്രീയപ്രവൎത്തകരെ വ്യക്തിപരമായ പ്രതിക്രിയയാൽ ഭീഷണിപ്പെടുത്തുന്ന സംഘടനകളുണ്ട്. എന്തു ചെയ്യണമെന്നു് തീരുമാനിക്കുവാൻ സോവിയററു

റഷ്യയിൽ ആക്കം അനുവാദമില്ല. ലക്ഷ്യം സാങ്കേതികവൈദഗ്ദ്ധ്യമാകയാൽ ഓരോ മനുഷ്യനേയും മാർഗ്ഗദർശികൾ നിർണ്ണയിക്കുന്ന ഒരു സ്ഥാനത്തായി യന്ത്രത്തോട് ഘടിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു. പ്രവൃത്തിസ്വാതന്ത്ര്യമില്ല. മനഃസാക്ഷിക്കും സ്വാതന്ത്ര്യമില്ല.

അജ്ഞതയും അച്ചടക്കരാഹിത്യവും അധമാഭിരുചികളും മൂലം പ്രജാധിപത്യം കലങ്ങിമറിഞ്ഞിരിക്കുന്നു. അതിന് സാക്ഷ്യം വഹിക്കുന്നുണ്ട്, നമ്മുടെ വർത്തമാനപത്രങ്ങൾ. പ്രധാനമായി വിവാഹമോചനങ്ങളേയും കൊലപാതകങ്ങളേയും നൃത്തശാലകളേയും പോലീസ്കോടതികളേയും കുറിച്ചുള്ള വാർത്തകൾ വായിക്കുന്ന ഒരു പ്രജാധിപത്യത്തിനു് ഉപരിപ്ലവാർത്ഥത്തിലുള്ള സംസ്കാരം മാത്രമേയുള്ളു. വിദ്യാഭ്യാസസൌകര്യങ്ങൾ ഭൂരിഭാഗത്തിന്റേയും എത്തുപാടിലുണ്ടെങ്കിലും സംസ്കാരവിതാനം ഉയർന്നതല്ല. കലാലയത്തിലേയ്ക്കുള്ള പ്രവേശനം പൂർവ്വാധികം എളുപ്പവും അഭ്യസ്തവിദ്യനാകുക കൂടുതൽ പ്രയാസവും ആയിത്തീർന്നിരിക്കുന്നു. വായിക്കുവാൻ പഠിപ്പിക്കുന്നുണ്ട്; പക്ഷേ, ചിന്തിക്കുവാൻ ശീലിപ്പിക്കുന്നില്ല നമ്മെ. സാധാരണ വിദ്യാഭ്യാസവും — പത്രങ്ങൾക്കു നന്ദി — സിനിമയും കമ്പി ഏർപ്പാടുകളും വളരെ അപൂർണ്ണമായിട്ടാണെങ്കിലും കുറച്ചെല്ലാം ഫലവത്തായിത്തന്നെ ഫ്രോയിഡിനെയും യുങ്ങിനേയും 'ബിഹേവിയറി'സത്തേയും ഗർഭനിവാരണമാർഗ്ഗങ്ങളേയും കുറിച്ച് ദഹിക്കാത്ത ശകലങ്ങൾ സാധാരണക്കാർക്ക് നൽകിയിട്ടുണ്ട്. കൂടുതൽ നന്നായി അറിയാവുന്നവർക്ക് തുറന്നു സംസാരിക്കാൻ ഭയമാണ്. അവർ ഇടത്തരക്കാരെക്കാപ്പം നീങ്ങുന്നു. വിമർശിക്കപ്പെടാത്ത ബഹുജനപ്രേരണകളും സമൂഹവികാരങ്ങളും വർഗ്ഗരോഷങ്ങളും ഇന്നു് പ്രമാണവും പാരമ്പര്യവും ആയി ഭവിച്ചിട്ടുണ്ട്. നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് തീർപ്പുകല്പിക്കാനുള്ള സമയമോ അർഹതയോ മാത്രമല്ല, സമചിത്തതയോടുകൂടിയ ഒരു കാഴ്ചപ്പാടുള്ള നേതാക്കന്മാരെ വിശ്വസിക്കുവാനുള്ള പ്രവണതയും നമുക്കില്ല. ഏററവും പ്രധാനപ്പെട്ട ഘടകം ജനസമൂഹമാകയാൽ അതിന്റെ അഭിപ്രായം ചിന്തിക്കുന്നവരായ അല്പം ചിലരുടെ അഭിപ്രായങ്ങൾക്കു മുകളിൽ വർത്തിക്കുന്നു. സുചിന്തിതമായ നല്ല അഭിപ്രായങ്ങളെ ചിന്താശൂന്യവും ആവേശജന്യവുമായ ചീത്ത അഭിപ്രായങ്ങൾ

സദാ തുരത്തിക്കളയുന്നു. അങ്ങനെ മനസ്സിൻെറ പ്രചാരത്തെ സംബന്ധിച്ചു് 'ഗ്രഷാമിൻെറ നിയമംപോലൊന്നു്' (Gresham's law) പ്രവൎത്തിക്കുന്നുണ്ടു്.

സങ്കല്പവിശ്വാസങ്ങൾക്കു് ഏകരൂപത വരുത്തുന്നതിനുള്ള പ്രവണത പ്രജാധിപത്യത്തിനുണ്ടു്. യാന്ത്രികമായിട്ടാണു് നമ്മുടെ മനസ്സു് പ്രവൎത്തിക്കുന്നതു്. സൎഗ്ഗാത്മകമായ എല്ലാ ഉദ്യമങ്ങളേയും നശിപ്പിക്കും മനസ്സിനെ ഒരു യന്ത്രമാക്കിത്തീൎത്താൽ. ഒരേ രൂപത്തിൽ ചിന്തിക്കുന്നതിൻെറ ഫലമായിട്ടല്ല, സാധാരണ ചാലുകളിൽനിന്നുയൎന്ന മനുഷ്യരുടെ അന്തൎവീക്ഷണത്തിൻേറയും ക്ലേശാവഹമായ ചിന്തയുടേയും ഏകാന്തമായ ധ്യാനത്തിൻേറയും ഫലമായിട്ടാണു് ഉൽകൃഷ്ടസൃഷ്ടികൾ ഉണ്ടായിട്ടുള്ളതു്. പ്രജാധിപത്യം അതിൻെറ ശരിയായ പ്രവൎത്തനത്തിൽ പ്രജാധിപത്യവിരുദ്ധമാണു്. ഇതൊരു വൈരുദ്ധ്യമായി തോന്നാം. വ്യക്തിയോടുള്ള ബഹുമാനം—അതാണു് പ്രജാധിപത്യത്തിൻെറ കേന്ദ്രാശയം. "മനുഷ്യ, നിങ്ങൾ നിങ്ങളായിരിക്കു"—ഇബ്സൻ (Ibsen) പറഞ്ഞു. നമ്മുടെ പ്രജാധിപത്യങ്ങളാകട്ടെ ആന്തരികജീവിതം പട്ടിണിയാകുമാറു് ഏറെക്കുറെ മാമൂലായ ഒരു ചട്ടക്കൂടിനു് ഇണങ്ങിനില്ക്കുവാൻ ആവശ്യപ്പെടുന്നു. നാം എല്ലാവരും ആശയങ്ങളിൽ ഒരുപോലെ യോജിക്കുവാൻ തുടങ്ങിയാൽ ചിന്താപുരോഗതി ഉണ്ടാവില്ല. സാമ്പത്തികമായ അസമത്വം വളരെയുള്ളിടത്തു് രാഷ്ട്രീയസ്ഥിതിസമത്വം ഉണ്ടായിരിക്കുക സാദ്ധ്യമല്ല. തൊഴിൽസംഘടനകളും സോഷ്യലിസ്റ്റു് സംഘടനകളും കൂടുതൽ നല്ല സാമൂഹ്യവ്യവസ്ഥ പ്രതിഷ്ഠിക്കുക എന്ന ലക്ഷ്യത്തിനായി രാഷ്ട്രവും അതിൻ്റെ പ്രവൎത്തനവും പിടിച്ചടക്കുവാൻ പരിശ്രമിക്കുകയാണു്. ദേശീയങ്ങളായ അതിരുകൾ തകൎന്നുപോകുകയും വൎഗ്ഗവിരോധം ബലപ്പെടുകയും ചെയ്യുന്നു. ദേശസ്നേഹം ഒരു മുതലാളിത്തവികാരമാണു്. അതിനോടനുബന്ധിച്ചുണ്ടാകുന്ന മുൻവിധികളിൽനിന്നു് തൊഴിലാളികളെ രക്ഷിക്കണം. "എൻെറ രാജ്യം എൻെറ വൎഗ്ഗമാണു്"—ഇതാണു് ബോൾഷേവിസ്റ്റു് പറയുന്നതു്. വൎഗ്ഗവിരോധങ്ങൾ തീരുന്നതുവരെ ശരിയായ പ്രജാധിപത്യമുണ്ടവുക സാദ്ധ്യമല്ല.

ഒരു സമൂഹത്തിൻെറ രാഷ്ട്രീയജീവിതം ആ സമൂഹത്തെ നിൎമ്മിക്കുന്ന സ്വാതന്ത്ര്യമനസ്സുകളുടേയും ഇച്ഛാശക്തികളുടേയും സംഖ്യ

യെ ആശ്രയിച്ചിരിക്കുന്നു. ചിന്തയുടേയും പ്രവൃത്തിയുടേയും വിഹരണം അത്യന്താപേക്ഷിതമാണ് സമൂഹത്തിൻെറ ആരോഗ്യത്തിന്. ഇന്നത്തെ ക്രമത്തിൽ അതു് ഉണ്ടാവാൻ വഴിയില്ല. മനുഷ്യരുടെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു് വോട്ടുപെട്ടിയുടെ ഭാഗ്യക്കുറിയേക്കാൾ നല്ല മാർഗ്ഗം കണ്ടെത്താൻ നാം പരിശ്രമിക്കണം.

## അന്താരാഷ്ട്രീയ ബന്ധങ്ങൾ

മനുഷ്യസ്നേഹിക്കു് ഉന്മേഷമുളവാക്കാനിടയില്ല അന്താരാഷ്ട്രീയപരിത:സ്ഥിതി. രാഷ്ട്രങ്ങൾ സമാധാനത്തിനുവേണ്ടി വാദിക്കുകയും യുദ്ധസജ്ജീകരണം നടത്തുകയും ചെയ്യുന്നു. സംഘർഷത്തിലേക്കു നയിക്കുന്ന പ്രവണത മനസ്സിൽ നിന്നു നിർമ്മാർജ്ജനം ചെയ്യുവാൻ അവർ സന്നദ്ധരല്ല. ഓരോ ജനതയും ദൈവത്തോടു് നന്ദി പറയുന്നു, തങ്ങൾ മററുള്ളവരെപ്പോലെ ആകാത്തതിനു്. അവർക്കു ബോധമുണ്ടു് അവരുടെ വംശമാണു് ഏററവും പവിത്രവും ഉത്തമവും എന്നു്; അവരുടെ മതമാണു് ലോകത്തിൻെറ പ്രത്യാശയെന്നു്; അവരുടെ രാഷ്ട്രമാണു് മനുഷ്യവർഗ്ഗത്തിൻെറ നേതൃത്വം വഹിക്കുന്നതെന്നു്. പതാക പറപ്പിക്കലും കാഹളമൂത്തും ദേശീയഗാനങ്ങളും വെറുപ്പിൻെറ കീർത്തനങ്ങളും ആയി നാം ഈ ദേശീയത എന്ന മിഥ്യാഭിമാനം ചൊട്ടയിൽനിന്നു തന്നെ വളർത്തിക്കൊണ്ടുവരുന്നു. കഴിഞ്ഞ യുദ്ധത്തിൽ നാഗരികതയെ രക്ഷിക്കുന്ന കൃത്യത്തിലേർപ്പെട്ടിരുന്ന ഏകരാഷ്ട്രം തങ്ങളാണെന്നു ഓരോ ജനതയും അവകാശപ്പെട്ടു. അതിൻെറ പേരിൽ ഓരോ രാഷ്ട്രവും എല്ലാം സാധൂകരിച്ചു; കൂട്ടക്കൊലകൾക്കും വിധ്വംസനത്തിനും എല്ലാത്തിനും മാപ്പു കൊടുത്തു. മനുഷ്യൻ സ്വയം മൃഗമായി മാറി വേട്ടനായ്ക്കൾ ക്രോഷ്ടാക്കളെ എത്തിപ്പിടിച്ചു കൊല്ലുന്നത്ര തന്നെ ക്രോധക്രൗര്യങ്ങളോടെ സഹോദരധ്വംസനത്തിനു കുതിക്കണമെങ്കിൽ വിദ്വേഷാഗ്നിയും വിജയതൃഷ്ണയും അയാളുടെ ഉൽകൃഷ്ടപ്രകൃതിയെ ഗ്രസിച്ചിരിക്കണം. അർദ്ധസത്യങ്ങളും അസത്യങ്ങളും നയപൂർവ്വം പ്രചരിപ്പിച്ചു്, മററു രാഷ്ട്രങ്ങളേയും അവരുടെ സംസ്കാരങ്ങളേയും ഇടതടവില്ലാതെ തെററായി ചിത്രീകരിച്ചു്, മനുഷ്യരെ ഇളക്കി വന്യപ്രകൃതികളാക്കി മാററുന്നു. സീസറുടെ രക്തം പുരണ്ട വസ്ത്രം ഉയ

ത്തിപ്പിടിച്ച ആൻടണിയെപ്പോലെ, അതേ സാമത്ഥ്യത്തോടെ, അതേ ഉദ്ദേശ്യത്തോടെ, ഏതെങ്കിലും ഒരു തെരുവുപ്രഭാഷകൻ കഥകളും സംഭവങ്ങളും ഉപയോഗിക്കുന്നു: "അഹോ! ശോചനീയമായ കാഴ്ച! ഏററവും രക്തതൃഷ്ണിതമായ ദൃശ്യം! പകരം വീട്ടുക! ചുട്ടെരിക്കുക! വെടി വെയ്ക്കുക! ധ്വംസിക്കുക! സംഹരിക്കുക!" ഒരു സൈന്യപരിശോധനയുടെ പ്രതാപം കാണിക്കാൻ കൊണ്ടുപോയ അവസരത്തിൽ ഹൈനെയുടെ (Heine) കൊച്ചുമകൻ അദ്ദേഹത്തോടു പറഞ്ഞതു് എത്ര പരമാത്ഥമാണു്! "ഈ പട്ടാളക്കാരൊക്കെ ഒരിക്കൽ മനുഷ്യരായിരുന്നു," അവക്കിപ്പോൾ ഇച്ഛാശക്തിയില്ല, ആത്മാവില്ല, ആശയില്ല. മുമ്പിൽ തല കുനിക്കാൻ പരിശീലിപ്പിക്കപ്പെട്ടുകയാൽ ഏറെക്കുറെ സ്വമനസ്സാലെ ആരാധിക്കേണ്ട ഒരു യന്ത്രത്തിന്റെ ചക്രപ്പല്ലുകളാണവർ. വിവേചനാശക്തിയുള്ള മനുഷ്യർ ഇച്ഛാബലമില്ലാത്ത അടിമകളായി മാററപ്പെടുന്നു. യുദ്ധത്തിൻെറ കാഹളം മുഴങ്ങുമ്പോൾ നാഗരികതയുടെ നാട്യം തിരോഭവിക്കുകയും മനുഷ്യൻ മൃഗങ്ങളിലേക്കു മടങ്ങുകയും ചെയ്യുന്നു. നഗരങ്ങൾ നശിപ്പിക്കുകയും ഭൂമി തരിശാക്കുകയും, ലക്ഷക്കണക്കിനു് മനുഷ്യരെ കൊല്ലുകയും, അതിലധികം പേക്കു് പരിക്കേല്പിക്കുകയും അംഗഭംഗം വരുത്തുകയും, സ്ത്രീകളെ ഭഗ്നഹൃദയകളാക്കുകയും ദൂഷിപ്പിക്കുകയും, സ്വാഭാവികസംരക്ഷണം ലഭിക്കാതെ കുട്ടികളെ പട്ടിണിയിട്ടു വലയ്ക്കുകയും ചെയ്യുന്ന, വിദ്വേഷവും ദുരാലോചനകളും നിറഞ്ഞ അന്തരീക്ഷത്തോടു കൂടിയ യുദ്ധം മാനുഷികമായ എന്തിൻേറയും നേരെയുള്ള കൈയേററമാണു്. ഈ പ്രേതതാണ്ഡവത്തിൽ അവജ്ഞ തോന്നാതിരിക്കുന്നിടത്തോളം കാലം നമുക്കു് പരിഷ്കൃതരാണെന്നു് ഭാവിക്കാൻ സാദ്ധ്യമല്ല. മൃഗങ്ങളോടു് ക്രൂരത കാണിക്കാതിരുന്നതുകൊണ്ടോ, രോഗാധീനക്കു് ആശുപത്രികൾ പണിയുന്നതുകൊണ്ടോ, നിരാധാരക്കു് ആതുരാലയങ്ങൾ പണിയുന്നതു കൊണ്ടോ യാതൊരു പ്രയോജനവുമില്ല, യന്ത്രത്തോക്കുകൾ ഉപയോഗിച്ചു് ജനസമൂഹത്തെ കൂട്ടായി ധ്വംസിക്കുവാനും വൃദ്ധരും ബാലഹീനരും സ്ത്രീകളും കുട്ടികളും അടക്കം യുദ്ധത്തിൽ പങ്കില്ലാത്തവരെ ദൂഷിപ്പിക്കാനും നാം സന്നദ്ധരായിരിക്കുന്നിടത്തോളംകാലം. ഇതെല്ലാം എന്തിനുവേണ്ടിയാണു്? ഈശ്വരമഹിമയ്ക്കു്, രാഷ്ട്രത്തിൻെറ മാനത്തിനു്!

യുദ്ധം പാടെ നിരോധിക്കുവാൻ കഴിയാത്തതിനാൽ നാം അതിനെ മിതപ്പെടുത്താൻ നോക്കുന്നു. പക്ഷെ, ഈ പരിശ്രമം വിജയിക്കയില്ല. കാരണം, ബലപ്രയോഗത്താൽമാത്രം അവസാനിപ്പിക്കേണ്ടതായി പരസ്പരവിരോധികളായ രണ്ടു ദേശീയ ചേരികൾ തമ്മിൽ ഉണ്ടാകുന്ന സംഘർഷത്തിന്റെ പ്രതീകമാണ് യുദ്ധം. എതിർപ്പ് അമച്ച് ചെയ്യാൻ ഏകോപായം എന്ന നിലയിൽ ബലപ്രയോഗം അനുവദിക്കുമ്പോൾ ബലപ്രയോഗത്തിന്റെ പ്രകാരഭേദങ്ങളെ സംബന്ധിച്ചിടത്തോളം ശരിയായ വിവേചനം സാദ്ധ്യമല്ല. നാം നമ്മുടെ അധീനത്തിലുള്ള എല്ലാ ശക്തികളും ഒരുക്കിനിർത്തി ശത്രുക്കളെ അടിച്ചമർത്തണം. വടിക്കും വാളിനും, അല്ലെങ്കിൽ വെടിമരുന്നിനും വിഷവാതകത്തിനും തമ്മിൽ യഥാർത്ഥമായ വ്യത്യാസമൊന്നും ഇല്ല. ശത്രുപക്ഷത്തെ അമർത്തുന്നതിനുള്ള അംഗീകൃതമാർഗ്ഗം ഇതായിരിക്കുന്നിടത്തോളം കാലം നശീകരണസാമഗ്രികൾ കൂടുതൽ കൂടുതൽ ശക്തങ്ങളാക്കാൻ പരിശ്രമിക്കണം ഓരോ രാഷ്ട്രവും. യുദ്ധമാണതിന്റെ ഏകനിയമം. ജയിക്കുക—അതാണ് പരമധർമ്മം. ഓരോ രാഷ്ട്രത്തിനും ഭയാനകവും മാരകവുമായ ഈ പാതയിൽക്കൂടി സഞ്ചരിക്കേണ്ടതുണ്ട്. യുദ്ധം അംഗീകരിക്കുക, എന്നിട്ട് അതിന്റെ സമ്പ്രദായങ്ങളെ വിമർശിക്കുക എന്നതു് ആട്ടിൻകുട്ടിയെ തിന്നുന്ന ചെന്നായയെ അംഗീകരിച്ച് തീനിന്റെ വിധത്തെ വിമർശിക്കുന്നതുപോലെയാണെന്നു് പറയുന്നതു് വളരെ ശരിയാണ്. യുദ്ധം യുദ്ധമാണ്; മുറകൾ അനുസരിച്ച് കളിക്കേണ്ടതായ ഒരു കളിയൊന്നുമല്ല.

സാർവ്വദേശീയത വളരുകയാണ് എന്നതു് വാസ്തവമാണ്. ധനശാസ്ത്രജ്ഞന്മാർ പറയുന്നു യുദ്ധം ലാഭകരമല്ലെന്ന്. അതൊരു ചീത്ത വ്യപാരമാണ്. വിശ്വാസത്തിലല്ലെങ്കിലും നയത്തിൽ നമ്മളിൽ കുറച്ചുപേർ സമാധാനവാദികളാണ്. വളരെ ഉപരിപ്ലവമാണ് സാർവദേശീയതാബോധം. ഓരോ രാജ്യത്തും അതിന്റെ ആദർശങ്ങളോട് ധീരമായ സത്യസന്ധത പുലർത്തിയിട്ടുള്ള ചെറിയ ന്യൂനഭാഗത്തെ ഒഴിച്ചുനിർത്തിയാൽ മററെല്ലാവരും കഴിഞ്ഞ യുദ്ധകാലത്തു് അവരുടെ മനുഷ്യത്വം മാതൃരാജ്യത്തിന്റെ യജ്ഞവേദിയിൽ ബലിയർപ്പിച്ചിട്ടുണ്ട്. പുരോഹിതപ്രമുഖന്മാർ പോലും "ദൈവത്തിനു് പള്ളി പണിതു് അദ്ദേഹത്തിന്റെ വാക്കുകളെ അപഹസിച്ച് അവഹേളിച്ച" മെഫിസ്റ്റോഫിലിസിന്റെ

കക്ഷിയിലാണ് അവരെന്ന് സ്വയം തെളിയിച്ചു. പള്ളികൾ പട്ടാളത്തിലേക്ക് ആളുകളെ ചേക്കുന്ന ഓഫീസായി മാറി. എല്ലാ വശത്തുനിന്നും സവ്വശക്തന്റെ നേരെ ഉയന്ന ഭ്രാന്തമായ അപേക്ഷകൾ ഈശ്വരനെത്തന്നെ കുഴക്കിയിട്ടുണ്ടാവണം. നിരീക്ഷകന്മാരിൽ ഉളവായ മനോഭാവം നല്ലപോലെ പ്രകാശിപ്പിക്കുന്നുണ്ട് ജെ. സി. സ്ക്വയറിന്റെ (J. C. Squire) ഈ വരികൾ:

പടവെട്ടീട്ടും പലേ രാഷ്ട്രത്തിന്നൽഘോഷണം
പതിച്ചു ദൈവത്തിന്റെ കണ്ണത്തിലത്യുച്ചത്തിൽ
"ദൈവം നശിപ്പിച്ചിടട്ടെയിംഗ്ലൻഡിനെ"
"ദൈവം പരിരക്ഷ ചെയ്ക രാജാവിനെ"
"ദൈവമിതുചെയ്ക, ദൈവമതു ചെയ്ക,
ദൈവമേ മററതെ, മററതു ചെയ്യുക"
"മാമക കമ്മമതിക്രമിക്കപ്പെട്ട
ഹാ മമദൈവമേ!" ദൈവം പറഞ്ഞുപോയ്.

നമുക്കു ലോകരാഷ്ട്ര സഭയുണ്ട് എന്നതു ശരിയാണ്. പക്ഷെ അതൊരു യാന്ത്രികശരീരമാണ്. ആ ജഡത്തിലേക്ക് ആത്മാവു് ഉപവേശിയ്ക്കുണ്ടതായിട്ടാണ് ഇരിക്കുന്നതു്. ദ്രോഹബുദ്ധിയും അവിശ്വാസവും സർവ്വത്ര വ്യാപിച്ചിരിക്കുന്നു. ഏതാനും പേർ മാത്രം അഭിലഷിക്കുന്ന ഒരു ആശയം മാത്രമാണ് സാർവ്വദേശീയത്, മനുഷ്യമനോഭാവത്തിന്റെ ഒരു ഭാഗമല്ല. സമാധാനത്തിനു ശേഷം പത്തു കൊല്ലം കഴിഞ്ഞിട്ടും ആയിരത്തിത്തൊള്ളായിരത്തി പതിനാലിലെ ആഗസ്ററുമാസത്തേക്കാൾ സ്വച്ഛതരമല്ല ആകാശം. യുദ്ധത്തിനു മുമ്പുണ്ടായിരുന്നതിനേക്കാൾ യുദ്ധസന്നദ്ധരായ പത്തുലക്ഷം പേർ അധികമുണ്ട് യൂറോപ്പിനു്. യുദ്ധവാസന വളരുവാൻ ഹേതുവായ ശ്രേഷ്ഠഭാവവും ബോധവും ലോകാഭിവൃദ്ധി തങ്ങളുടെ ചുമതലയാണെന്ന ദുരഭിമാനവും മനുഷ്യരുടെ ആത്മാവിൽ ദുർബ്ബലമാക്കുന്നതിനുള്ള ഉൽക്കണ്ഠയോ വ്യഗ്രതയോ ഒരു രാഷ്ട്രത്തിനുംഇല്ല. "നാം തന്നെയാണ്" ഓരോ രാഷ്ട്രവും പറയുന്നതിതാണ്. "ഒരു പൗരൻ സ്വന്തം രാജ്യത്തിനുമാത്രം നൽകാനുള്ള സ്നേഹം മറെറാരു രാജ്യത്തിന് പങ്കിട്ടുകൊടുക്കുക എന്നതു് ഒരു ഭർത്താവു് സ്വന്തം ഭാര്യക്കു മാത്രം മുഴുവനുമായി നൽകേണ്ട പ്രേമം അന്യവനിതക്കു പങ്കിടുന്നതുപോലെ നിർമ്മര്യാദവും അപമാനകരവുമാണ്" എന്നു് ദൃഢമായി

അഭിപ്രായപ്പെട്ട തിയഡോർ റൂസ്സ്‌വെൽട്ടി (Theodore Roosevelt) ൻെറ വാക്യം അനുസരിക്കുന്നവനാണ്‌ രാജ്യസ്നേഹി. ദേശീയമായ വിദ്വേഷങ്ങളും അത്യൈശ്വര്യാകാംക്ഷകളും നിലനില്ക്കുന്നിടത്തോളം സമാധാനം ഒരു താല്ക്കാലികസന്ധി എന്നതിൽ കവിഞ്ഞൊന്നുമല്ല. മാക്യവെല്ലിയുടെ (Machiavelly) കുടിലമായ തത്വമാണ്‌ രാഷ്‌ട്രനയങ്ങളെ ഭരിക്കുന്നതു്‌. സ്വാത്ഥനിഷ്ഠമായ ആധിപത്യത്തിനാണ്‌, നിസ്വാത്ഥമായ സഹകരണത്തിനല്ല രാഷ്ട്രങ്ങളുടെ ഒരുമ്പാട്ട്‌.

# ൩. പ്രശ്നം

വ്യാപകമായ അർത്ഥത്തിൽ നാഗരികതയുടെ അദൃശ്യമായ അടിത്തറയാണു് തത്ത്വചിന്ത. തനിക്കുവേണ്ടി ഒരു ശരീരം സാവധാനം നിർമ്മിക്കുന്നതു് ആത്മാവാണു്. സംസ്ഥാപിതമായ ശീലങ്ങളും സ്ഥാപനങ്ങളും ഒരു സമുദായത്തിലെ അംഗങ്ങളെ ആ സമുദായം തിരഞ്ഞെടുത്തിട്ടുള്ള മൂല്യങ്ങളും, ജീവിതത്തിൻെറ അർത്ഥം ഉദ്ദേശ്യം എന്നിവയെ സംബന്ധിച്ചു് അതിനു് ലഭിച്ചിട്ടുള്ള പ്രാംങ്ങളും സാക്ഷാത്ക്കരിക്കാൻ സഹായിക്കുന്നു. ഒരു നാഗരികതയെ പ്രശംസിക്കുകയോ ദൂഷിക്കുകയോ ചെയ്യുമ്പോൾ അതിൻെറ മൂല്യങ്ങളുടെ നിലവാരമാണു് നമ്മുടെ ദൃഷ്ടിയിലുള്ളതു്.

പൌരാണിക ഹൈന്ദവ വിജ്ഞാനവും യവനചിന്തയും മനുഷ്യനെ അഖിലാണ്ഡത്തിൻെറ പ്രതികൃതിയായി കരുതുന്നതിൽ യോജിക്കുന്നു. മനുഷ്യനു് ലോഹങ്ങളെപ്പോലെ അളവും തൂക്കവും ഉള്ള ശരീരമുണ്ടു്, സസ്യങ്ങളെപ്പോലെ അവയവ സംസ്ഥാപനമുണ്ടു്, ജീവികളെപ്പോലെ ഇന്ദ്രിയ സൂക്ഷ്മതയും ചലനശക്തിയുമുണ്ടു്. ഇതിനെല്ലാം ഉപരി വിവേചനാശക്തിയും ആത്മീയാഭിവാഞ്ഛകളുമുണ്ടു് മനുഷ്യനു്. വ്യാപകമായി പറഞ്ഞാൽ ശരീരം, മനസ്സു്, ആത്മാവു് എന്നിവയുടെ ഒരു ത്രിതയമാണു് (Trinity) മനുഷ്യൻ. വാനരൻേറതിൽ നിന്നു വളരെയൊന്നും വ്യത്യസ്തമല്ലാത്ത ശാരീരികസത്ത നമ്മുടെ ജന്തുപാരമ്പര്യവും സസ്യവർഗ്ഗപാരമ്പര്യവും തെളിയിക്കുന്നു. ചിമ്പാൻസിയുടെ തലച്ചോറിനില്ലാത്ത ഏതെങ്കിലും തരത്തിലുള്ള യാതൊരു ഉരുത്തിരിവും മനുഷ്യമസ്തിഷ്ക്കത്തിനില്ലെന്നു് പ്രൊഫസർ എലിയട്ട്സ്മിത്തു് (Elliot Smith) സ്ഥാപിക്കുന്നു. സഹജമായ അലസത, നിർവ്വിശേഷമായി ജീവിക്കാനുള്ള വാസന, മണ്ണിനോടു് പററിച്ചേർന്നുകൊണ്ടുള്ള നില്പു്, ക്രോധം ഭയം തുടങ്ങിയ വികാരങ്ങൾക്കു് കീഴ്പ്പെടൽ എന്നു തുടങ്ങിയ ചില മാനസിക വിശേഷതകളും ജന്തുലോകവുമായി നമുക്കുള്ള ബന്ധമാണു് ചൂണ്ടിക്കാണിക്കുന്നതു്. അദൃഷ്ടവസ്തുക്കളുടെ നേരെയുള്ള അതികാംക്ഷ, ആത്മീയമോഹങ്ങൾ, സാഹസോദ്യമം, നമ്മിൽ നിന്നുതന്നെ ഉയരുന്നതിനുള്ള പരിശ്രമം ഇതെല്ലാം നമ്മുടെ ആത്മസത്തയുടെ അകൃത്രിമഭാഗവും നമ്മുടെ-

പുരാണങ്ങളുടേയും ദർശനങ്ങളുടേയും മതങ്ങളുടേയും, കലകളുടേയും പിറവിക്കു കാരണവുമാകുന്നു. മനുഷ്യപരിണാമചരിത്രത്തിൽ ആദ്യന്തം നമ്മുടെ ആത്മീയാഭിവാഞ്ഛകൾ നിലനില്ക്കുകയും, അന്ധവിശ്വാസം, സർവ്വാത്മവാദം (Animism) മിഥ്യാകഥകൾ എന്നിവയുടേതായ അസംസ്കൃത ഘട്ടങ്ങൾ തൊട്ട് ഇന്നത്തെ സംസ്കൃതവും സങ്കീർണ്ണവും ആയ തത്വചിന്താ സമ്പ്രദായങ്ങളും ധാർമ്മികസംസ്കാരങ്ങളും വരെ വ്യത്യസ്തരൂപങ്ങളിൽ ആവിഷ്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

ജന്തുവർഗ്ഗപാരമ്പര്യത്തിൽ നിന്ന് ആർജ്ജിച്ചതായി ഗണിക്കേണ്ട പലതും നമ്മളിൽ ഉണ്ടെങ്കിലും മനുഷ്യൻ ജന്തുവിൽനിന്നു വ്യത്യസ്തനാണ്, മനുഷ്യനെന്ന നിലയിൽ. നമ്മുടെ ദുർഗ്ഗുണങ്ങളും സദ്ഗുണങ്ങളും സവിശേഷമായും മാനുഷികമാണ്. ഇന്ദ്രിയസുഖങ്ങളെ ജീവിതലക്ഷ്യമാക്കുമ്പോൾ നാം മനുഷ്യത്വം വിട്ട് കൂടുതൽ മൃഗങ്ങളോടടുക്കുന്നു എന്നു പറയാറുണ്ട്. എന്നാൽ മനുഷ്യന് ചെയ്യാൻ കഴിയുന്നതുപോലെ ഒരു ജന്തുവിനും കഴിയില്ല സുഖജീവിതത്തെക്കുറിച്ചുള്ള ഒരു ആദർശം രൂപവൽക്കരിക്കുവാനും അതു പിന്തുടരുവാനും. മാത്രമല്ല, ജന്തുക്കൾ മനുഷ്യരേക്കാൾ ശിഷ്ടത കാണിക്കുന്ന കാര്യങ്ങളുണ്ട്. ജന്തുക്കൾക്കു പ്രകൃതിസിദ്ധവും മനുഷ്യർ കഠിനമായുള്ള യത്നംകൊണ്ടും ശിക്ഷണംകൊണ്ടും ആർജ്ജിക്കേണ്ടതും ആയ ചില വസ്തുതകളുണ്ട്. മൃഗങ്ങൾ ലൈംഗികവാസന സന്താനോൽപ്പാദനനിർവ്വഹണത്തിനായി മാത്രം കണിശമായി കീഴ്പ്പെടുത്തി നിർത്തുന്നു. കാട്ടുമനുഷ്യർക്കും പ്രാകൃതമനുഷ്യർക്കും ഇക്കാര്യത്തിൽ ജന്തുക്കളുമായി വളരെ സാദൃശ്യമുണ്ട്. ജന്തുപാരമ്പര്യത്തിൽ നിന്ന് ധീരോദാത്തതയുടെ പരമൌന്നത്യങ്ങളിലേക്ക് ഉയരുവാനോ, അധ:പതനത്തിൻെറ അഗാധതകളിലേയ്ക്ക് താഴുവാനോ ഉള്ള വലിയ സാദ്ധ്യതകൾ തുറന്നിടുന്നു നമുക്ക് സിദ്ധിച്ചിട്ടുള്ള ചിന്താശക്തിയും വിവേചനാ ശക്തിയും. അതുകൊണ്ട് മൃഗത്തിൻെറ നിലവാരത്തിലേയ്ക്ക് താഴുന്നു എന്നു പറയുമ്പോൾ മനുഷ്യർക്കും ജന്തുക്കൾക്കും പൊതുവെ ഉള്ളതായ ചില ആവശ്യങ്ങളുടെ പേരിലുള്ള നമ്മുടെ സ്വാതന്ത്ര്യദുർവ്വിനിയോഗത്തെ അർത്ഥമാക്കുന്ന ഒരലങ്കാരം പ്രയോഗിക്കുകയാണ് നാം.

സ്വയം സാകല്യത്തിനു ശ്രമിക്കുകയാണ് നമ്മളിലുള്ള മൃഗം. അതിൻെറ എല്ലാ പ്രേരണകളും സംതൃപ്തമാകുമ്പോൾ ജന്തുസത്ത

യുടെ പൂൎണ്ണവളൎച്ച എത്തുന്നു; നമ്മുടെ ജന്തുപ്രകൃതിക്ക് സംപൂൎത്തി സിദ്ധിക്കുന്നു. മനുഷ്യസത്തയും ശരീരവും ഒന്നായി കല്പിക്കുകയും ജീവിതോദ്ദേശ്യം ശരീരത്തിന്റെ വളൎച്ച തന്നെ എന്നു കരുതുകയും ആണെങ്കിൽ, മൃഗീയമായ കരുത്തിനേയും കഴിവിനേയും ആരാധിക്കുകയും, വികാരസംതൃപ്തിയെ ആദൎശമാക്കുകയും ചെയ്യുന്ന കിരാതരാണ് നാം എന്നു പറയപ്പെട്ടും. ശരീരത്തിന്റേതു മാത്രമായ അത്തരം ഒരു സംസ്കാരം ആത്മാവിനെ പരുഷമാക്കുകയും അതിന്റെ അവകാശങ്ങൾ അപഹരിക്കുകയും ചെയ്യുന്നു. കായികമായ വിക്രമത്തിനും വികാസത്തിനും സൎവ്വപ്രധാനത കല്പിക്കുന്നതു് കിരാതത്വത്തിന്റെ വിശേഷചിഹ്നമാണ്. അങ്ങനെയുള്ള ഒരു സമുദായത്തിൽ പുരുഷന്മാർ സ്ത്രീകളെ, അവരുടെ ശാരീരികദൌൎബ്ബല്യത്താൽ, നിസ്സാരകളായി ഗണിച്ച് ദൂഷണം ചെയ്യുന്നു. ആ സ്ത്രീകളാകട്ടെ, മൃഗീയശക്തിയെ ബഹുമാനിക്കുകയും അതിന് അരുനില്ക്കുകയും, പരാക്രമത്തിനും ആയുധപ്രയോഗങ്ങൾക്കും പുകൾപെററവരെ ഇഷ്ടപ്പെട്ടുകയും ചെയ്യുന്നു.

ജീവനേക്കാളും ദേഹത്തിനേക്കാളും മനസ്സിനു് പ്രാധാന്യം കല്പിക്കുന്ന സമുദായം ഉയൎന്ന നിലവാരത്തിൽ ഉള്ളതാണ്. മനസ്സിനെ സൌന്ദൎയ്യാഭിരുചിയുടെ വികാസവും ധാൎമ്മികപരിപൂൎത്തിയും ഉൾപ്പെട്ടമാറു് വിപുലമായ അൎത്ഥത്തിലെട്ടത്തില്ലെങ്കിൽ, അതായതു് മനസ്സ് ആത്മാവിൽനിന്നു് അഭിന്നമായ ഒന്നായി വ്യാഖ്യാനിക്കപ്പെട്ടില്ലെങ്കിൽ, നാം നാഗരികതയുടെ ആദൎശരൂപത്തെ പ്രാപിച്ചിട്ടില്ല. നമ്മുടെ വിജ്ഞാനം വൎദ്ധിച്ചിരിക്കാം. പക്ഷെ, ഉൽകൃഷ്ടമായ ആത്മീയലക്ഷ്യങ്ങൾക്കുവേണ്ടിയല്ല പ്രാണന്റേയും ശരീരത്തിന്റേയും സംതൃപ്തികൾക്കു വേണ്ടിയാണ് അതു വിനിയോഗിക്കുന്നതു്. ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനും സ്വത്തു ശേഖരിക്കുന്നതിനും ഉള്ള ആഗ്രഹം മുന്നിട്ടുനില്ക്കുന്ന നമ്മുടെ ജീവിതത്തിൽ. ഇന്നത്തെ മാനസികജീവിതം വളരെ താഴ്ന്ന നിലവാരത്തിൽ ഉള്ളതാണ്. വൈകാരികപുളകങ്ങളും ബുദ്ധിപരമായ സംവേദനങ്ങളും സൌന്ദൎയ്യാത്മകവ്യാപാരങ്ങളും മാനസിക സംക്ഷോഭങ്ങളും ആണ് നമ്മെ ആകൎഷിക്കുന്നതു്. മഹത്തായ സാഹിത്യത്തിന്റേയും വിശിഷ്ടമായ കലയുടേയും അഗാധാസ്വാദനങ്ങളല്ല, നിൎജ്ജീവമായ ഇതിവൃത്തങ്ങളും അപസൎപ്പകകഥകളും പദപ്രശ്നങ്ങളും ആണ് നമ്മെ വശീകരിക്കുന്നതും

രസിപ്പിക്കുന്നതും. രണ്ടാംതരമായ ഇത്തരം, ഒരു സമുദായത്തിൽ പെട്ട വ്യക്തി മാമൂലുകൾക്കു് വഴങ്ങി, ബുദ്ധിശൂന്യമായി പ്രവർത്തിക്കുകയാണു്. കുറെ ഇഷ്ടങ്ങളുടേയും അനിഷ്ടങ്ങളുടേയും, അനുകൂലവും പ്രതികൂലവും ആയ ചില പൂർവ്വാഭിപ്രായങ്ങളുടേയും പക്ഷപാതങ്ങളുടേയും ആകത്തുകയാകയാൽ അയാളുടെ ധാർമ്മികബോധം പ്രാകൃതവും അവികസിതവും ആണു്. മാമൂലിന്നു വഴങ്ങിക്കൊണ്ടുമാത്രം ജീവിതത്തിനു് രൂപം കൊടുക്കുന്നതിനാൽ കാഴ്ചയിലുള്ള മേനിയും സൌഖ്യവും ഒഴിച്ചു് അയാൾക്കു വേറെ മാനദണ്ഡങ്ങളൊന്നുമില്ല. സാമ്പത്തികസമരത്തിൽ ഒരാളെ വിജയാർഹനാക്കുന്നതിനു് പ്രയോജകീഭവിക്കുന്നതുകൊണ്ടാണു് വിദ്യാഭ്യാസത്തിനു് വില കല്പിക്കുന്നതു്. ശാസ്ത്രത്തെ ആദരിക്കുന്നതാകട്ടെ അതിൻെറ ഉപയോഗപ്രദമായ വിജ്ഞാനം, അതു സാധ്യമാക്കുന്ന സുഖസൌകര്യങ്ങൾ, സംഘടനാവൈഭവം, ഉൽപാദനം വർദ്ധിപ്പിക്കുന്ന യന്ത്രോപകരണങ്ങൾ കണ്ടുപിടിക്കുവാനുള്ള കഴിവു് എന്നിവകൊണ്ടാണു്. എന്തായാലും ബാഹ്യമായ നേട്ടങ്ങൾകൊണ്ടു് ആന്തരികസംസ്കാരം ഉളവാകുകയില്ല. ഇന്നുമുണ്ടു് യുദ്ധങ്ങൾ. അവ ആയുധങ്ങളുടേതല്ല, യന്ത്രങ്ങളുടെ പോരാണെന്നുമാത്രം. മററു മൃഗങ്ങളെ കൊന്നുതിന്നുന്ന ഹിംസ്രജന്തുക്കളോളം സാഹോദര്യഭാവം നമുക്കില്ല. സ്വാത്മബുദ്ധി കീഴ്പ്പെടുത്തുന്നതുവരെ നാം കൂടുതൽ അപകടകാരികളുമാണു്, നമ്മുടെ വിദ്രോഹശക്തി ആയിരം മടങ്ങു് വർദ്ധിച്ചിട്ടുള്ളതിനാൽ. മാമൂലുകളുടെ അടിമകളാകയാൽ ആത്മദാസ്യം അനുഭവിക്കുന്നവരാണു് നാം. സമൂഹം സ്വസിദ്ധാന്തത്തെ കേവലപ്രമാണമായും, സംസ്കാരത്തെ സർവ്വോൽകൃഷ്ടമായും കരുതുമ്പോൾ വ്യക്തി അവയ്ക്കുവേണ്ടി സമരം ചെയ്യാൻ സന്നദ്ധനാണു്. മതമൂലകമായ മനുഷ്യഹിംസയുടെ ചരിത്രം തെളിയിക്കുന്നതുപോലെ, ബലത്തിലുള്ള വിശ്വാസമാണു് പ്രഥമതത്വം. അത്തരം ഒരു സമുദായത്തിന്റെ സാധാരണതലത്തിൽനിന്നു അല്പം ഉയന്നു് ചിലർ മാനവവർഗ്ഗത്തിൻെറ ആത്യന്തികലക്ഷ്യം പ്രേമാത്മകനായ ഒരു വിശ്വദൈവത്തിൻെറ ബോധം ആവിഷ്കരിക്കുന്ന ലോകകുടുംബം നിർമ്മിക്കയും ലോകത്തിന്റെ മുഴവൻ സുഖം എന്ന അഭിലാഷത്തിലേയ്ക്കു് മനുഷ്യരെ ധാരാളമായും സ്വതന്ത്രമായും ആകർഷിക്കയും ബലപ്രയോഗത്തെ നിരസിക്കാൻ നിർദ്ദേശിക്കയും ആണെന്നു് സങ്കല്പിച്ചാൽ അവരെ

ല്ലാം വിപ്ലവകാരികളും സ്വധമ്മഭ്രഷ്ടരും ആയി ഗണിക്കപ്പെടുന്നു. സമുദായം അവരെ എളുപ്പം ഒഴിവാക്കുന്നു. ഭീരുക്കളെ പേടിപ്പിച്ചു് കീഴ്പ്പെടുത്തുന്നു, വിരുദ്ധാഭിപ്രായമുള്ളവരെ നശിപ്പിക്കുന്നു. സാമ്പത്തികം അല്ലെങ്കിൽ ബുദ്ധിപരം ആയ കിരാതത്വത്തിന്റേതാണു് ഈ സാമുദായിക നില. കാരണം, അതു് നാഗരികത സ്വസ്ഥതയായും, സദാചാരം ലോകാചാരമായും, മതം നിയതചര്യയായും, രാജ്യതന്ത്രം വാണിജ്യവും വിപണികളുടെ ഉദ്ഘാടനവുമായും തെററിദ്ധരിക്കുന്നു.

മനസ്സിനേയും ആത്മാവിനേയും സംബന്ധിക്കുന്ന ഉൽക്കൃഷ്ടമായ മാനുഷികാദർശങ്ങൾ ഒഴിച്ചുനിർത്തി, ജീവശരീരങ്ങൾ, സാമ്പത്തികമായ നിലനില്പു്, ശാസ്ത്രീയവും സാങ്കേതികവുമായ കഴിവുകൾ എന്നിവയിൽ മാത്രം മനസ്സുവെയ്ക്കുന്ന ഒരു സമുദായം യഥാർത്ഥത്തിൽ പരിഷ്കൃതമല്ല. അവിഭാജ്യമായ ഒരു ഏകത്വത്തിൻെറ വേർതിരിച്ചറിയാവുന്ന അവസ്ഥകളാണു് ശരീരവും മനസ്സും ആത്മാവും. ഇവയുടെ സമവായമാണു് മനുഷ്യപ്രകൃതി. ഇവ മൂന്നിൻേറയും സമന്വയമാണു് നാഗരികതയുടെ ലക്ഷ്യം. ഈ ഘടകങ്ങൾ തമ്മിലുണ്ടാകുന്ന സംഘർഷത്തിലും ഉരസലിലും പരിതപിക്കുകയല്ല, അവയെ കീഴടക്കുകയും ക്രമപ്പെടുത്തി എടുക്കുകയും ആണു് ആവശ്യം. ശരീരത്തിൻെറ മേന്മയും ഭദ്രതയും ആരോഗ്യവും ആവശ്യമാണു് പൂർണ്ണമാനുഷത്വത്തിനു്. നല്ല ജീവിതത്തിനു് തൃപ്തികരമായ സാമൂഹ്യ സാമ്പത്തികവ്യവസ്ഥാപനം വേണം. എന്നാൽ ഇവകൊണ്ടുമാത്രം കാര്യമായില്ല. പ്രപഞ്ചം വളരെയധികം ക്ലേശവും പ്രയത്നവും സഹിച്ചിട്ടുണ്ടു്, മൃഗത്വം പരിപൂർണ്ണമാകുന്നതുകൊണ്ടുമാത്രം സംതൃപ്തരാകാതെ സത്യം, ശിവം, സുന്ദരം എന്ന ആദർശത്തെ ആരാധിക്കുന്ന വ്യക്തികളെ ഉൽപ്പാദിപ്പിക്കുവാൻ. അർദ്ധപരിഷ്കൃതനും അപരിഷ്കൃതനും തമ്മിൽ ഉള്ള വ്യത്യാസം, ആത്മസംരക്ഷണത്തിനും ആത്മാവകാശസ്ഥാപനത്തിനും ആത്മസംതൃപ്തിക്കും ഉള്ള ജന്തുവാസനകളാൽ നിയന്ത്രിതവും സങ്കുചിതവും സ്വാർത്ഥപരവുമായ വ്യക്തിപരത്വവും, സമസ്തജനതയുടേയും ശ്രേയസ്സിനുവേണ്ടി സമർപ്പിതവും സ്വാർത്ഥരഹിതവുമായ സാർവ്വലൌകികഭാവവും തമ്മിലുള്ള മുഴുവൻ ദൂരമാണു്. വൈയക്തികവീക്ഷണം, സാർവ്വലൌകികവീക്ഷണമാക്കി മാററുന്നതാണു്, ദൈനംദിന ജീവിതം ശാശ്വതോദ്ദേശ്യവുമായി ബന്ധിപ്പിക്കുന്നതാണു്, നമ്മളെ യഥാർത്ഥത്തിൽ

മനുഷ്യരാക്കുന്നതു്. ഈ കൃത്യം അത്ര് എളുപ്പമല്ല. എങ്കിലും സാർവ്വലൌകികതയിലേക്കു് നമ്മുടെ സമസ്തപ്രകൃതിയുടേയും പുനർന്നിയോഗം സംഭവിക്കുന്നതോടുകൂടി നകം ചുമക്കുക എളുപ്പമായിത്തീരുന്നു; ഭാരം ലഘുവാകുന്നു. അതോടെ ജന്തുജീവിതത്തിൽനിന്നും ജന്തുബോധത്തിൽനിന്നും മനുഷ്യജീവിതവും മനുഷ്യാവബോധവും വ്യത്യസ്തമായിരിക്കുന്നതുപോലെ തന്നെ മനുഷ്യക്കു് ഇന്നുള്ളതിൽനിന്നു് വിഭിന്നമായ പുതിയ തരത്തിലുള്ള ഒരു ജീവിതവും പുതിയ മനോബോധക്രമവും ഉണ്ടാകുന്നു.*

പരിഷ്കൃതിയുടേയോ അപരിഷ്കൃതിയുടേയോ പരിപൂർണ്ണരൂപം മനുഷ്യവംശചരിത്രത്തിൽ ഉണ്ടായിട്ടില്ല. പാടെ അസംസ്കൃതമോ കേവലം സംസ്കൃതമോ അല്ല ഒരു സമുദായവും. സ്വന്തമായി ഒരു വർഗ്ഗസ്വഭാവവും മതാചാരങ്ങളും സാമൂഹ്യവിധങ്ങളും രൂപവൽകരിക്കുന്നതിൽ ഒരു മനുഷ്യസംഘടനയും പരാജയപ്പെട്ടിട്ടില്ല. തെററും ശരിയും തിരിച്ചറിയാത്ത, കലയുടേയും സദാചാരത്തിൻെറ അപൂർണ്ണാംശങ്ങളെങ്കിലും ഇല്ലാത്ത ഒരു വർഗ്ഗത്തിൻെറ അവശേഷങ്ങൾ കണ്ടെത്താൻ പ്രയാസമാണു്. കിരാതത്ത്വത്തോളം തന്നെ പ്രാക്തനമാണു് നാഗരികത. എസ്കിമോകളേയും റെഡ്ഇന്ത്യാക്കാരേയും ബന്തൂട്ടോക്കാരേയും ഫീജിദ്വീപുകാരേയും നാം പ്രാകൃതരായി ഗണിക്കുന്നു; സ്കൂളുകളും ആസ്പത്രികളും നീതിന്യായക്കോടതികളും പോലീസ്സ്റ്റേഷനും എല്ലാം അടങ്ങിയ പൌരസമുദായത്തെക്കുറിച്ചു് നമുക്കുള്ള സങ്കല്പത്തിലേക്കു് അവർ ഉയർന്നിട്ടില്ലാത്തതുകൊണ്ടു മാത്രം. എന്നാൽ വളരെ പുരോഗമിച്ച ഗ്രീക്കുകാരേയും റോമൻകാരേയും പോലെ, അല്ലെങ്കിൽ, ഇന്നത്തെ ബ്രിട്ടീഷുകാരേയും ജർമ്മൻകാരേയും പോലെ, അവരുടെ ജീവിതരീതികളിലും ആചാരങ്ങളിലും വിശ്വാസങ്ങളിലും അവർ ഒരു വ്യക്തിത്വം പ്രദർശിപ്പിക്കുന്നുണ്ടു്, സംശയമില്ല. അവരുടെ സാമൂഹ്യഘടന വ്യത്യസ്തവും പ്രകൃതിവിജ്ഞാനം സങ്കു

---

* ഹൈന്ദവസംജ്ഞകൾ സ്വീകരിക്കുകയാണെങ്കിൽ കായികശക്തി ആദർശമാക്കുന്ന ഒരു സമുദായം താമസവും, സംതൃപ്തികൾക്കു് (പ്രാണഭൃതവും ശാരീരികവും സാമ്പത്തികവും) പ്രഥമസ്ഥാനം കല്പിക്കുന്ന സമുദായം രാജസവും, ആത്മീയസ്വാതന്ത്ര്യവും ആത്മീയവികാസവും മുഖ്യലക്ഷ്യമാക്കുന്ന സമുദായം സാത്വികവും ആണെന്നു പറയാം.

ചിതവും ഉപകരണങ്ങൾ അപരിഷ്കൃതവും ആയതുകൊണ്ടുമാത്രം അവരെ അസംസ്കൃതരെന്നോ കിരാതരെന്നോ വിളിക്കാൻ വയ്യ. നാഗരികതയുടെ ലക്ഷണം രാഷ്ട്രീയവിജയമോ സാമ്പത്തികാഭിവൃദ്ധിയോ മനുഷ്യരെ നശിപ്പിക്കുന്നതിനുള്ള സാമത്ഥ്യമോ ആണെന്നു ധരിച്ചുകൊണ്ടു് ഇക്കാലത്തുപോലും രാഷ്ട്രീയമായി പിന്നണിയിൽ നിൽക്കുന്ന രാജ്യങ്ങളെ അത്ഥപരിഷ്കൃതമെന്നോ അപരിഷ്കൃതമെന്നോ വിളിക്കാൻ നാം മുതിരുന്നു. റഷ്യയെ എതിത്തു തോല്പിച്ചപ്പോൾ ജപ്പാൻ അത്യധികം പരിഷ്കൃതരാജ്യമായി ഗണിക്കപ്പെട്ടു. ഇതാണു് നമ്മുടെ ധാരണയെങ്കിൽ സുംഗവംശത്തെ തോല്പിച്ചു തള്ളിയ ടാർടാർ വർഗ്ഗക്കാരേയും, റോമാ സാമ്രാജ്യം ആക്രമിച്ച അപരിഷ്കൃതവർഗ്ഗത്തേയും പരിഷ്കൃതമാനവത്തിൻെറ മാതൃകകളായി ഗണിക്കേണ്ടിവരും.

ഏററവും പ്രാക്തനങ്ങളായ സമൂഹങ്ങളിൽപോലും നാഗരികതയുടെ പ്രാകൃതാങ്കുരങ്ങളുണ്ടു്. പരിഷ്കൃതസമുദായങ്ങളിൽ വളരെയേറെ പ്രാകൃതത്വവും നിലനിന്നു പോരുന്നു. ഹൂണർ, ഗോഥിക്കു്, വൻഡാൽ, ടക്കോമൻ തുടങ്ങിയ വർഗ്ഗക്കാരെ അസംസ്കൃതരായിട്ടാണു് നാം വീക്ഷിക്കുന്നതു്. എന്നാൽ ഭാവിയിലെന്നെങ്കിലും കുറെക്കൂടി വളച്ചപ്രാപിച്ച മനുഷ്യത്വം നമ്മുടെ ഇന്നത്തെ നാഗരികതയിൽ ഏറെയെല്ലാം പൂണ്ണസംസ്കാരം നേടാത്ത ഒരു സമുദായത്തിൻെറ അന്ധവിശ്വാസങ്ങളും നൃശംസതകളും ആയി വീക്ഷിക്കുകയില്ലെന്നു് നമുക്ക് ഉറപ്പിക്കുവാൻ നിവൃത്തിയില്ല. വാൾപയററുകാർ മത്സരിച്ചു് പയററി മരിക്കുന്ന റോമൻകാരുടെ വിനോദപ്രദർശനങ്ങളെ നാം അപലപിക്കുമ്പോൾ നമ്മുടെ പിൻഗാമികൾ ക്രുദ്ധമൃഗങ്ങൾ പോരടിക്കുന്നതു കാണാൻ നമുക്കുള്ള ആഹ്ളാദത്തേയും നമ്മുടെ സമ്മാന്മമത്സരങ്ങളേയും അപഹസിക്കും. യുദ്ധം എന്നു പറയുന്ന നമ്മുടെ പരിഷ്കൃത 'കശാപ്പു' തൊഴിലിനെക്കുറിച്ചു ഒന്നും പറയേണ്ടതില്ല.

നാഗരികത നമ്മിൽ തന്നെയാണു്; നമ്മുടെ ധാമ്മിക സങ്കല്പങ്ങളിലും മതസംബന്ധമായ ആശയങ്ങളിലും സാമൂഹ്യവീക്ഷണത്തിലുമാണു്. ആവിക്കപ്പലും റെയിൽവേയും ടെലഫോണും ടൈപ്പുറൈറ്ററും ഉപയോഗിക്കുന്നതുകൊണ്ടു മാത്രം നമ്മെ പരിഷ്കൃതരെന്നു പറയാൻ വയ്യ. ഒരു കുരങ്ങൻ സൈക്കിൾ ചവിട്ടാനും ഗ്ലാസ്സുകൊണ്ടു കുടിക്കാനും പുകവലിക്കാനും പരിശീലിപ്പിക്കപ്പെ

ട്ടാലും കുരങ്ങൻ തന്നെയാണ്. സാങ്കേതികവൈദഗ്ദ്ധ്യത്തിന് ധാർമ്മികവികാസവുമായി വലിയ ബന്ധമൊന്നുമില്ല. കൃത്യമായ ശാസ്ത്രങ്ങളിലും യന്ത്രസംബന്ധമായ സംസ്ഥാപനങ്ങളിലും പൗരാണികഭാരതത്തിൻെറയോ ഗ്രീസിന്റേറയോ, മദ്ധ്യകാലത്തെ ഇററലിയുടേയോ നേട്ടങ്ങൾ നമ്മുടേതിനേക്കാൾ വളരെ താഴ്ന്നതാണെങ്കിലും അവക്ക് ആത്മീയമൂല്യങ്ങളേയും ജീവിതകലയേയും കുറിച്ച് കുറേക്കൂടി യഥാർത്ഥമായ ബോധം ഉണ്ടായിരുന്നു എന്നതു് അനിഷേധ്യമാണ്. നാഗരികതയെ പുതിയ വസ്തുക്കൾക്കുവേണ്ടിയുള്ള ഒരു ജ്വരതൃഷ്ണയായോ സമ്പദാർജ്ജനത്തിനു വേണ്ടിയുള്ള ഭ്രാന്തു പിടിച്ച ഓട്ടപ്പന്തയമായോ തെററിദ്ധരിക്കാതിരിക്കണമെങ്കിൽ ജീവിതകലയിൽ ശ്രേയസ്കരമായ ഒട്ടുവളരെ പാഠങ്ങളുണ്ട് ഇന്ത്യയിൽനിന്നോ ചൈനയിൽനിന്നോ പുരാതനഗ്രീസിൽനിന്നോ നമുക്ക് പഠിക്കാവുന്നതായി. ഈ രാഷ്ട്രങ്ങൾക്കൊന്നും സ്വന്തമായ ന്യൂനതകൾ ഇല്ലായിരുന്നു എന്നർത്ഥമില്ല. ഗ്രീസിലെ പൗരമുഖ്യന്മാർക്ക് വിശ്രമവും പ്രബോധനവും സാധ്യമാക്കിയിരുന്നതു് ആ ആനുകൂല്യങ്ങളിൽനിന്നു് സമൂഹത്തിനു് ആവശ്യമായ അദ്ധ്വാനമേറിയ ജോലികളിലേർപ്പെട്ടുന്ന ഒരു വലിയ വിഭാഗം കൈത്തൊഴിലുകാരേയും അടിമകളേയും ഒഴിച്ചുനിർത്തിയിട്ടാണ്. പ്രാദേശികജാത്യാചാരങ്ങളുടേയും വിശ്വാസങ്ങളുടേയും നേരേയുള്ള ബുദ്ധിപൂർവ്വമായ സഹനശീലത്താൽ ഹൈന്ദവനാഗരികത രാജ്യത്തിലെ നാടൻ ഗോത്രങ്ങളെ ക്രമേണ സ്വതന്ത്രവും സജീവവുമായ ഒരു സങ്കലനത്തിൽ ഉൾക്കൊണ്ടിട്ടുണ്ടെങ്കിലും അതു് അധഃകൃതജനങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ ശ്രദ്ധിച്ചിരുന്നില്ല. ഹൈന്ദവാദർശങ്ങൾ, എത്ര ശ്ലാഘ്യമായാലും, ജനതാമദ്ധ്യത്തിൽ ആണ്ടിറങ്ങിയിട്ടില്ല. ഏകാധിപത്യത്തിൻെറ കീഴിൽ സ്വാതന്ത്ര്യമാനുഷ്യകത്തിൻെറ വളച്ച് അറ്റുപോയതിനെത്തുടന്നു് ഉന്നതാദർശങ്ങളിൽനിന്നു് പരിതാപകരമായ ഒരു പതനമുണ്ടായി.

ആധുനികനാഗരികത ആർത്ഥികമായ കൈരാതദശയിലാണ്. ലോകത്തേയും, അതിൻെറ ശക്തിയേയും കുറിച്ചാണ്, ആത്മാവിനേയും ആത്മപൂർണ്ണതയേയും കുറിച്ചല്ല അതിൻെറ ശ്രദ്ധ. ഒന്നാമത്തേതും ഒടുവിലത്തേതുമായ തത്വങ്ങൾ നമ്മുടെ ബുദ്ധിക്ക് അതീതമാകയാൽ നമുക്ക് അധീനമായ കാര്യങ്ങൾ ഭംഗിയായി നോക്കുവാനാണ് അത്യാവശ്യപ്പെട്ടുന്നതു്. നമ്മുടെ ജീവിതത്തിൻെറ

ബാഹ്യഭാവങ്ങളെല്ലാം ഭദ്രമാക്കുവാനും, ഭൂമിയുടെ ആത്മികസാധ്യതകളെ ഉപയോഗപ്പെടുത്തുവാനും, ഭൗതികമായ ക്ഷേമം പരക്കെ വ്യാപിപ്പിക്കുവാനും മനുഷ്യന്റെ ലക്ഷ്യങ്ങൾക്കായി പ്രകൃതിശക്തികളെ കീഴ്പെടുത്തുവാനും ഉള്ള അവിരാമവും ഉത്കണ്ഠാഭരിതവുമായ യത്നമാണ് അത്. നമ്മുടെ മനസ്സിനു് അധികാരമുണ്ട്, ജീവിതത്തിലും ജഡപദാർത്ഥത്തിലും. എന്നാൽ ആത്മാവിനു് മനസ്സിലും ജീവിതത്തിലും ശരീരത്തിലും അധികാരം സിദ്ധിച്ചിട്ടില്ല ഇതുവരെ. ജീവിതത്തേയും ശരീരത്തേയും നിയന്ത്രിക്കുവാനായി നാം അവയുടെ സാധ്യതകളും പ്രക്രിയകളും മനസ്സിലാക്കീട്ടുണ്ട്. ശാസ്ത്രീയപുരോഗതി അതിന്റെ ആദ്യവിജയങ്ങളിൽ തത്വജ്ഞാനത്തെ തള്ളിക്കളയുവാനും തത്വചിന്തയെ നിന്ദിക്കുവാനും തുനിയുകയും മതത്തെ നിഗ്രഹിക്കുന്നതിൽ ഏതാണ്ട് വിജയിക്കുകയും ചെയ്തു. നാം പൂർവ്വികരേക്കാൾ കൂടുതൽ വിജ്ഞന്മാരും ശാസ്ത്രീയവീക്ഷണമുള്ളവരും ആണെങ്കിലും, അവരേക്കാൾ മൃഗീയത കുറഞ്ഞവരാണെന്നും മനുഷ്യത്വം കൂടിയവരാണെന്നും പറകവയ്യാ. വിദ്യാഭ്യാസം ബുദ്ധിപരമായ ദാസ്യത്തിൽനിന്നു് നമ്മെ മോചിപ്പിച്ചിട്ടില്ല. അത് മനസ്സിനെ ഉദ്ദീപിപ്പിക്കുന്നു ഒരിക്കലും സന്തർപ്പണം ചെയ്യാതെ. നാം കവിത വായിക്കുന്നു; കഥകൾ വായിക്കുന്നു; സിനിമ കാണുന്നു; സംസ്കാരമുള്ളവരെന്നു് വിചാരിക്കുകയും ചെയ്യുന്നു. നമുക്കുണ്ടെന്നു് പറയുന്ന യുക്തിബോധം വെറും നാട്യമാണ്. സഹജവാസനകളെ താങ്ങിനിർത്തുന്നതിനുവേണ്ടിയാണ് നാം നമ്മുടെ യുക്തിവിചാരം പ്രയോജനപ്പെടുത്തുന്നത്. നാം ചെയ്യാനാഗ്രഹിക്കുന്നതിനെല്ലാം ന്യായങ്ങൾ കണ്ടുപിടിക്കുകയും വിശ്വസിക്കാനാഗ്രഹിക്കുന്നതിനെല്ലാം സാധുവാദങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു. "നല്ലതു് ചെയ്യാനൊരുങ്ങുന്നതിൽ" നമുക്ക് വലിയ വിശ്വാസമുണ്ട്, "നല്ലതു ചെയ്യുകയല്ല", "ഒരുങ്ങിക്കൊണ്ടിരിക്കലാണ്" അധികമെങ്കിലും. ആദർശങ്ങൾ ഉൾക്കൊള്ളാത്തവരും ശിക്ഷണം തീരെയില്ലാത്തവരും ആണെങ്കിലും മാനവത്വത്തിന്റെ ആദർശങ്ങളെ കുറിച്ച് നാം ആത്മാർത്ഥത കൂടാതെ ധാരാളം സംസാരിക്കുന്നു. പ്രചാരമുള്ള ആധുനികശൈലികൾ ചുണ്ടത്തുണ്ട്. ബഹിർമ്മുഖമാണ് നമ്മുടെ ജീവിതം. വിഡ്ഢികളും എട്ടുങ്ങചാട്ടക്കാരും എന്നും ക്ഷണത്തിൽവിശ്വസിക്കുന്നവരും, ഇടയ്ക്ക് വല്ലപ്പോഴും മഹാ ധീരതയും പലപ്പോഴം അവിശ്വസനീയമായ നിഷ്ഠൂരതയും പ്രകടിപ്പിക്കുവാൻ

കഴിവുള്ളവരുമായ പഴയ മനുഷ്യരിൽനിന്നു് വളരെയൊന്നും വ്യത്യസ്തരല്ല നമ്മൾ. മനുഷ്യൻ — കലഹവാസനയുള്ള ആ മൃഗം, ഇപ്പോഴും മെരുക്കപ്പെട്ടിട്ടില്ല. സാമ്പത്തികവിജയമാണു് നമ്മുടെ ഏററവും വലിയ ആദശം. ആത്ഥികഹേതുക്കളാൽ ഉണ്ടാകുന്നതാണു് മിക്കവാറും നമ്മുടെ യുദ്ധങ്ങളെല്ലാം. വമ്പിച്ച വ്യവസായമാണു് സാമ്രാജ്യം. നമ്മുടെ വാണിജ്യം വർദ്ധിപ്പിക്കാൻ, സാമ്രാജ്യം വിപുലമാക്കാൻ, കോളനികൾ സമ്പാദിക്കാൻ, നാം യുദ്ധം ചെയ്യുന്നു. സംശയമുളവാക്കാനിടയുള്ളതിനാൽ വ്യവസായത്തിനും വിപണികൾക്കും വേണ്ടി ബുദ്ധിപരമായ സ്വാതന്ത്ര്യവും, തൊഴിലാളിവർഗ്ഗത്തെ ചൂഷണം ചെയ്യുന്നതിലും അധ:സ്ഥിതവർഗ്ഗത്തെ ഭരിക്കുന്നതിലും നമുക്കുള്ള കഴിവു് കുറച്ചേക്കാമെന്നുള്ളതുകൊണ്ടു് വൈകാരികാനുഭാവവും, ദാർഢ്യത്തിനു് ഇളക്കം തട്ടാനിടയുള്ളതിനാൽ ഭാവനയും നാം ബലി കഴിക്കുന്നു. വ്യക്തികൾ തമ്മിലും വർഗ്ഗങ്ങൾ തമ്മിലും ഉള്ള സ്പർദ്ധ, യുദ്ധമഹിമ, വിജയലഹരി എന്നിവയെ ആസ്പദമാക്കിയുള്ളതും എല്ലാം ആക്രമിച്ചു കീഴ്പെടുത്തുന്നതും ആയ ഒരു നാഗരികതയാണു് നമ്മുടേതു്. വേഗം, കരുത്തു്, സാഹസികത, വികാരസംക്ഷോഭം, ഒച്ചപ്പാടുമായ പ്രവർത്തനം, പ്രചണ്ഡമായ കലക്കം ഇവയെല്ലാം ചേർന്നുണ്ടായതാണു് അതു്. ഉപശമിപ്പിക്കുവാൻ സാധ്യമല്ല അതിൻെറ ആഗ്രഹം. എപ്പോഴും അസംതൃപ്തമായിരിക്കാനാണു് അതിൻെറ വിധി.

വേഗം, സാധനസമൃദ്ധി, ഗുണങ്ങളുടെ പ്രമാണവത്ക്കരണം, ഭൗതികവസ്തുക്കളിലുള്ള അതിതാൽപര്യം — ഇതെല്ലാം യന്ത്രംകൊണ്ടു് സിദ്ധിച്ചിട്ടുള്ള ഗുണങ്ങളാണു്. പക്ഷേ അതിൻെറയെല്ലാം ഫലമായി മനുഷ്യാത്മാവിൻെറ പാരുഷ്യം വർദ്ധിച്ചിട്ടുണ്ടു്. ആന്തരികമായ ഐക്യത്തിൻെറ അഭാവവും, മാനസികമായ അരാജകത്വവും നമ്മെ പിടിപെട്ടിരിക്കുന്നു. സ്വാതന്ത്ര്യം, സൗന്ദര്യം, സ്നേഹം, സുജനത ഇവയെല്ലാമടങ്ങിയ യഥാത്ഥമനുഷ്യജീവിതത്തെസംബന്ധിച്ചുള്ള ഒരു ആത്മീയാദശം പുറമെ ഭാവിക്കുന്നതോടൊപ്പംതന്നെ നാം ശാരീരികജീവിതം, ശരീരത്തിൻെറ മുഖ്യാവശ്യങ്ങൾ, പ്രേരണകൾ, ഇന്ദ്രിയവികാരങ്ങളാൽ ഭരിതമായ താഴ്ന്ന മാനസികജീവിതം, പ്രയോജനക്ഷമതയെ മാത്രം മുൻനിത്തിയുള്ള പ്രവത്തനം ഇവയോടെല്ലാം വിവേകശൂന്യമായി ഒട്ടിനിൽക്കുകയും ചെയ്യുന്നു. ഏററവും അപരിഷ്കൃതമായ ശാരീരികകിരാ

തത്വം പോലും തീരെ ഇല്ലാതായിട്ടില്ല. ശരീരത്തിൻെറ നേരെ നമുക്കുള്ള പുതിയ വികാരത്തിൽക്കൂടിയും, "വിശുദ്ധകാമങ്ങൾ" "ദിവ്യാഗ്നി" "അന്തരാളപ്രതിഷ്ഠകൾ", പ്രകൃതിയോടടുത്തുനില്ക്കുന്ന "വിശിഷ്ടമായ വന്യഭാവം", "ഭൂതപ്രപഞ്ചത്തിൻെറ വിളി", എന്നെല്ലാം പറയപ്പെട്ടുന്നവയോട്ട് നമുക്കുള്ള മതിപ്പിൽക്കൂടിയും അത് സ്വയം പുറത്തു ചാട്ടുന്നു. ചിത്താവേഗം പാവനമായി എണ്ണുന്നു; യുക്തിവിചാരരാഹിത്യത്തെ പവിത്രതയുടെ ആവരണം അണിയിക്കുന്നു.

അന്ധമായ ക്രമരാഹിത്യത്തിൻെറ പിടിയിലൊന്നുമല്ല ലോകം. ചരിത്രത്തിൻെറ യുക്തി എന്ന ഒന്നുണ്ട്. ലോർഡ് ആക്ടൺ (Lord Acton) നമുക്ക് മുന്നറിയിപ്പ് തരുന്നു: "3000 സംവത്സരങ്ങൾ ഒഴിച്ചുനിർത്തിക്കൊണ്ട് 400 വർഷങ്ങളുടെ അവലോകനത്തെ അടിസ്ഥാനമാക്കി നമുക്ക് ഒരു തത്വചിന്തയും സ്ഥാപിക്കാൻ കഴിയുകയില്ല—" (Study of History). ഭൂതകാലത്തെ നാഗരികതയുടെ ഉദയവും അസ്തമയവും പരിശോധിച്ചുനോക്കുകയാണെങ്കിൽ — രാജ്യതന്ത്രത്തിൻേറയും ദേശസ്നേഹത്തിൻേറയും പേരിലും പരസ്പരവിനാശത്തിനു വേണ്ടിയും ശക്തികൾ വിനിയോഗിച്ചവയെല്ലാം ഒന്നുകിൽ ആഭ്യന്തരമായിത്തന്നെ, അല്ലെങ്കിൽ ബാഹ്യസംഘട്ടനങ്ങളാൽ തന്നത്താൻ നശിച്ചിട്ടുണ്ടെന്ന് കാണാം. പശ്ചിമയൂറോപ്പ് ശിലായുഗത്തിൽനിന്ന് പുറത്തു കടക്കുന്നതിന് വളരെക്കാലം മുമ്പ് ഈജിപ്റ്റിലേയും ബാബിലോണിലേയും അസ്സീറിയയിലേയും, ക്രീറ്റേയിലേയും, കാൽഡിയയിലേയും നാഗരികതകൾ അത്യന്തം പുരോഗതി പ്രാപിച്ചിട്ടുണ്ടായിരുന്നു. ചരിത്രത്തിലെ കഴിഞ്ഞ ആറായിരം സംവത്സരക്കാലങ്ങളിൽ ശ്രദ്ധ പതിപ്പിക്കുകയും കുറെ മുമ്പ് ഡോ: അലക്സാണ്ടർ ഇർവ്വിൻ (Dr. Alexander Irvine) നിർദ്ദേശിച്ചതുപോലെ ഒരു ശതവത്സരം ഘടികാരത്തിലെ ഒരു മിനിട്ടായി കണക്കാക്കുകയും ചെയ്താൽ സൂചികൾ രണ്ടും പന്ത്രണ്ടിൽ ആവുമ്പോൾ ഈജിപ്തും ബാബിലോണുമാണ് മധ്യത്തിൽ നില്ക്കുന്നതെന്ന് കാണാം. അഞ്ചു മിനിട്ട് കഴിയുമ്പോൾ പതുക്കെ ക്രീററെ മുമ്പോട്ടു വരുന്നു. പന്ത്രണ്ടു കഴിഞ്ഞു് പത്തു മിനിട്ടാവുമ്പോൾ അസ്സീറിയായും, പതിനഞ്ചു മിനിട്ടാകുമ്പോൾ കാൽഡിയായും ആണ് മുമ്പിൽ. ചൈനയുടേയും ഇന്ത്യയുടേയും നാഗരികതയുടെ പൗരാണികത്വത്തെക്കുറിച്ച് യൂറോപ്യന്മാരുടെ

കണക്ക് സ്വീകരിക്കുകയാണെങ്കിൽ ചൈനയും ഇന്ത്യയും മിഡിയായും (Medea) രംഗത്ത് വരുന്നത് പന്ത്രണ്ടു കഴിഞ്ഞു് ഇരുപതു് മിനിട്ടാവുമ്പോഴാണ്. പന്ത്രണ്ട് ഇരുപത്തഞ്ചിന് പേഴ്സ്യയാണ് മുമ്പിൽ. പന്ത്രണ്ടരയ്ക്ക് നാം ഗ്രീസിലാണ്. പന്ത്രണ്ട് മുപ്പത്തഞ്ചിന് ഭൂപടത്തിലെ ചില സാമ്രാജ്യങ്ങൾ മായ്ച്ചുകളയുകയാണ് അലക്സാണ്ടർ. പന്ത്രണ്ട് നാല്പതിനു് റോമൻകാർ ഭരിക്കുകയാണ്. പ്രബലമായ ആധുനിക യൂറോപ്യൻ രാഷ്ട്രങ്ങളുടെ ആരംഭദശയിലാണ് നാം പന്ത്രണ്ട് നാല്പത്തഞ്ചിനു്. പിന്നത്തെ പത്തു മിനിട്ടുകളിൽ ഓരോ മിനുട്ടും ഒരു സാമ്രാജ്യം, അല്ലെങ്കിൽ രാജ്യം ഭൂപടത്തിൽനിന്നു് പോവുകയും മറ്റൊന്നു് വരികയും ചെയ്യുന്നു. ഒരു മണിക്ക് ഏതാനും നിമിഷങ്ങൾക്കു് മുമ്പാണ് നമ്മുടെ ലോകമഹായുദ്ധം ഉണ്ടായതു്. മാനുഷികവും ആത്മീയവുമായ മൂല്യങ്ങളുടെ ഉജ്ജീവകസ്വഭാവത്തെ കാണിക്കുന്ന ഏഷ്യൻ നാഗരികതകളുടെ അതിജീവനം. അവിടേയും സമരവീരന്മാരായ രാജാക്കന്മാരും യുദ്ധങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ യൂറോപ്യൻ ജനതയ്ക്കിടയിൽ ഇന്നും കാണാവുന്നതുപോലെ യുദ്ധസാഹസോദ്യമങ്ങളെ വശ്യതകൊണ്ട് പാടേ പൊതിയുവാൻ ഏഷ്യൻ നാഗരികതകളുടെ ഉൽകൃഷ്ടജീവിതപ്രേമം തയ്യാറായിട്ടില്ല. എപ്പോഴും കൂടുതൽ നേടുവാൻ, സൈനികബലംകൊണ്ട് ഭൂമി ഒട്ടുക്ക് ആധിപത്യം സ്ഥാപിക്കുവാൻ ഉള്ള ജീവാപായകരമായ മോഹവ്യാധി പിടിപെട്ട അസ്സീറിയ തകന്നുപോയി അതിപരിശ്രമത്താൽ. ദീർഘകാലത്തെ നിരന്തരസമരം പൗരാണികഗ്രീസിനെ നശിപ്പിച്ചു. അറിയപ്പെട്ട ഭൂമി മുഴുവനും കീഴടക്കി എതിരില്ലാതെ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും കപ്പം ആർജ്ജിച്ചപ്പോൾ റോമൻ സാമ്രാജ്യത്തിനു ലോകം മുഴുവനും കിട്ടിയെങ്കിലും ആത്മാവു് നഷ്ടപ്പെട്ടു. വിവാഹകാര്യത്തിൽ അവർ പ്രകടിപ്പിച്ച നിരുത്തരവാദിത്വം വളരെ കൊടിയതായിരുന്നു. റോമൻ ഭോഗലിപ്സയുടെ തരുണദശയും അധഃപതനാരംഭവും കുറിക്കുന്നു, ഈ ഘട്ടം. ഒരു പുരുഷൻ ഇരുപത്തിമൂന്നാമത്തെ ഭാര്യയേയും ഒരു സ്ത്രീ ഇരുപത്തിഒന്നാമത്തേ ഭർത്താവിനേയും സ്വീകരിക്കുന്ന വിവാഹങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. വിവാഹങ്ങളിൽ ഏർപ്പെടുകയും അവ ദുർബ്ബലപ്പെടുത്തി വീണ്ടും വേറെ നടത്തുകയും ചെയ്തിരുന്നു, വീട്ടുസാമാനങ്ങൾ കൈമാററം ചെയ്യുന്നതുപോലെ. ചിന്തകന്മാർ റോമിൻെറ ആത്മീയലഘുതപ

ത്തെക്കുറിച്ച് താക്കീത് നൽകി. ചരിത്രകാരനായ ലിവി (Livi) പ്രഖ്യാപിച്ചു: "നമ്മുടെ തിന്മയും അതിൻെറ നിവാരണരീതിയും നമുക്ക് പൊറുക്കാൻ വയ്യാ." ഭഗ്നാശമായ ആ ലോകത്തിൻെറ ദയനീയമായ ഒരു ചിത്രം വരച്ചു ടാസിററസ് (Tacitus). ഉളഞ്ഞുകയറുന്ന ആക്ഷേപഹാസത്താൽ അതിൻെറ തൊലിയുരിച്ചിട്ടുണ്ട് ജൂവനൽ (Juvenal). എന്നാൽ പ്രശാന്തമായ ആ ചെറിയ ശബ്ദം ജനതതി ശ്രദ്ധിച്ചില്ല. അങ്ങനെ റോം — ആ മഹാപ്രതാപം, കെട്ടടങ്ങി. ഭൂഗോളം മുഴവൻ ആധിപത്യം അടിച്ചേല്പിക്കാനുള്ള ആഗ്രഹത്താൽ സാമ്രാജ്യങ്ങൾ ഒന്നിനു പുറകെ മറെറാന്നായി തകൻന്നടിഞ്ഞു. ആത്മീയമായ പാപ്പരത്തത്താൽ നാഗരികതകൾ ഒന്നിനു പുറകെ മറെറാന്നായി അധഃപതിച്ചു. ആഭിജാത്യത്തിൻെറ അടിസ്ഥാനം അത്ഥം മാത്രമാകുമ്പോൾ, ഭാര്യാഭത്താക്കന്മാരെ ബന്ധിക്കുന്ന ഏകപാശം വിഷയൗൽസുക്യം മാത്രമാവുമ്പോൾ, കാപട്യം ജീവിതവിജയനിദാനമാവുമ്പോൾ, വൈഷയികത ഏകഭോഗോപാധിയാകുമ്പോൾ, ബാഹ്യവേഷം ആന്തരികമതമായി ധരിക്കപ്പെട്ടമ്പോൾ, അടുത്ത അവതാരമായ കല്ക്കിയുടെ ആഗമനം സങ്കല്പിക്കുവാനും പ്രതീക്ഷിക്കുവാനും ആവശ്യപ്പെട്ടുന്നു, വിഷ്ണുപുരാണത്തിൻെറ കത്താവ്.* ഹീനവും കൈരാതവുമായ ആദശ്ങ്ങൾ വളരെക്കാലം തുടരുകയാണെങ്കിൽ നമ്മുടെ ജീവിതം ഉപരോധിക്കപ്പെട്ടും; നമ്മുടെ നാഗരികത അതിൻെറതന്നെ ഭാരത്താൽ നശിക്കുകയും ചെയ്യും. വസ്തുതകൾ സ്പഷ്ടമാണ്. നിഭ്ദയമാണ് ചരിത്രത്തിൻെറ നിയമങ്ങൾ. അതു് നമുക്ക് വരണസ്വാതന്ത്ര്യം തരുന്നില്ല. വാളെടുക്കുന്നവർ വാളാൽ നശിക്കും. ഒരു നാഗരികത വിജയിക്കുമ്പോൾ അതു് മിക്കവാറും ആത്മീയമായ പ്രഭാവം കൊണ്ടാണ്, ശാരിരികമായ ശക്തികൊണ്ടല്ല. നേരേമറിച്ച് അതു് വീണടിയുന്നതു് ആത്മീയമായ ഊജ്ജസ്വലതയുടേയും വീര്യത്തിൻേറയും അഭാവത്താലാണ്. ആത്മാവിൻെറ ശക്തികൊണ്ടു് ഭരിക്കാതെ നമ്മുടെ പ്രത്യാശ വാളിൽ അർപ്പിച്ചാൽ ഭാവി ഇരുണ്ടതാണ്. ബലം സംഘഷപരിഹാരമാർഗ്ഗമായ ചിന്ത, ഉപരി

---

* അത്ഥ ഏവ അഭിജന ഹേതുഃ, ധനമേവ അശേഷ ധമ്മഹേതുഃ, അഭിരുചിരേവ ദാമ്പത്യസംബന്ധഹേതുഃ, അനൃതം ഏവ വ്യവഹാരജയഹേതുഃ, സ്ത്രീത്വം ഏവ ഉപഭോഗഹേതുഃ, ബ്രഹ്മസൂത്രം ഏവ വിപ്രത്വഹേതുഃ, ലിംഗധാരണം ഏവ ആശ്രമഹേതുഃ (IV, 24, 21)

പ്ലവതാവും, കല വികാരദൗർബ്ബല്യതയും, സദാചാരം ഉച്ഛൃംഖലതയും ആയ, മാത്സര്യത്തെ അടിസ്ഥാനമാക്കിയുള്ള ധനാർജ്ജനപരമായ ഒരു സമുദായത്തിൻേറതു് ബലത്തിൻെറ (രജസ്സ്) നാഗരികതയാണു്, ചൈതന്യത്തെ (സത്വം) അടിസ്ഥാനമാക്കിയുള്ളതല്ല. തൻമൂലം അതിനു് ചിരസ്ഥായിയായിരിക്കുവാൻ സാധ്യമല്ല. ആത്മീയപുനർന്നിർമ്മാണംകൊണ്ടു് മാത്രമേ വിനാശത്തിലേയ്ക്കു് നീങ്ങിക്കൊണ്ടിരിക്കുന്ന ലോകത്തെ രക്ഷിക്കാനാകൂ. "മാറൂ, പിൻതിരിയൂ, എന്തിനു വൃഥാ മരിക്കുന്നു?" പ്രവാചകൻെറ ഈ വാക്കുകൾ മനസ്സിലുദിക്കുന്നു. "മനുഷ്യവർഗ്ഗം ചരിത്രത്തിൽനിന്നു് യാതൊന്നും പഠിക്കുന്നില്ലെന്നു് മാത്രമേ ചരിത്രത്തിൽനിന്നു് നാം പഠിക്കുന്നുള്ളൂ"—ഹേഗലിൻെറ (Hegel) ഈ നിശിതവാക്യം പാടേ അവാസ്തവമായി ഗണിക്കണമോ, അല്ല, നമ്മുടെ അനുഭവസാക്ഷ്യം കൂടി കൂട്ടിച്ചേർക്കണമോ അതിൽ? നാഗരികതയുടെ, എന്നല്ല മനുഷ്യവർഗ്ഗത്തിൻെറ, ഭാവി അപകടത്തിലാണു്. ഏതു തരത്തിലും ഇഷ്ടംപോലെ രൂപപ്പെടുത്താവുന്ന വസ്തുവാണു് നമ്മുടെ കൈയിൽ അതു്. മനുഷ്യവംശത്തിനായി ഈ ലോകം ഭദ്രമാക്കേണ്ടതു് നമ്മളാണു്.

നിരാശപ്പെടേണ്ട ആവശ്യമില്ല. അത്ര നാളേറെയൊന്നും ആയിട്ടില്ല ഈ ഗോളത്തിലേക്കു് നാം വന്നിട്ടു്. നാം ഇപ്പോഴും അർദ്ധപരിഷ്കൃതരാണെന്നതിൽ അത്ഭുതമൊന്നുമില്ല. വേണ്ടത്ര സമയമുണ്ടു് നമ്മുടെ മുമ്പിൽ. ഭൂഗോളം നിവാസയോഗ്യമല്ലാതായിത്തീരുമെന്നോ ഒരു കോടി വർഷങ്ങൾക്കുള്ളിൽ സൂര്യഗോളം കെട്ടടങ്ങുമെന്നോ വിചാരിക്കാൻ ന്യായമൊന്നുമില്ലെന്നു് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയുന്നു. ശാരീരികമായും യാന്ത്രികമായും മാത്രമാകാതെ മാനസികമായും ആത്മീയമായും നാം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ മനുഷ്യവർഗ്ഗത്തിൻെറ ഭാവി തീർച്ചയായും വലുതാണു്. ഇന്നത്തെ പ്രക്ഷുബ്ധതയെല്ലാം അവസാനം ലോകത്തിൻെറ നന്മയ്ക്കു് സഹായമാവുമെന്നു് പ്രത്യാശിക്കുവാനുള്ള ശുഭാപ്തിവിശ്വാസം എനിക്കുണ്ടു്. നമ്മുടെ നാഗരികതയുടെ അഭ്യുദയത്തിനു് അതിൻെറ വിവിധ ഘടകങ്ങളുടേയും തുറന്ന അപഗ്രഥനവും നിർവ്യാജമായ നിരൂപണവും ആവശ്യമാണു്. അലസമായ സ്വമതാഭിമാനങ്ങളെ ഞെട്ടിപിടിപ്പിക്കുക, പാരമ്പര്യങ്ങളെ വെല്ലുവിളിക്കുക, വളരുന്ന മനുഷ്യമനസ്സിനെ ഭൂതകാലത്തിൻെറ കുച്ചുചങ്ങലയിട്ടു് ബന്ധിക്കുന്നവക്കെതിരായുള്ള ഉജ്ജ്വ

ലവിവാദങ്ങളിലേർപ്പെടുക, ഇതെല്ലാം നാം സ്വാഗതം ചെയ്യണം. തെററുകൾ സത്യസന്ധമായി ഏററു പറയുക — അതാണു് എല്ലാ അഭിവൃദ്ധിയുടേയും നാന്ദി. ഭാവിയെ ബഹുദൂരം കാണുവാൻ ആക്കും കഴിയില്ലെങ്കിലും, നിർണ്ണയിക്കാനാവുന്നിടത്തോളം, നമ്മുടെ മുമ്പിലുള്ള സുദീർഘമായ മാർഗ്ഗത്തിലെ ആദ്യത്തെ ചവിട്ടടികൾ അടയാളപ്പെടുത്താം.

# 4. പുനർന്നിർമ്മാണം

## മതം

മതവിഷയത്തിൽ നിർമ്മാണാത്മകമായ ഏതു മഹാപരിശ്രമത്തിനു മുമ്പും സന്ദേഹാത്മകതയുടെ (Scepticism) പ്രബലമായ ഒരു അലയിളക്കം ഉണ്ടായിട്ടുണ്ട്. പാരമ്പര്യഭഞ്ജനം വിശ്വാസത്തിൻെറ പുതിയ പുറപ്പാടിനു് കളമൊരുക്കുന്നു. ഇളക്കാൻ വയ്യാത്തവ വെളിച്ചത്തു വരത്തക്കവണ്ണം എല്ലാം ഇളക്കപ്പെടുന്നു. മതത്തെ വിമർശനത്തിൽ നിന്നു് ഒഴിച്ചുനിർത്തുന്നതു് ഒരു പാഴ് വേലയാണ്. നമുക്കു് മനസ്സു് സുഖപ്പെടുത്താൻ പററില്ല, അതിനെ നിഗ്രഹിച്ചുകൊണ്ടു്. യാന്ത്രികമായ യാഥാസ്ഥികത്വത്തിനും അതുപോലെ ശൂന്യമായ നിഷേധഭാവത്തിനും യാതൊരു ഭാവിയുമില്ല. മതം ഒരിക്കലും നമുക്കു് ഒഴിച്ചുകൂട്ടുവാൻ കഴിയില്ല. അദൃഷ്ടയാഥാർത്ഥ്യവുമായി രഞ്ജിപ്പിലെത്തുകയെന്നതു് മനുഷ്യാത്മാവു് ഊന്നിനിൽക്കുന്ന ഒരാവശ്യമാണ്. ജീവിതത്തിൻെറയും അതു് അവശ്യം ഉളവാക്കുന്ന ഉത്തരവാദിത്തങ്ങളുടേയും അർത്ഥത്തെക്കുറിച്ചു് ചിന്തിക്കുകയും പ്രത്യാശിക്കുകയും അഭിലഷിക്കുകയും ചെയ്യുന്ന മനുഷ്യൻ മനുഷ്യനായിരിക്കുന്നിടത്തോളം കാലം മതം ഇല്ലാതാകുമെന്ന ഭയമില്ല. അതിൻെറ പുനരാസൂത്രണമാണു് പ്രശ്നം. നവീനവിജ്ഞാനത്തിനും വിമർശനത്തിനും അനുരോധമായ സാർവ്വജനീനസത്യങ്ങൾക്കു് നാം പുതിയ വിജ്ഞാപനം കണ്ടെത്തണം. ഒരു ഭാഗത്തു് പാരമ്പര്യത്തിൻെറ സ്വേച്ഛാധിപത്യത്തേയും, മറുഭാഗത്തു് പരസ്പരം ഭിന്നിപ്പിക്കുന്ന ആത്മപരതകൊണ്ടുള്ള ക്രമരാഹിത്യത്തേയും കീഴടക്കേണ്ട ഇരട്ടപ്രയത്നമാണു് നമുക്കുള്ളതു്.

പ്രാപഞ്ചികമായ ഉത്പത്തി പരമ്പരക്കു് ആദിയായ ഒരു കണ്ണിയുണ്ടെന്നു് തെളിയിക്കുവാൻ ശ്രമിക്കുമ്പോൾ അടിസ്ഥാനതത്വത്തിൻെറ സാധുത്വത്തെക്കുറിച്ചു് നാം വിതർക്കം പുറപ്പെടുവിച്ചേക്കാമെങ്കിലും അസ്തിത്വത്തിനു താർക്കികമായ ഒരടിസ്ഥാനം, അല്ലെങ്കിൽ പ്രപഞ്ചത്തെ താങ്ങിനിർത്തുന്ന പ്രാഥമികവും ആന്തരികവും ആയ ഒരു അധിഷ്ഠാനതത്വം, ഉണ്ടെന്ന യാഥാർത്ഥ്യം സ്ഥാപിക്കുമ്പോൾ, അതിൽ അത്രതന്നെ സന്ദേഹം തോന്നേണ്ടതില്ല. വോൾ

ട്ടയർ കളിയാക്കിയതുപ്പോലെ കണ്ണട്ടവെയ്ക്കാൻ വേണ്ടിയാണ് മൂക്കുണ്ടാക്കിയതു് എന്ന രൂപത്തിൽ വിശേഷാൽപത്തിമൂലവാദം കൊണ്ടുവരുന്നതു് ഭോഷത്വമാണു്. എന്നാൽ പ്രപഞ്ചത്തിൻെറ ക്രമവും ചലനവും ഭാഗ്യംകൊണ്ടു് എന്നു വിചാരിക്കാൻ വയ്യാത്തവിധം അതിൻെറ പിറകിൽ ഒരു ആസൂത്രണവും ഉദ്ദേശ്യവും ഉണ്ടെന്നു് തെളിയിക്കുന്നു എന്നാണു് ആ വാദം അർത്ഥമാക്കുന്നതെങ്കിൽ തീർച്ചയായും അതു് പരിഗണനാർഹമാണു്. ശാസ്ത്രീയമായ പ്രപഞ്ചപഠനം ഒരു തരത്തിലും നാസ്തികമല്ല. ഖണ്ഡിതമായി പറഞ്ഞാൽ, പ്രപഞ്ചത്തിൻെറ പരമസത്തയെ, അല്ലെങ്കിൽ അതിന്റെ മൌലികോദ്ദേശ്യത്തെ, സംബന്ധിക്കുന്ന പ്രശ്നങ്ങളുമായി ശാസ്ത്രത്തിനു് വലിയ ബന്ധമൊന്നുമില്ല. ശാസ്ത്രം അസ്തിത്വത്തിൻെറ ചില വശങ്ങൾക്കു് വിവരണം തരികയും അന്തിമപ്രശ്നങ്ങൾ തത്വചിന്ത, മതം തുടങ്ങിയ ഇതരപഠനശാഖകൾക്കു് വിട്ടുകൊടുക്കുകയും ചെയ്യുന്നു. പ്രപഞ്ചപ്രക്രിയയെ സംബന്ധിച്ച് ഒരുപോലെ യുക്തിസഹവും അനുജ്ഞേയവുമായ രണ്ടു വ്യാഖ്യാനങ്ങൾ ഉണ്ടാവുകയാണെങ്കിൽ, അവയിൽ മനുഷ്യരുടെ പരമോന്നതമായ സാദ്ധ്യതകളുടെ വികാസത്തിനു് കൂടുതൽ സഹായകമായതു് സ്വീകരിക്കാൻ പാടില്ലെന്നില്ല, നമുക്കു്. ശാസ്ത്രത്തിൻെറ പൊരുളിലും അതിൻെറ നേട്ടങ്ങളിലും കുറുണ്ടെങ്കിൽ, വിശ്വപ്രക്രിയയ്ക്കു പിന്നിൽ നിർവ്വചിക്കാൻ സാധിക്കാത്തതും ഗ്രഹിക്കുവാൻ പ്രയാസമേറിയതും ആയ ഒരു ആത്മീയയാഥാർത്ഥ്യമുണ്ടെന്നു് വിശ്വസിക്കാനാണു് വഴി. ജഡപദാർത്ഥങ്ങളിലെ ജീവചൈതന്യോപവേശനവും തുടർന്നുണ്ടാകുന്ന മനസ്സു്, ബുദ്ധി, ആത്മാവു് തുടങ്ങിയ ഗുണങ്ങളും മുന്നോട്ടുള്ള മുടങ്ങാത്ത നീക്കമാണു് കുറിക്കുന്നതു്. അധഃപതനവും കെട്ടിക്കിടപ്പും, നൃശംസതയും, ജാഡ്യവും കൂടെക്കൂടെ ഉണ്ടായിരുന്നിട്ടും ജീവപരിണാമത്തിൻെറ ഗതി എപ്പോഴും അധികമധികം പൂർണ്ണതയിലേയ്ക്കാണു്. മാനസികജീവിത പുരോഗതി, സാമൂഹ്യബോധവികസനം, പരക്ലേശത്തോടുള്ള സഹാനുഭൂതി, വിവിധ ഘടകങ്ങൾ തമ്മിലുള്ള മിളനം എന്നിങ്ങനെ നാം വിലപ്പെട്ടതായി ഗണിക്കുന്ന മൂല്യങ്ങൾ സ്ഥിരമായി വളർന്നുകൊണ്ടിരിക്കുകയാണു്. പ്രകൃതിയിൽ തന്നെ സഹജമായ ഒരു ധാർമ്മിക പ്രവണതയുണ്ടെന്നു തോന്നുന്നു. വൈററു് ഹെഡ്ഡ് (White Head), തോംസൺ (Thomson), ഒലിവർ ലോഡ്ജ് (Oliver Lodge), ലോ

യിഡ് മോർഗൺ (Lloyd Morgan) തുടങ്ങിയ ദാർശനിക ശാസ്ത്രജ്ഞന്മാരുടെ ഗ്രന്ഥങ്ങളിൽനിന്നു് പ്രപഞ്ചപ്രക്രിയയുടെ ഇത്തരമൊരു വ്യാഖ്യാനം വെറും ഭാവികതയോ കർത്തൃനിഷ്ഠമായ സങ്കല്പമോ അല്ലെന്നു വരുന്നു.

എന്നാൽ ശാസ്ത്രം നമുക്കു് അജ്ഞാതമായിരുന്നു്, ഇത്രനാളും നാം ഇരുട്ടിൽ തപ്പിക്കൊണ്ടിരുന്ന, ശാശ്വത സത്തയുടെ ഒരു നൂതനദർശനം നല്കുന്നു. പഴയ വെളിപാടുകളെ നശിപ്പിക്കുന്നില്ലെങ്കിലും ശാസ്ത്രം സ്വമതസ്ഥാപനശീലത്തെ ക്ഷോഭിപ്പിക്കുന്നു. വിശ്വപ്രക്രിയക്കു പിന്നിൽ ഒരു ചൈതന്യമുണ്ടെന്ന യാഥാർത്ഥ്യം സ്ഥാപിക്കുമ്പോഴും ശാസ്ത്രം മനുഷ്യൻ സ്വയം സൃഷ്ടിച്ചിട്ടുള്ള ദൈവപ്രതിമകൾ തച്ചുടക്കുന്നു. അപരിമേയമായ ചൈതന്യത്തെ സ്വർഗ്ഗസ്ഥിതനായ വ്യക്തി ദൈവതമായോ, മൺപാത്രങ്ങൾക്കു് രൂപം നല്കുന്ന ഒരു പാത്രനിർമ്മാതാവായോ, ധൂർത്തപുത്രന്റെ പ്രത്യാഗമനത്തിൽ ആഹ്ലാദിക്കുന്ന ഒരു പിതാവായോ അല്ല അവധാരണം ചെയ്യേണ്ടതു്. നമ്മളിലും അസ്തിത്വമുള്ള മറ്റെല്ലാറ്റിലും അന്തര്യാമിയായിരിക്കുന്ന ജീവിതതത്വമാണു് അദ്ദേഹം. പ്രപഞ്ചത്തിനു് ആധാരമായി അതിലെങ്ങും നിറഞ്ഞിരിക്കുകയും, അതേ സമയത്തു് സീമയില്ലാതെ പ്രപഞ്ചാധികമായി വർത്തിക്കുകയും ചെയ്യുന്ന അദ്ദേഹം. ഉപ്പു് സമുദ്രത്തോടെന്നപോലെ, അല്ലെങ്കിൽ, പരിമളം പുഷ്പത്തോടെന്നപോലെ ഈശ്വരൻ പ്രപഞ്ചത്തോടിണങ്ങിച്ചേരുന്നു. സുസ്ഥാപിതമായ നിയമങ്ങളിൽ കൂടിയാണു് അദ്ദേഹം വ്യാപരിക്കുന്നതു്. ആ പ്രവർത്തനങ്ങൾ ഒരു വ്യക്തിക്കു വേണ്ടിയും നിർത്തിവെയ്ക്കുന്നില്ല. നാം തെറ്റുചെയ്താൽ നമ്മെ രക്ഷിക്കാൻ ഒരു അമാനുഷവിമോചകനും വരാൻ പോകുന്നില്ല. ഭഞ്ജിതമായ നിയമത്തിനു് മാപ്പുകിട്ടുകയില്ല. പറയാത്തതാകില്ല, പറഞ്ഞുപോയ ഒരൊറ്റവാക്കും. മായ്ക്കാനാവില്ല, വച്ചുപോയ ഒരടിയും. ഭൂതം നിർണ്ണീതമാണു്, ഭാവി എത്രസ്വതന്ത്രമായാലും.

മനുഷ്യമനസ്സിന്റെ വിവിധാവസ്ഥകളിൽ സ്വയം പ്രത്യക്ഷമാകുന്നു സർവ്വശക്തൻ. അമ്പരപ്പിക്കുന്ന വൈവിധ്യത്തോടുകൂടിയ ആസ്തിക്യവും വിശ്വദേവതാവാദവും (Pantheism) പുലർത്തുന്ന ഹിന്ദുമതം, അപൌരുഷേയമായ നിയമവും സദ്രൂപനായ രക്ഷകനുമുണ്ടെന്നു വിശ്വസിക്കുന്ന ബുദ്ധമതം, സദ്രൂപദേവന്മാരേയും ദേവതകളേയും ആരാധിക്കുന്ന അക്രൈസ്തവമായ പ്രാകൃതമതം (Paganism) അചഞ്ചലനും നീതിപരായണനുമായ ദൈവത്തിൽ ഉറച്ച ഹിബ്രു

വിശ്വാസം, ഏററക്കുറെ വിദൂരവർത്തിയായ ഒരു സത്രുപദൈവത്തേയും അതിലുമേട്ടത്ത് വിശുദ്ധമാതാവുതൊട്ട് പാലകപുണ്യവാളന്മാർ വരെയുള്ള ദിവ്യരേയും കല്പിക്കുന്ന കത്തോലിക്കാക്രൈസ്തവമതം — എല്ലാം മനുഷ്യന്റെ വ്യക്തിസത്തയേക്കാൾ ഉദഗ്രവും വിശിഷ്ടവും സർവ്വോന്നതവുമായ അദൃഷ്ടയാഥാർത്ഥ്യവുമായുള്ള ബന്ധങ്ങൾ ശരിക്കു സ്ഥാപിക്കുവാൻ മനുഷ്യൻ കൈക്കൊണ്ട വിഭിന്നമാർഗ്ഗങ്ങളാണ്. മനുഷ്യപ്രകൃതിയുടെ നാനാത്വം അംഗീകരിക്കുകയാണെങ്കിൽ ഈശ്വരാഭിമുഖ്യത്തിന്റെ ഈ വൈവിധ്യം നമുക്ക് എളുപ്പം മനസ്സിലാക്കാം. എല്ലാ ആദേശങ്ങളും ഒരേഒരെണ്ണമാക്കി ചുരുക്കുന്നതിന്റെ നൈഷ്ഫല്യവും നമുക്ക് മനസ്സിലാകും. മതാദേശങ്ങളുടെ നാനാത്വങ്ങൾക്കെല്ലാം അടിയിലുള്ളതു് അനിർവ്വചിതവും അവ്യാഖേയവുമായ പരമയാഥാർത്ഥ്യത്തെ കുറിച്ചുള്ള ഒരു സങ്കല്പമാണ്.

മതനാനാത്വം പലപ്പോഴും ശത്രുതയ്ക്കു് കാരണമായി ഭവിക്കാറുണ്ട്. എന്നാൽ മനുഷ്യവർഗ്ഗത്തിനെല്ലാംകൂടി പൊതുവായ ഒരു മതം ഉണ്ടാക്കുന്നതിനുള്ള പരിശ്രമങ്ങൾ ലോകത്തിന്റെ വ്യഗ്രതയും വ്യഥയും വർദ്ധിപ്പിക്കുവാൻ കുറച്ചൊന്നുമല്ല സംഭാവന ചെയ്തിട്ടുള്ളതു്. സ്വന്തം അഭിപ്രായം അന്യരിൽ അടിച്ചേല്പിക്കുവാനുള്ള തീവ്രമായ ആഗ്രഹം സ്വാർത്ഥബുദ്ധികൾക്ക് സ്വാഭാവികമാണ്. സത്യം നമ്മുടെ കുത്തകാവകാശമാണെന്നോ, പ്രപഞ്ചത്തിന്റെ അർത്ഥത്തെ കുറിച്ചുള്ള നമ്മുടെ വീക്ഷണം കൃത്യമാണെന്നോ വിശ്വസിക്കുന്നതു് അഹന്തയുടെ ഒരു മിഥ്യാബോധമാണ്. ഓരോമതവും ജനതയുടെ ആത്മാവിനെയാണ്, ജീവിതത്തിന്റെ ആന്തരിക നിയമങ്ങളേയും അഭിവാഞ്ഛകളേയും ആണ്, കുറിക്കുന്നതു്. ഓരോ വിഭാഗവും ദൈവികാംശം സ്വയം ഉൾക്കൊള്ളുന്നുണ്ട്, അതിലേക്കു വളരുന്നുമുണ്ട്. ഓരോ വിഭാഗവും ഇതരവിഭാഗക്കാരുമായി സമ്പർക്കത്തിലേപ്പെടുമ്പോൾ, അവരുടെ ആശയങ്ങൾക്കു് രൂപഭേദം വരുത്തുകയും പ്രേരണചെലുത്തി മറെറാന്നാക്കി പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. മറെറാരിടത്തു് നേടിക്കഴിഞ്ഞതു് ആവർത്തിക്കുന്നതിനേക്കാൾ മററുള്ളവരിൽനിന്നു് നാം സ്വീകരിക്കുന്നതിനു് മാററം വരുത്തുകയാണ് നല്ലതു്. മനുഷ്യവർഗ്ഗത്തിനെല്ലാംകൂടി ഏകമതമായാൽ ലോകത്തിന്റെ ആത്മീയസമ്പത്തു് കുറഞ്ഞുപോകും. മനുഷ്യരുടെ മനസ്സ്‌വന്ധ്യമാകാതെ, ആത്മാവു്

കെട്ടിക്കിടന്നു ദൂഷിക്കാതെ സൂക്ഷിക്കണമെങ്കിൽ ചരിത്രവിഖ്യാതമായ മതങ്ങളിൽ ഒന്നുപോലും പരിത്യജിക്കുകയോ, അംഗീകരിക്കാതിരിക്കുകയോ ചെയ്യരുതു്. "ദൈവചൈതന്യത്താൽ നയിക്കപ്പെട്ടുന്നവരെല്ലാവരും ദൈവപുത്രന്മാരാണു്. "

ആത്മാവിനെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഓരോരുത്തനും അവനവൻെറ മനഃസാക്ഷിയെ അനുസരിക്കണം. സ്വാതന്ത്ര്യം കൈവരിക്കുകയെന്നു പറഞ്ഞാൽ എളുപ്പം തെററു ചെയ്യുന്നതിനുള്ള സാധ്യതയുണ്ടാകുക എന്നാണു് അർത്ഥം. പക്ഷെ, തെററുകളൊക്കെ സ്വയം നിർമ്മിക്കുന്നവയാണു്; സത്യം കണ്ടെത്തുവാനുള്ള, ക്ലേശാവഹമെങ്കിലും വിഫലമല്ലാത്ത, പരിശ്രമങ്ങളാണു്. കുറേക്കൂടി ഗഹനമായ പ്രശ്നങ്ങളെക്കുറിച്ചു് വിടാതെ ചിന്തിക്കുന്നതിനുള്ള നിരന്തരപരിശ്രമത്താൽ തെററുകൾ തിരുത്താൻ കഴിയും.

ഭാവിയിലെ മതം, വിശ്വാസങ്ങളേയും ആശയചിത്രങ്ങളേയും സംബന്ധിച്ചിടത്തോളം പൂർണ്ണസ്വാതന്ത്ര്യമനുവദിച്ചുകൊണ്ടു്, മതനിഷ്ഠയുള്ള എല്ലാവരേയും സ്വപരിധിയിൽ ആശ്ലേഷിച്ചൊതുക്കുമാറു് വിശാലമായ ഒന്നായിരിക്കണം. അമാനുഷഘടകങ്ങളെക്കുറിച്ചുള്ള ഒരു സിദ്ധാന്തമൊന്നുമല്ല, ആത്മാവിൻെറ അവസ്ഥാവിശേഷമാണു്, മനസ്സിൻെറ ഒരു ഭാവമാണു് മതം.

നമ്മുടെ വിശ്വാസങ്ങൾ പ്രമാണങ്ങൾ തുടങ്ങിയ സാങ്കേതികകാര്യങ്ങൾ വച്ചുകൊണ്ടല്ല, ജീവിതംകൊണ്ടും സ്വഭാവംകൊണ്ടുമാണു് നമ്മെ അളന്നു നോക്കേണ്ടതു്. മതനിഷ്ഠയുള്ളവർ, ഏതു വിഭാഗത്തിൽ പെട്ടവരായാലും, ഒരേ വീക്ഷണവും മനോഭാവവുമുള്ളവരാണു്. ഭാഗ്യദേവതയുടെ പ്രഹരങ്ങളാൽ കുലുങ്ങാത്ത ഒരു പ്രശാന്തതയുണ്ടു് അവക്കു്. തടുക്കാനാവാത്ത വിപത്തിലും കീഴടങ്ങാത്ത ആത്മാവിൻെറ മഹത്വം തന്നെയാണു് അവക്കു് എല്ലാ ആത്മീയതയുടേയും കാതൽ. ആത്മബലശാലികൾ തങ്ങൾ കീഴടക്കിയ ലോകത്തെ കൂട്ടാക്കാത്തവരാണു്. വെടിയുണ്ടകളുടെ വഷത്തിനു മുമ്പിൽനിന്നുകൊണ്ടും സത്യം പറയുവാനും ശരിയായ അത്ഥത്തിൽ ക്രൂശിക്കപ്പെട്ടുമ്പോൾപോലും പ്രതിപീഡനചിന്ത വർജ്ജിക്കുവാനും അവക്കു കഴിയും. അവരുടെ സാർവ്വലൌകികമായ വീക്ഷണം എല്ലാ സംഗങ്ങളും സ്വാർത്ഥതാൽപര്യങ്ങളും നിസ്സാരവും മൂഢവുമാക്കുന്നു. ഏതു നഷ്ടവും ഗണിക്കാത്ത ത്യാഗവും പ്രതിഫലം ഇച്ഛിക്കാത്ത ആത്മാർപ്പണവുമായിത്തീരുന്നു, അവരുടെ ജീ

വിതം. ആത്മത്യാഗം ചെയ്യുന്ന അവരുടെ ധീരതയും പ്രശാന്തതയും സാധാരണ മനുഷ്യപ്രകൃതിക്ക് ആവാത്തതാണെന്നു പറഞ്ഞു് ഉപേക്ഷിക്കുകയോ, അല്ലെങ്കിൽ, പരമാവധി, ഗലീലിയയിലെ മുക്കുവന്മാരെപ്പോലെയൊ, ഇന്ത്യയിലെ പ്രക്ഷീണചിത്തരെപ്പോലെയോ ഉള്ള പരാജിതരെ സമാശ്വസിപ്പിക്കാൻ പററിയതും സാക്ഷാത്കരിക്കാൻ സാധിക്കാത്തതുമായ അഭിനന്ദനീയാദർശങ്ങളായി മാത്രം കരുതുകയോ ചെയ്യുന്നു. എന്നാൽ, എല്ലാ മതങ്ങളും കഠിനജീവിതത്തിൻേറയും ആത്മത്യാഗത്തിന്റേയും പ്രധാനത ഊന്നിപ്പറയുന്നുണ്ടു്. നല്ല ബാഹ്യരൂപം — അതു മാത്രമല്ല മതം. യാതൊരു ക്ലേശവുമില്ലാതെ എളുപ്പത്തിൽ നേടുന്ന സമാശ്വാസങ്ങൾ മതപരമല്ല യഥാൎത്ഥത്തിൽ. നിർബ്ബാധമായ സുഖാന്വേഷണമായി ജീവിതത്തെ വീക്ഷിക്കുന്നതു് മതരാഹിത്യത്തിൻെറ ലക്ഷണമാണു്. ക്ലേശാനുഭവം ജീവിതത്തിൽ ആകസ്മികമായി ഉണ്ടാകുന്നതല്ല. അതിപ്രധാനമാണതു് ജീവിതത്തിൽ. യാതനയിൽക്കൂടിയും അദ്ധ്വാനത്തിൽക്കൂടിയുമാണ് ഉന്നതമായ എല്ലാ നേട്ടങ്ങളും ഉണ്ടായിട്ടുള്ളതു്. ജീവിതത്തിൻെറ ലക്ഷ്യം സുഖാനുഭവമല്ല (പ്രേയസ്സ്), നന്മയുടെ (ശ്രേയസ്സ്) സാക്ഷാത്കരണമാണു്. ആനന്ദം നിറഞ്ഞ ജീവിതവും ജീവിതത്തിൻെറ ആനന്ദവും ഒന്നല്ല. ആദൎശപൂൎത്തീകരണത്തിലേയ്ക്കു് നയിക്കുന്നതാണെങ്കിൽ പീഡാനുഭവം സുഖജീവിതംപോലെ തന്നെ ആനന്ദമാണു്. ആദൎശസാക്ഷാത്കരണത്തിനു് ഉതകുന്നതെന്നു് ബോധ്യപ്പെട്ടാൽ ഏററവും തീവ്രമായ ക്ലേശാനുഭവം പോലും സന്തുഷ്ടിയോടെ കൈവരിക്കാം. ഗീഥേ (Goethe) പറയുന്നതുപോലെ: "ഔന്നത്യങ്ങളാണു് നമ്മെ ആകൎഷിക്കുന്നതു്, അവിടേയ്ക്കുള്ള പടവുകളല്ല." ചെറിയ കാൎയ്യങ്ങൾ കൊണ്ടു് നമുക്കിതു മനസ്സിലാക്കാം. മിക്ക സ്ത്രീകളും ഫാഷൻെറ വെല്ലുവിളി സ്വീകരിക്കുന്നു; ശരീരത്തിന്റെ അസ്വാസ്ഥ്യം വലിയ ദോഷമായി കരുതാതെ. അവർ സ്വമേധയാ സൌന്ദൎയ്യശാലകളുടേയും ചെരുപ്പുകടകളുടേയും കടുത്ത പരീക്ഷകൾ അഭിമുഖീകരിക്കുന്നു. മനുഷ്യനു് സ്വന്തമായ ഇച്ഛാശക്തിയുണ്ടു്. അതു് ഉപയോഗിക്കേണ്ടതു് ജീവിതത്തിന്റെ അതിപ്രധാനമായ ആവശ്യമാണു്. എന്നാൽ മനുഷ്യൻ ഈ സ്വേച്ഛാശക്തി പ്രപഞ്ചനിയമങ്ങളോടു് അനുരഞ്ജിപ്പിക്കണം. സംഘർഷവും കഠിനപ്രയത്ന

വും യാതനയും അനുദിനവ്യാപാരങ്ങളിൽ ഉണ്ടെന്നാണ് ഇതിൻെറ അത്ഥം.*

ജന്തുവാസനകളിൽനിന്നു് മുഴവൻ വിട്ടതി പ്രാപിച്ചിട്ടില്ലെങ്കിലും ഓരോ വ്യക്ത്യാത്മാവും ആ വാസനകൾക്കു് രൂപഭേദം വരുത്താൻ കഴിവുള്ള അസ്ഥിത്വമാണു്. ആത്മാവിൻെറ അവകാശങ്ങൾ സ്വമേധയാ അംഗീകരിക്കുന്നതുകൊണ്ടും ശിക്ഷണത്താൽ അതിൻെറ നിയമങ്ങളുമായി നമ്മുടെ പ്രകൃതിക്കു് ആനുരൂപ്യം വരുത്തുന്നതുകൊണ്ടും നമുക്കു് വളച്ച് സിദ്ധിക്കുന്നു. നമ്മുടെ താൽപര്യങ്ങളുടെ പുനർന്നിയോഗവും, അബോധമനസ്സിന്റെ പുനഃശിക്ഷണവും മാത്രമെ വൈഷയികതയിൽ നിന്നു് ആത്മീയതയിലേക്കു് നമ്മെ ഉയത്തുകയുള്ളു. യമവും നിയമവും വേണമെന്നാണു് ഇതിനത്ഥം. സാധാരണ മനുഷ്യനെ അതിശയിക്കുന്നതിൽ ഓരോ തവണയും സാരമായ പ്രലോഭനവും യഥാത്ഥസംഘഷവും ഉണ്ടാകുന്നുണ്ടു്. പക്ഷെ ഈ അതിശയനം ആത്മവത്തയുടെ പൂത്തീകരണത്തിനുള്ള വ്യവസ്ഥയാണു്. യത്നം വളരെ പ്രയാസമേറിയതാണെങ്കിലും പ്രതിഫലം വലുതാണു്. എല്ലാതരത്തിലുമുള്ള പുരോഗതിക്കും സാമാന്യമായി കാണാവുന്ന ഒരു ഉൽപാതമാണു് ഈ അതിശയനം. ജീവാണുവിൻെറ ഇരതേടൽ തൊട്ടു് തീവ്രപരിശ്രമം ചെയ്യുന്ന ആത്മാവിൻെറ സംഘർഷങ്ങൾ വരെ, അനുസ്യൂതമായി വിവിധനിലകളിലുള്ള സോദ്ദേശ്യയത്നപരമ്പരയുണ്ടു്. എവിടേയും നാം ലക്ഷ്യം തിരഞ്ഞെടുക്കുകയും അതിനു ചേന്ന മാഗ്ഗം സ്വീകരിക്കുകയും ചെയ്യുന്നു. മാനുഷികനിലവാരത്തിൽ മാത്രമേ ബോധപൂർവ്വമായും മനഃപൂർവ്വമായും നമുക്കു് അങ്ങനെ ചെയ്യാൻ കഴിയൂ.

പരിതസ്ഥിതികളുടെ അടിമയോ ദൈവങ്ങളുടെ കളിക്കോപ്പോ അല്ല, മനുഷ്യൻ. പൂണ്ണതക്കായി പ്രപഞ്ചത്തിനുള്ളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്ന പ്രേരണ മനുഷ്യനിൽ സ്വയം ബോധവത്തായിരിക്കുന്നു. മനുഷ്യരിൽ താഴെയുള്ള സൃഷ്ടികളെസ്സംബന്ധിച്ചിടത്തോളം പുരോഗതി താനെ സംഭവിച്ചു. മനുഷ്യലോകത്തിൽ അതു് മനുഷ്യേച്ഛയാൽ ഉളവാക്കപ്പെട്ടു. ബോധപൂർവ്വമായ ഉദ്ദേ

* ഈ ആശയങ്ങളുടെ വികസിതരൂപത്തിനു് ഗ്രന്ഥകത്താവിൻെറ 'ഹൈന്ദവജീവിതവീക്ഷണം' (Hindu View of Life: George Allen & Unwin, London, 1927) എന്ന ഗ്രന്ഥം നോക്കുക.

ശ്യം ബോധപൂർവ്വമല്ലാത്ത വ്യതിയാനങ്ങളായിത്തീരുന്നു. മനുഷ്യൻ എന്താണ്? എന്തായിത്തീരാം അവൻ? — ഈ രണ്ടവസ്ഥകളും തമ്മിലുള്ള സംഘട്ടനത്തിന്റെ ഫലമായ വ്യഗ്രത മനുഷ്യനു മാത്രമേയുള്ളു. മനുഷ്യൻ ഒരു ജീവിതനിയമവും, പുരോഗതിത്വവും, അന്വേഷിക്കുന്നു. ഈ അന്വേഷണമാണ് ഇതരജീവികളിൽനിന്ന് അയാളെ വ്യവച്ഛേദിപ്പിക്കുന്നതു്.

നമ്മെത്തന്നെ മാററുന്നതുകൊണ്ടു മാത്രമേ നമുക്കു ലോകത്തെ മാററാനാകൂ. ആത്മാവിൻെറ അഭ്യുന്നതിയാണ് എല്ലാ അഭ്യുദയത്തിൻേറയും ജീവൻ എന്നു പറയുന്നതു് വളരെ ശരിയാണ്. വെറും ഭാഗ്യത്തിനു് വിട്ടുകൊടുക്കേണ്ടതല്ല നാഗരികതയുടെ നിർമ്മാണം. നമ്മുടെ കൌശലം കൂടി പ്രദശിപ്പിക്കേണ്ട വിഷയമാണതു്. വളരെയെല്ലാമുണ്ടു് ഇനിയും ചെയ്യേണ്ടതായി. പല കാര്യങ്ങൾകൊണ്ടും പണിപ്പാടു് പൂർത്തിയാകാത്തതാണ് ലോകം. പുരോഗതി ത്വരിതപ്പെടുത്തുകയോ തടസ്സപ്പെടുത്തുകയോ ചെയ്യേണ്ടതു് നാം തന്നെയാണ്. പരിണാമം പഠിപ്പിക്കുന്ന പാഠം സ്പഷ്ടമാണ്. നിശ്ചിതപരിപാടിയനുസരിച്ചു് തൃപ്തികരമായ പരമകാഷ്ഠകളെ പ്രാപിച്ചുകൊണ്ടല്ല ജീവിതം മുന്നേറുന്നതു്. ചിലപ്പോൾ അതു് ലക്ഷ്യമില്ലാതെ അലയുന്നു, മടിച്ചുനിൽക്കുന്നു, പെട്ടെന്നു് മുറിഞ്ഞുപോകുന്നു, പലപ്പോഴും തന്നിലേക്കു തന്നെ മടങ്ങുകയും ചെയ്യുന്നു. പ്രകൃതിയുടെ പ്രക്രിയകൾക്കു് മിതത്വമില്ല, ഒരു തരത്തിലും. നാം സ്വീകരിക്കുന്ന മാർഗ്ഗം തെററിയാൽ ഇന്നല്ലെങ്കിൽ നാളെ നാം പുറം തള്ളപ്പെട്ടുമെന്നു് ഭൂതകാലചരിത്രം പറയുന്നു. പ്രപഞ്ചോദ്ദേശ്യം ഗ്രഹിക്കുകയും അതിനോടു് അനന്യഭാവത്തിൽ ഇണങ്ങിച്ചേരുകയും ചെയ്താൽ കൂടുതൽ നല്ല ഒരു ലോകം നിർമ്മിക്കുന്ന ക്രിയയിൽ നമുക്കും പങ്കുകൊള്ളാം. ലോകത്തിനു് പരിച്ഛേദ്യമായ എന്തെങ്കിലും നന്മ ചെയ്യാനുള്ള കഴിവും പ്രത്യേക ലക്ഷണങ്ങളും ഉള്ള അനുപമസത്തയാണ് ഓരോ വ്യക്തിയും. സ്വാതന്ത്ര്യദശനമാണ് എല്ലാ പൂർണ്ണതയുടേയും സാരസർവ്വസ്വം. ജീവിതത്തെ അഭംഗുരമായും സമഗ്രമായും ദശിച്ചാൽ അതിൽ നമുക്കുള്ള സ്ഥാനം കണ്ടെത്താം. യഥേഷ്ടം മാററാവുന്ന കേന്ദ്രബിന്ദുവോടുകൂടിയ ഗുണധർമ്മങ്ങളുടെ സംശ്ലേഷമാണ് ഓരോ വ്യക്തിയും. ഈ കേന്ദ്രബിന്ദുവിൻെറ ഉച്ചനീചാവസ്ഥകളെ ആശ്രയിച്ചിരിക്കും അയാളുടെ സ്വഭാവം അഗാധമോ ഉപരിപ്ലവമോ

എന്നതു്. പരീക്ഷണനിരീക്ഷണപരമായ അടിസ്ഥാനം എന്തായിരുന്നാലും ഈ കേന്ദ്രബിന്ദുവിൻെറ നില അതിനെ രക്ഷിക്കും. നമ്മുടെ പ്രകൃതിയെ ഏകീകരിക്കുവാനും പ്രപഞ്ചത്തിൽ നമ്മുടെ സ്ഥാനം എന്തെന്നു് മനസ്സിലാക്കുവാനും നമ്മുടെ കത്തവ്യം, എത്ര ലഘുവായാലും ദുസ്സാധമായാലും, നിർവ്വഹിക്കുവാനുള്ള ശക്തി സംഭരിക്കുവാനും നാം ഈ കേന്ദ്രബിന്ദുവിൻെറ സ്ഥാനം ഉറപ്പിക്കണം. ധ്യാനംകൊണ്ടും ചിന്തകൊണ്ടുമാണു് അതു സാധിക്കുന്നതു്. തന്മൂലം ശാന്തമായ ധ്യാനവും ഏകാന്തതയും അനുപേക്ഷണീയമാണു്.

സാമൂഹ്യമായ മൂല്യവും അത്ഥവും ഉള്ള ഒന്നാണു് ധാമ്മികജീവിതം. ചിത്താവേഗപരമോ ജന്മവാസനാനുസൃതമോ ആയ പ്രവത്തനം ധാമ്മികവൃത്തിയല്ല. ഒരു ആശയം ഉൾക്കൊണ്ടിരിക്കണം, അഥവാ, അത്ഥവത്തായിരിക്കണം ധാമ്മികവൃത്തി. മനുഷ്യപ്രകൃതിയുടെ അസംസ്കൃതപദാത്ഥങ്ങൾ ആത്മീയലക്ഷ്യങ്ങൾക്കു് അനുരോധമായി രൂപപ്പെട്ടുത്തണം. പദാത്ഥത്തിനു് നാം കൊടുക്കുന്ന രൂപമാണു് പ്രധാനം. മനുഷ്യജീവിതത്തിൻെറ എല്ലാ ആവിഷ്കരണങ്ങളും അത്ഥവത്താണു്. ഓരോന്നിൻേറയും അത്ഥവും ഉദ്ദേശ്യവും വെച്ചുകൊണ്ടാണു് ഓരോന്നിനേയും അളന്നുനോക്കുക. മാമൂലായ ഏതെങ്കിലും മാതൃകയോ നിദശനമോ ഉണ്ടാവാൻ നിവ്വാഹമില്ല. ഓരോ മനുഷ്യനും അന്യരുടേതിൽനിന്നും വ്യത്യസ്തമായ ഒരു കോണിൽക്കൂടിയാണു് ലോകത്തെ ദശിക്കുന്നതു്. ഏതു് ആദശം തിരഞ്ഞെടുത്താലും, നാം അതിൻെറ സ്വഭാവം തിരിച്ചറിയുകയും അതിൻെറ സാധ്യതയിൽ വിശ്വസിക്കുകയും ഒരു കമ്മപരിപാടി ആസൂത്രണം ചെയ്തു് ആ ആദശം സാക്ഷാത്ക്കരിക്കുവാൻ ക്ലേശം സഹിച്ചു് ആത്മത്യാഗവായ്പോടെ ഉററുപരിശ്രമിക്കുകയും വേണം. നമ്മുടെ ആചരണവിധം ധാമ്മികമാകണമെങ്കിൽ അതു് പരിണാമഗതി ലക്ഷ്യമാക്കുന്ന സമൂഹസ്ഥിതിപാലനത്തിനും സമുദായത്തിൻെറ ആന്തരികാനുരൂപ്യത്തിനും സഹായകമായിരിക്കണം. മനുഷ്യവംശത്തിനു് വിനാശമുളവാക്കുന്നതും വൈലക്ഷണ്യം വളത്തുന്നതുമായ ഏതു് നടപടിക്രമവും ധാമ്മികമല്ല. ഓരോ വ്യക്തിയുടേയും അന്തസ്സിനെ ആദരിക്കുവാനാണു് ധാമ്മികജീവിതം ആവശ്യപ്പെടുന്നതു്. മററുള്ളവരെ അംഗീകരിക്കുകയും അവരോടു് ഇണങ്ങിവത്തിക്കുകയും ചെയ്യുന്നതുകൊണ്ടു് ജീവിതം പരിപോഷി

പ്പിക്കപ്പെടുന്നു. ഫൊണീഷ്യയിലെ അമ്മമാർ കുട്ടികളെ ഉപജീവിക്കുന്നതിൽനിന്നു് മൊളോക്കു് (Moloch) അവരെ തടഞ്ഞില്ലായിരുന്നുവെങ്കിൽ മറ്റേതെങ്കിലും ദൈവം അതു് ചെയ്യുമായിരുന്നു. മനുഷ്യരിൽ ഒരാളും മറ്റൊരാളെപ്പോലെയല്ല. നമുക്കെല്ലാവർക്കും ഒരുപോലെയുള്ള ഗുണമാണു് അപ്രതിമത്വം. സമഞ്ജസമായ ഒരു ഐക്യമാണു് ലോകവ്യാപാരത്തിന്റെ ലക്ഷ്യം. അതിൽ ഓരോ വ്യക്തിയും സവിശേഷമായ സ്വീയസാക്ഷാത്ക്കാരം കണ്ടെത്തുന്നു.

ധീരോദ്യമങ്ങളോടുള്ള ഔന്മുഖ്യവും സ്വീകാരസന്നദ്ധതയുമാണു് ധാർമ്മികപുരോഗതിയുടെ നിയമമെന്നു് പറയാം. മനുഷ്യപ്രകൃതിയിൽ അസംസ്കൃതപദാർത്ഥങ്ങളായി വളരെയേറെ തീവ്രവികാരങ്ങളും ചിത്താവേഗങ്ങളും ഉണ്ടെന്നു് മനസ്സിലാകും, വ്യക്തികളെ ഒറ്റയ്ക്കു് എടുത്തുനോക്കിയാൽ. ഈ നൈസർഗ്ഗികസ്വഭാവങ്ങൾ പരിത്യജിക്കുവാനോ, നശിപ്പിക്കുവാനോ പ്രേരിപ്പിക്കുന്ന ഏതു് ധർമ്മസംഹിതയും തൃപ്തികരമല്ല. പ്രകൃതി തന്നതു് കൈക്കൊള്ളുകയും, അതിനെ അടിസ്ഥാനമാക്കി അതിനുപരി വേണ്ടതെല്ലാം പടുത്തുയർത്തുകയുമാണു് ചെയ്യേണ്ടതു്. സ്വീകാരഭാവം കൈക്കൊള്ളുന്നതുകൊണ്ടോ അനുരോധമായി വർത്തിക്കുന്നതുകൊണ്ടോ മാത്രം ഒരിക്കലും തൃപ്തിപ്പെടുന്നില്ല മനുഷ്യൻ. ഉയരാനും പുരോഗമിക്കുവാനുമുള്ള ഒരു ത്വരയുണ്ടു് അവന്റെ നെഞ്ചിൽ. ജീവിതവിതാനം താഴാതെ നിർത്തുകയല്ല, ഉയർത്തുകയാണു് ജീവിതത്തിന്റെ പരമലക്ഷ്യം. സ്വീയസത്തയുടെ സമൃദ്ധിക്കായി കൂടുതൽ ജീവിക്കുവാൻ, പിന്നേയും ജീവിക്കുവാൻ — അങ്ങനെ തന്നെത്തന്നെ അതിശയിക്കുവാനാണു് വ്യക്തി ആഗ്രഹിക്കുന്നതു്. ചുറ്റുപാടുമായി ഇണങ്ങിച്ചേരൽ എന്നാണു് ധാർമ്മികജീവിതത്തെ നിർവ്വചിക്കുന്നതെങ്കിൽ, ചുറ്റുപാടുകൾ മാറിക്കൊണ്ടിരിക്കുന്നേടത്തോളം കാലം ആ ഇണങ്ങിച്ചേരൽ അവസാനിക്കുകയില്ല. ഭൂതകാലത്തു് നിലനിന്നിരുന്ന ജീവിതസമ്പ്രദായങ്ങൾ ആവർത്തിക്കാൻ വയ്യ. സാധ്യമാണെങ്കിൽതന്നേയും അവ ആവർത്തിക്കുന്നതു് അഭിലഷണീയമല്ല. ആധുനികപരിതഃസ്ഥിതികളിൽ രജപുത്രഭടന്മാരേയും മദ്ധ്യകാലത്തെ ധീരയോദ്ധാക്കളേയും പോലുള്ളവർ ഉണ്ടായിരിക്കുക സാധ്യമല്ല. സ്ഥിരവും മാറ്റമില്ലാത്തതുമായ ഒരു ചുറ്റുപാടുണ്ടായിരുന്നാൽതന്നേയും പ്രശ്നം അവസാനിക്കുകയില്ല, നമ്മുടെ

ആദശ്ങ്ങൾ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതിനാൽ. പരിത:സ്ഥിതികൾക്കു് അനുരോധമായി വത്തിക്കുന്നതിലല്ല. നമ്മുടെ ആദശ്ങ്ങൾ കൂടുതൽ കൂടുതൽ ഉൾക്കൊള്ളുമാറു് പരിത:സ്ഥിതി മാററിയെടുക്കുന്നതിലാണു് ധാമ്മീകജീവിതത്തിൻെറ സാരാംശം കുടികൊള്ളുന്നതു്. ധീരോദ്യമസന്നദ്ധത കൂടാതെയുള്ള സ്വീകാരഭാവം, പരിത:സ്ഥിതികളെ മാററാതെ അവയോടിണങ്ങിച്ചേരാൻ മാത്രമുള്ള ശ്രമം, ഒരു തരത്തിലുള്ള പൂത്തിയും സ്വസ്ഥതയും ഉളവാക്കാമെങ്കിലും അതു് മാനുഷികമായ പൂണ്ണതയോ, ആത്മീയമായ ശാന്തിയോ ആകുന്നില്ല. കട്ടിയായ പുറംതോടുള്ള ശ്ലേഷ്മോദര പ്രാണിയെപ്പോലെ ബാഹ്യാവസ്ഥകളോടു് ഭദ്രമായി ഇണങ്ങിച്ചേരുന്ന വ്യക്തിയല്ല, സ്വന്തം ലോകത്തിൻെറ നിലവാരം എന്തായിരിക്കണമോ കുറെയെങ്കിലും അതിനനുരൂപമായ വിധത്തിൽ ലോകത്തെ ഉയത്തുന്ന വ്യക്തിയാണു് ധമ്മധീരൻ. ബാഹ്യാവസ്ഥകളുമായി പൂണ്ണമായും പൊരുത്തപ്പെടുന്നതിൽ ഒരു സൗന്ദര്യമുണ്ടു്, സംശയമില്ല. പക്ഷേ മാറിക്കൊണ്ടിരിക്കുന്നതും ബഹുവിധവുമായ ഈ ലോകത്തിൽ അതിനു് ദീർഘകാലം നിലനിൽക്കാനാവില്ല. നിഷ്കളങ്കശിശുവിൻെറ സൗന്ദര്യം ചൊറുചൊറുക്കുള്ള യുവത്വത്തിനു്, അതു് പിന്നീടു് വാർദ്ധക്യത്തിൻെറ മാന്യതക്കു്, അങ്ങനെ അങ്ങനെ സ്ഥാനമൊഴിഞ്ഞുകൊടുക്കുന്നു. വിശ്രമിക്കലില്ല ജീവിതത്തിൻെറ പാതയിൽ. ഓരോ നേട്ടവും പുതിയതായ മറെറാന്നിനുള്ള തുടക്കമാണു്.

മനുഷ്യയത്നത്തിൻെറ ഉന്നം സ്വയംപൂണ്ണതയാണെന്നു് വിശ്വസിക്കുന്ന പരമ്പരാഗതസിദ്ധാന്തങ്ങൾക്കു് വിരുദ്ധമാണു് പ്രത്യക്ഷത്തിൽ ഈ വീക്ഷണം. സമൂഹത്തിൻെറ ഒന്നാകെയുള്ള മോചനത്തേക്കാൾ ഒറ്റക്കു് ഒറ്റക്കു് വ്യക്തികളുടെ വിമുക്തിയായിരുന്നു അവരുടെ ലക്ഷ്യം. വ്യക്തിപരമായ ഈ നിഷ്കഷയുടെ ഉത്തരവാദിത്തം ഒരുപക്ഷേ മതത്തിലെ പൗരോഹിത്യനാണു് ഏറെയും. സമുദായം അതിൻെറ ആചാരങ്ങളും സ്ഥാപനങ്ങളും നിലനിത്തുവാനുള്ള സമ്മതിയായി മതത്തെ ഉപയോഗിച്ചു. ആത്മീയവികാസത്തിനു് സാധ്യതകാണാത്ത പലരും അതിനെവെടിഞ്ഞു് മരുഭൂമിയിലേയ്ക്കോ, വനാന്തരത്തിലേയ്ക്കോ, മൊണാസ്റ്ററികളിലേയ്ക്കോ പാലായനം ചെയ്യേണ്ടിവന്നു. അങ്ങനെ അങ്ങുമിങ്ങും ചില വ്യക്തികൾ പൂണ്ണതയുടെ പാരമ്യങ്ങളെ പ്രാപിച്ചെങ്കിലും സമുദാ

യം കെട്ടിക്കിടന്നു് ദുഷിക്കാൻ തുടങ്ങി. പക്ഷേ അവരും രക്ഷപ്പെട്ടുവെന്നു് പറയാൻ വയ്യ. കോപം, ഭയം, വേദന, അപായം എന്നിവയിൽനിന്നുമാത്രം രക്ഷപ്പെട്ടാൽ പോരാ, ഏകാകിത്വത്തിൽനിന്നും വേർപാടിൽനിന്നും രക്ഷിതരാകണം നാം. മാനവവർഗ്ഗത്തിൻെറ ഭാഗധേയത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ, അവരുടെ ദൈവികമായ സാധ്യതകളിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ, സമസ്തലോകവും രക്ഷിക്കപ്പെടുന്നതുവരെ നമുക്കു് വിശ്രമിക്കാൻ വയ്യ. മനുഷ്യനെസംബന്ധിച്ചിടത്തോളം സാധ്യമാകാവുന്ന പൂർണ്ണത, അവന്റെ ആന്തരികമായ ദിവ്യത, ദൈവസത്തയിൽ എല്ലാ ജീവികൾക്കും തമ്മിൽത്തമ്മിൽ ഉള്ള അദൃശ്യമായ ബന്ധം—ഇതെല്ലാമാണു് യഥാർത്ഥമായ എല്ലാ മതങ്ങളുടേയും കേന്ദ്രപ്രമാണം. സത്തൈക്യവും ശക്തിയും ആർജ്ജിച്ചിട്ടുള്ള ആത്മാവു് സ്വയം സംതൃപ്തിയിലോ, ഉദാസീനമായ കാരുണ്യത്തിലോ മുഴുകിയിരുന്നാൽ പോരാ, ഊർജ്ജിതമായ സേവനങ്ങളിലേർപ്പെട്ടു് സ്വയം ചിലവഴിക്കണം. ലോകം അസന്തുഷ്ടവും അരക്ഷിതവുമായിരിക്കെ, തന്നത്താൻ ശാന്തനായിരിക്കാൻ അങ്ങനെയുള്ള ആത്മാവിനു് സാധ്യമല്ല. ബാഹ്യലോകത്തെ തന്നോട്ടു് ഇണക്കി ലയിപ്പിക്കുന്നതുവരെ ആർക്കും പൂർണ്ണമായ ആന്തരികൈക്യം നേടുവാൻ കഴിയില്ല. ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുക എന്ന ആദർശം പൂർത്തീകരിക്കപ്പെടാത്തിടത്തോളം കാലം പുണ്യാത്മാക്കൾ അവരുടെ ജീവിതസത്ത മുഴുവനും അവർക്കു പുറത്തു സ്ഥിതിചെയ്യുന്ന ഒന്നിൻെറ നേരെ തിരിച്ചുവിടുകയും ഭൂമിയിൽ ആ ആദർശത്തിൻെറ ഏകാഗ്രമായ വികാസത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. ലോകം രക്ഷിക്കപ്പെടുന്നതുവരെ ഒരാളും യഥാർത്ഥത്തിൽ രക്ഷിക്കപ്പെടുന്നില്ല.

നന്മ ഉത്തരോത്തരം ഉൽകൃഷ്ടമായ ഒന്നിൻെറ ഏകാഗ്രമായ അനുധാവനമാണെങ്കിൽ, തിന്മ സ്വയംസംതൃപ്തിയാണു്. താഴ്ന്ന മനസ്സിൻെറ ഒരിക്കലും തെററാത്ത ലക്ഷണമാണു് സ്വയം സംതൃപ്തി നേടാനുള്ള വാസന. ഉത്കൃഷ്ടാദർശങ്ങളെക്കുറിച്ചുള്ള ബോധം നഷ്ടപ്പെടുകയെന്നതാണു് ഒരു മനുഷ്യനു് സംഭവിക്കാവുന്നതിൽവച്ചു് ഏററവും ശോച്യം. ഉയരുവാനുള്ള നിയോഗം അനുഭവപ്പെടുന്നേടത്തോളം കാലം ഒരാൾ എത്ര പാപിഷ്ഠനായിരുന്നാലും, അഭ്യുന്നതി നേടാൻ അയാൾക്കു് കഴിവുണ്ടായിരിക്കും. മനഃസാക്ഷിയുടെ അഭിശംസനത്തിൽ പ്രത്യാശ കുടി

കൊള്ളുന്നുണ്ട്. ആ അഭിശംസനം നിലച്ചുപോയാൽ പിന്നെ ജീവിതം മരണമാണ്. വ്യക്തി വളരുന്നിടത്തോളം തന്നോടുള്ള അസംതൃപ്തി കൂടിക്കൂടി വരികയാണ്, ലക്ഷ്യം പ്രാപിക്കുന്ന തുവരെ.

സാമൂഹ്യമൂല്യവും ഗൌരവവും ഉള്ള ഏതു തരം ജീവിതവും ധാർമ്മികമാണ്. മനുഷ്യജീവിതത്തിൻെറ ഏതു രൂപത്തിലുമുള്ള പ്രകാശനവും, ആ വഴിക്കുള്ള ആദർശം അല്പടക്കത്തോടുകൂടി സാക്ഷാത്കരിക്കുന്നുണ്ടെങ്കിൽ നമുക്ക് തള്ളിക്കളയാനാകില്ല. പൂർണ്ണതയ്ക്ക്, അഥവാ ആദർശാത്മകമായ ലക്ഷ്യവും മനുഷ്യാത്മാവും തമ്മിലുള്ള ഐക്യത്തിന്, മനുഷ്യസ്വഭാവത്തിനെന്നപോലെ തന്നെ വിവിധ രൂപങ്ങളുണ്ട്. പവിത്രതക്കുള്ള വാസനാവൈഭവം പല രൂപത്തിലാണ് പ്രകടമാകുന്നതു്. "വിഭൂതിമത്തും, ശ്രീമത്തും, സുന്ദരവും ഊർജ്ജിതവുമായ" സമസ്തവസ്തുക്കളും ഐശ്വരതേജോംശസംഭവമാണെന്ന് ഭഗവത്ഗീത ഉദ്ഘോഷിക്കുന്നു (X. 41). പ്ലാറേറാ വിഭാവനം ചെയ്യുന്ന പരമാദർശരൂപങ്ങളുടെ ലോകത്തിൽ എണ്ണമില്ലാത്ത മൂലരൂപങ്ങളുണ്ട്, ലോകത്തിലെ വിവിധ വസ്തുക്കൾക്ക് ആധാരമായി. സ്വർഗ്ഗരാജ്യത്തിൽ അസംഖ്യം മഹാമന്ദിരങ്ങളുണ്ട്.

ഉത്കർഷം പ്രാപിക്കുവാനുള്ള യത്നത്തിൽ ലക്ഷ്യത്തിലെത്തിച്ചേർന്നില്ലെങ്കിൽതന്നെ നാം വിഷമിക്കേണ്ടതില്ല. കളിക്കുക, അതാണ് പ്രധാനം, എത്ര നേടി എന്നതല്ല. നാം കർത്തവ്യം ചെയ്യുകയാണ് വേണ്ടതു്, ചെയ്യാൻവിടുകയല്ല.

തിന്മ നിഷേധരൂപമായ ഒരു സങ്കല്പമാണ്. നന്മയുടെ അഭാവം, അല്ലെങ്കിൽ അപര്യാപ്തതയാണ് അതു്. വളർന്നുവരുന്ന നന്മയാണ് പിന്നേയും നന്മയ്ക്ക് നടന്ന് തീർക്കാനുള്ള ദൂരം കുറിക്കുന്നതു്. നന്മയും തിന്മയും തമ്മിലുള്ള ശത്രുത അവസാനിപ്പിക്കാൻ സാധിക്കാത്തതല്ല. ശരിക്കു പറഞ്ഞാൽ എല്ലാ സംഘട്ടനവും നല്ലതും കൂടുതൽ നല്ലതും തമ്മിൽ, അല്ലെങ്കിൽ ചീത്തയും അധികം ചീത്തയും തമ്മിലാണ്. നല്ലതും ചീത്തയുമില്ല, ഉയർന്നതും താഴ്ന്നതും, ഉത്കൃഷ്ടവും അപകൃഷ്ടവും, മാത്രമേയുള്ളൂ. മററുള്ളവരുടെ വീക്ഷണം അവഗണിച്ചുകൊണ്ടു് സ്വന്തം വീക്ഷണം ഉറപ്പിക്കാനുള്ള ശ്രമം നാം ഉപേക്ഷിക്കണം. എതിരാളിയെ ഒന്നിനും കൊള്ളാത്തവനെന്ന് കല്പിച്ച് ബഹിഷ്കരിക്കരുതു്. അയാളെ മന

സ്സിലാക്കുകയും അയാളോട്ട് സഹാനുഭൂതി പ്രകടിപ്പിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. നാം പാലിക്കുന്ന ആദർശങ്ങളുടെ നേരേയുള്ള എതിർപ്പ് പ്രസന്നഭാവത്തിൽ വീക്ഷിക്കുക പ്രയാസമായിരിക്കാമെങ്കിലും, അവിടെയാണ് ധാർമ്മികാത്മാവ് വിജയിക്കുന്നതു്. ജീവിതം എന്താണ് എന്തായിരിക്കണം — ഇവ രണ്ടും തമ്മിലുള്ള വൈലക്ഷണ്യം അയാളെ പ്രക്ഷോഭിപ്പിക്കുന്നില്ല. അയാൾ ജീവിതം സ്വീകരിക്കുമ്പോൾ നിലവില്ലുള്ളതെന്തോ അതിനു് കീഴടങ്ങുക മാത്രമല്ല ചെയ്യുന്നതു്; ജീവിതം തിരസ്കരിക്കുന്ന വരെ ആഹ്ലാദപൂർവ്വം സ്വീകരിക്കുകകൂടിയാണ്. ഒന്നിനുപകരം മറെറാരു തരം ജീവിതമാണ് നല്ലതെന്നു് ശഠിക്കുന്നവരുടെ തിക്കും തിരക്കും നിരാശതയും അയാൾക്കില്ല. അസഹിഷ്ണുത, അയാളെ സംബന്ധിച്ചിടത്തോളം അധാർമ്മികമാണ്. തനിക്ക് ഉണ്ടെന്നവകാശപ്പെടുന്ന ആത്മാർത്ഥതയും, നിസ്വാർത്ഥതയും അയാൾ എതിരാളിയുടെ കാര്യത്തിലും വകവെച്ചുകൊടുക്കുന്നു. ദേശീയദൈവത്തിലോ പ്രതികാരാസക്തിയുള്ള യുദ്ധദേവനിലോ വിശ്വസിക്കാതെ സാർവ്വലൗകികമായ സ്നേഹത്തിൽ വിശ്വസിക്കുന്ന ഒരു മതം, എതിർപ്പിനു് നേരെ സഹിഷ്ണുതയും ക്ഷമാശീലവും പ്രകടിപ്പിക്കുവാനും, നമുക്ക് ആരോടെല്ലാം സംഘട്ടനം വേണ്ടിവരുന്നുവോ അവരോടെല്ലാം സൗമ്യമായും ധർമ്മികമായും പെരുമാറുവാനും നമ്മളോട്ട് ആവശ്യപ്പെടുന്നു. നമ്മുടെ മതത്തിൽ പെടാത്ത ആരേയും ഒരു മതദ്വേഷിയോ, മതശൂന്യനായ പ്രാകൃതനോ ആയിക്കരുതുവാൻ, നമ്മുടെ പക്ഷപാതങ്ങൾ ഒപ്പം പുലർത്താത്ത ഏതൊരാളും വിഡ്ഢിയോ വഞ്ചകനോ ആണെന്നു് ഭാവിക്കുവാൻ പ്രകൃത്യാ നമുക്ക് ഒരു പ്രവണതയുണ്ട്. പശ്ചാത്തലം, വികാരപ്രകൃതി, വിദ്യാഭ്യാസം, ചരിത്രപരമായ കീഴ്വഴക്കം, എന്നിവയെക്കുറിച്ചുള്ള ചുരുങ്ങിയ പരിജ്ഞാനം ഒരു വ്യക്തി എന്തുകൊണ്ടാണ് ഭിന്നമായ അഭിപ്രായം പുലർത്തുന്നതും, നമ്മെ അസഹ്യപ്പെടുത്തുന്നതുമെന്നു് മനസ്സിലാക്കുവാൻ സഹായിക്കും. അന്യന്റെ നില മനസ്സിലാക്കുക, — അതു് അയാൾക്കു് മാപ്പുകൊടുക്കുക മാത്രമല്ല, അയാളോട്ട് മതിപ്പുകാണിക്കുകയും കുറേക്കൂടി വലിയ ഐക്യത്തിലേക്കു് അയാളെ ആകർഷിച്ചുകൊണ്ടുവരികയും കൂടിയാണ്. ഹിന്ദുപുരാണത്തിൽ രാവണനും ഹിരണ്യകശിപുവും തിന്മയുടെ മൂർത്തരൂപങ്ങളായിട്ടാണ് ഗണിക്കപ്പെടുന്നതു്. എങ്കിലും അവർ മോക്ഷാർഹ

2.21923
R3:4
32K8



രായി കല്പിക്കപ്പെടുന്നു. വർത്തമാനത്തെക്കുറിച്ച് അവക്കുള്ള സങ്കല്പത്തിനൊത്തു് ജീവിക്കുന്നതിനുള്ള ദീർഘവും തീവ്രാഭിനിവേശപൂർവ്വവുമായ പരിശ്രമം അവരിൽ കാണാം. രാവണൻെറ ഉരുക്കുപോലെ കഠിനമായ ബാഹ്യപ്രകൃതിക്കും, സീതയെ സ്വാധീനയാക്കുവാനും രാമനെ ആക്രമിച്ച് കീഴടക്കുവാനും ഉള്ള ജ്വരത്തിനും അടിയിൽ, അസംഖ്യം വിശിഷ്ടപ്രേരണകളും മൃദുലപ്രതികരണങ്ങളും കാണാം. സീതയുടെ വ്യക്തിത്വത്തോടു് ഗണ്യമായ ആദരവുണ്ടായിരുന്നു രാവണനു്. അയാൾ രാമൻെറ ബദ്ധശത്രുവാണെങ്കിൽ, അഗാധരോഷങ്ങൾ അഗാധക്ഷതങ്ങളിൽ നിന്നു മാത്രമേ ഉണ്ടാകൂ എന്നു് നാം ഓർക്കേണ്ടതുണ്ടു്. ഒരിക്കലും വേണ്ടത്ര മനസ്സിലാക്കാൻ നാം ശ്രമിച്ചിട്ടില്ലാത്ത മനുഷ്യരേക്കാൾ ഉയർന്നവരാണു് നാമെന്ന മിഥ്യാവിചാരത്താൽ അഹങ്കരിക്കുന്നതിനുള്ള വാസന തടയണം. ജീവിതത്തിൻെറ സർഗ്ഗവ്യാപാരത്തിനു് അവസാനിക്കാത്ത ആവിഷ്കാരങ്ങളുണ്ടു്. അനുപമമായ മൂല്യമുണ്ടു്, അവയിൽ ഓരോന്നിനും. നല്ല രൂപവും ചീത്ത രൂപവുമുണ്ടു് ഓരോ വ്യാപാരത്തിലും. ചെയ്യുന്നതെന്തായാലും, അതിനു് ശരിയായ വഴിയും തെററായ വഴിയും ഉണ്ടു്.

ദൈവത്തിൻെറ ലോകത്തിൽ കലർപ്പററ തിന്മ എന്നൊന്നില്ല. പൊതുവെ തിന്മയായി കണക്കാക്കപ്പെടുന്ന ഒന്നു് നമ്മോടെതിരിടുമ്പോൾ വിദ്വേഷം കാണിക്കുന്നതു് അനീതിയാണു്. ഇക്കാര്യത്തിൽ നാം സ്വീകാരഭാവവും ധീരതയുമാണു് പ്രകടിപ്പിക്കേണ്ടതു്. തികഞ്ഞ സഹാനുഭൂതിയോടും സ്നേഹബുദ്ധിയോടുംകൂടി ലോകത്തിൻെറ തിന്മയെ നാം സ്വീകരിക്കണം. ഇതു പദവി വിട്ടു് ദാക്ഷിണ്യപൂർവ്വം കാണിക്കുന്ന ഔദാര്യമോ, മാപ്പു നൽകലോ അല്ല. അതിലും എത്രയോ കവിഞ്ഞ നീതിയാണു്,—മനുഷ്യൻ എന്താണോ അതേ നിലയിൽസ്വീകരിക്കുകയും ബലത്തിലും ദൗർബ്ബല്യത്തിലും അയാളെ സ്നേഹിക്കുകയും, സുന്ദരമായ ഒരു പ്രകൃതി കുററം അല്ലെങ്കിൽ പാപം എന്നു് ലോകം വിളിക്കുന്നതിലേയ്ക്കു് എങ്ങനെ വലിച്ചിഴയ്ക്കപ്പെടാമെന്നു് മനസ്സിലാക്കുകയും ചെയ്യുന്ന നീതി. ഏദൻ തോട്ടത്തിലെ ഔവയെക്കാൾ ധാർമ്മികോത്‌ക്കർഷമുണ്ടു് തനിക്കു് എന്നു് ഭാവിക്കുവാനുള്ള അഹന്ത നമ്മിൽ ആർക്കാണുള്ളതു്, അവളുടെ പെരുമാററത്തിൻെറ അനന്തരഫലം ദുഃഖകരമായിരിക്കാമെങ്കിലും നാം ആ

MADRAS UNIVERSITY LIBRARY
6 APR 2005

പരിത:സ്ഥിതിയിലും പ്രായത്തിലും ആയിരുന്നെങ്കിൽ വ്യത്യസ്ത മായി പ്രവർത്തിക്കുമായിരുന്നുവെന്നും തീർച്ചയാക്കാൻ വയ്യാ. ലോകത്തിലെ ഏററവും വലിയ വഞ്ചകൻെറ വിശ്വാസ്യതയും നാം അംഗീകരിക്കണം. അതിൻെറ അടിസ്ഥാനത്തിൽ മാത്രമേ ഏതെങ്കിലും തരത്തിലുള്ള ധീരമായ സഹകരണം സാധ്യമാകൂ. ശത്രുവിനെ കൈകാര്യം ചെയ്യുന്നതിനുള്ള ഏററവും നല്ല മാർഗ്ഗം അയാളെ വിശ്വസിക്കുകയാണ്. യഥാർത്ഥമായ ആത്മസമ്പത്തുള്ള ഒരാൾക്ക് ഭയമോ ക്രോധമോ ഇല്ല. "ധീരനായ ഒരാൾ പ്രാകൃതികവസ്തുതകൾ" അതേപടി എത്രത്തോളം കൂടുതൽ ഗ്രഹിക്കുന്നുവോ അത്രത്തോളം ഭയത്തിനും കോപത്തിനും സ്ഥാനമില്ലെന്നും, "നന്മ ചെയ്യുകയും ആഹ്ലാദിക്കുകയും" മാത്രമേ താൻ ചെയ്യേണ്ടതുള്ളുവെന്നും അയാൾ നന്നായി ധരിക്കുമെന്ന് പ്രസ്താവിച്ചത് ഒരു ഹിന്ദു സന്യാസിയല്ല, യൂറോപ്യൻ തത്വചിന്തകനാണ്. എന്നാൽ ഈ ജീവിതം ദുഷ്കരമെന്നപോലെതന്നെ ദുർല്ലഭവുമാണെ"ന്ന് സ്പിനോസ (Spinoza) സമ്മതിക്കുന്നു.

തന്നെയുമല്ല, ഏററവും ഉയരമുള്ള വൃക്ഷം പോലും സ്വർഗ്ഗം തൊടുന്നില്ല. വളരെ ശരിയാണ് പ്രചുരപ്രചാരമായ ഈ ചതുഷ്പദി:

"നന്മയുണ്ടൊട്ടേറെ നമ്മളിലേററവും
തിന്മ തികഞ്ഞോരില,വ്വിധം തിന്മയും
നന്മയുള്ളോരിലും കാണാം, ചിതമല്ല
നമ്മളിലാർക്കും പരദോഷദർശനം."

സദ്ഗുണങ്ങൾ പ്രകടിപ്പിക്കുന്നതിൽ പോലും, നമ്മളിൽ ഏററവും നല്ലവർക്കും ചില ദൗർബല്യങ്ങളും, പ്രാപ്തിക്കുറവുകളും, പൂർവ്വാർജ്ജിതവാസനകളും, ധാരാളിത്തങ്ങളുമുണ്ട്. പ്രപഞ്ചം ഇച്ഛിക്കുന്നുവെങ്കിൽ, ഈ ദൗർബ്ബല്യങ്ങൾ ഉപയോഗിച്ച് ദുരന്തകഥാപുരുഷന്മാരെ ഉൽപാദിപ്പിക്കാം. അവർ നമ്മെ ആകർഷിക്കുന്നത് നമുക്കും അവരെപ്പോലെ ദൗർബ്ബല്യങ്ങൾ ഉള്ളതുകൊണ്ടല്ല. അവരുടെ തററുകളല്ല, — തെററുകൾ സർവ്വസാധാരണമാണ് — വിധിയാണ് അവരുടെ നാശത്തിനുത്തരവാദി എന്നതാണ് അതിനു് കാരണം. ഒരിക്കലും നന്നാക്കിയെടുക്കാൻ വയ്യാത്തവിധം ദുഷ്ടന്മാരെന്ന് ലോകം തീരുമാനിച്ചിട്ടുള്ള മനുഷ്യൻ അവരുടെ സ്വഭാവത്തിൽ ഒരിക്കലും ഉണ്ടാകുമെന്ന് സംശയിച്ചിട്ടില്ലാത്ത ഋഷിതുല്യ

മായ ഭാവങ്ങൾ പ്രദർശിപ്പിച്ച് നമ്മെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. മഹത്വഭ്രംശം സംഭവിച്ചവരും ദുഷ്കൃതത്തിൽ നിന്നു് മോചിപ്പിക്കപ്പെട്ടവരുമായ ഇത്തരക്കാർ, മററുള്ളവരെ കുററം ചുമത്തി പുറം തള്ളുന്നതു് കുറേക്കൂടി സൂക്ഷിച്ചുവേണമെന്നു് ഓമ്മിപ്പിക്കുന്നു. നാമെല്ലാവരുംകൂടി നിമ്മിച്ചതെങ്കിലും വ്യക്തിപരമായി നാമാരും ഉത്തരവാദികളല്ലാത്ത വ്യാമിശ്രമായ സാമൂഹ്യശക്തികളാണു് പലരുടേയും ദുർവ്വൃത്തിയുടെ ഉറവിടമെന്നു് കണാം. ഒഥെല്ലോവിൻെറ പരാജയം പോലെ എല്ലാ പരാജയങ്ങളും എങ്ങനെ അപരിഹാര്യമാകുന്നുവെന്നു് മഹാകലാകാരന്മാർ നമ്മെ കാണിച്ചുതരുന്നു. ദുഷ്കൃത്യങ്ങളിൽ പലതും ബുദ്ധിയുടെ അപഭ്രംശത്താലോ ഹൃദയത്തിൻെറ ദുർവ്വാസനയാലോ അല്ല ഉണ്ടാകുന്നതും. നിന്ദനംകൊണ്ടോ ദണ്ഡനംകൊണ്ടോ വലിയ പ്രയോജനമില്ല. നൂതനജീവിതമൂല്യസ്വീകാരത്തിനും തദനുരോധമായ ക്രമവത്കരണത്തിനും ഉള്ള ദീർഘമായ ഒരു സംസ്കാരപ്രക്രിയ കൊണ്ടുമാത്രമേ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന കട്ടത്ത വികാരങ്ങളും വിമൂഢതകളും ഉത്കൃഷ്ടമാക്കി പരിണമിപ്പിച്ചെടുക്കുവാൻ സാധിക്കൂ.*

പഴയ സദാചാരനിയമങ്ങളോടുള്ള ഇന്നത്തെ എതിപ്പ് ദ്രുതഗതിയിൽ പുനരുജ്ജീവിക്കുന്ന മനഃസാക്ഷിക്കു് തെളിവാണു്. പക്ഷപാതങ്ങൾ വലിച്ചെറിഞ്ഞു്, മാമൂലുകൾ മുഖേന നാം ധരിക്കുന്നതിലും വലുതും സൂക്ഷ്മവുമായ യാഥാത്ഥ്യത്തോട്ട് അടുക്കുന്ന ഏതാനും വ്യക്തികളാണു് സാധാരണമായി സദാചാരനിയമങ്ങളിൽ മാററങ്ങൾ വരുത്താറുള്ളതു്. ചിന്താശീലമുള്ള ധിഷണയുടെ അമ്പരപ്പിക്കുന്ന പ്രവത്തനത്തേക്കാൾപഴയ സദാചാരനിയമങ്ങളുടെ സുഖകരമായ ഉദാസീനത ഇഷ്ടപ്പെടുന്ന യാഥാസ്ഥിതികൻെറ ദൃഷ്ടിയിൽ ഓരോ സന്മാർഗ്ഗനിയമപരിഷ്ക്കത്താവും ധമ്മവിരുദ്ധ ശക്തിയാണു്. സാമുദായികാചാരത്തിൻെറ നിലവിലുള്ള മുദ്രയല്ലാതെ മറെറാന്നുമല്ല സദാചാരം. അതിൽനിന്നു വ്യത്യസ്തമായി പ്രവത്തിക്കണമെന്നു് നിർബ്ബന്ധമുള്ള ഏതൊരാ

* ലോകത്തിൻെറ 'പാപം' എന്നു പറയപ്പെടുന്നതിന്നും അതിൻേതായ സ്ഥാനമുണ്ടു്. ദൈവികമായ സ്നേഹത്തിൻെറ അനാവരണത്തിനു് കാരണമാകയാൽ അധഃപതനത്തെ 'അനുഗൃഹീതപാപ'മെന്നു് (Beata Culpa) വിളിച്ചു മദ്ധ്യകാലത്തെ ഒരു പുണ്യവാളൻ.

ളും ദുർമ്മാർഗ്ഗിയാണു്, അയാളുടെ ദുർവൃത്തിക്കു് അടുത്ത തലമുറയിൽ ധാർമ്മികമൂല്യം കല്പിക്കപ്പെട്ടുകയും, മറെറാരു തലമുറയിൽ അതു് പാരമ്പര്യത്തിൻെറ ഒരു അംശമായിതീരുകയും ചെയ്യുന്നുവെങ്കിലും. ഏതൊരു ദശയിലും, ആ ഘട്ടത്തിലെ ഏററവും സമുന്നതമായ ജീവിതസങ്കല്പത്തെ മുന്നിട്ടു നിൽക്കുന്ന ഏതാനും പേരും, ഒപ്പമെത്താതെ പിന്നിൽ നിൽക്കുന്ന ചിലരും ഉണ്ടായിരിക്കും. ഭൂരിഭാഗം പേരും അതിനടുത്തായിരിക്കും. ആദ്യത്തെ കൂട്ടരാണു് വിപ്ലകാരികൾ. രണ്ടാമത്തെ വിഭാഗക്കാരാണു് കുററവാളികൾ. അവസാനം പറഞ്ഞവരാണു് സാധാരണ വ്യക്തികൾ. വിപ്ലവകാരികളെക്കൊണ്ടാണു് എല്ലാ പുരോഗതിയും ഉണ്ടാകുന്നതു്. മാമൂൽപ്രിയന്മാർ, യാഥാർത്ഥ്യം പരീക്ഷിച്ചറിഞ്ഞിട്ടില്ലാത്ത പ്രമാണസൂത്രങ്ങൾകൊണ്ടു് തൃപ്തിയടയുകയും, അപവാദം പരത്തുന്ന കഥകൾ — പലപ്പോഴും പ്രമാണസൂത്രങ്ങളിൽ ഒതുക്കാൻ കഴിയാത്ത ജീവിതയാഥാർത്ഥ്യം തുറന്നു കാണിക്കുന്ന കഥകൾ — രസിച്ചു് കാലം കഴിക്കുകയും ചെയ്യുന്നു. ഉത്കൃഷ്ടഗുണത്തിനും അനീതിയോടുള്ള വിമുഖതയ്ക്കും പേരുകേട്ട പരീശന്മാർ (Pharisees) ഉള്ളതുകൊണ്ടു പ്രയോജനമില്ല. യാന്ത്രികമായ ഒരു ജീവിതം നയിക്കുക എന്നതു് രമ്യമോ മൃദുലമോ ആയ നാമ്പുകൾ യാതൊന്നുമില്ലാത്ത പാറപ്പുറത്തു് അലഞ്ഞുതിരിയുന്നതിനു് തുല്യമാണു്. സദാചാരസംഹിതയോടു് കൂറുണ്ടായിരിക്കുന്നതു് നല്ലതുതന്നെ, പക്ഷെ ഭ്രാന്തമായ ആസക്തി കാണിക്കുന്നതു് ദുസ്സ്വഭാവമാണു്. നമ്മുടെ മാർഗ്ഗദർശിയും മാർഗ്ഗദീപവുമാണതു്. എങ്കിലും നാം അതിനെ ദൈവമായി കരുതിയാൽ അതു് നമ്മുടെ യുക്തിബോധം അന്ധമാക്കുകയും നമ്മെ ദുർമ്മാർഗ്ഗത്തിൽ കുടുക്കിയിടുകയും ചെയ്യും. സാന്മാർഗ്ഗികനിയമങ്ങൾ അലംഘ്യമാണെന്നു് കരുതുകയാണെങ്കിൽ ഒരു പുരോഗതിയും സാധ്യമല്ല. ജീവിതം ഒരു മഹാധീരോദ്യമമാണു്, സുനിയതമായ ഒരു പദ്ധതിയൊന്നുമല്ല. നിയമങ്ങൾ ശരിയായി ഒരിക്കലും നമുക്കു് അറിയാൻ കഴിയാത്ത ഒരു കളിയാണതു്. പരിണാമലക്ഷ്യങ്ങളോടും പ്രപഞ്ചോദ്ദേശ്യത്തോടും സഹകരിക്കുന്ന ഇച്ഛാശക്തിയല്ലാതെ, അമൂർത്തമായ യാതൊരു നിയമങ്ങളും നല്ല ജീവിതം നയിക്കുന്നതിനു് നമ്മെ സഹായിക്കുകയില്ല. വിജ്ഞാനം വർദ്ധിച്ചതുകൊണ്ടും, സാമൂഹ്യസ്ഥാപനങ്ങളുടേയും സന്മാർഗ്ഗികനിയമങ്ങളുടേയും ചരി

ത്തും ബുദ്ധിപൂർവ്വം പഠിക്കാൻ തുടങ്ങിയതുകൊണ്ടുമാണ് ഇന്നുള്ള അസ്വാസ്ഥ്യങ്ങളെല്ലാം. ഇന്ന് അഭ്യസ്തവിദ്യരിൽ വളരെപ്പേർക്കും തോന്നുന്നുണ്ട് അവർക്ക് വിശ്വാസമില്ലാത്ത ഒരു മനസ്സാക്ഷിയെയാണ് അനുസരിക്കുന്നതെന്നും, അവരെ സംബന്ധിച്ചിടത്തോളം അർത്ഥശൂന്യമായ കടമയാണ് നിർവ്വഹിക്കുന്നതെന്നും. സാന്മാർഗ്ഗികജീവിതത്തെക്കുറിച്ച് നിലവിലുള്ള സങ്കല്പങ്ങളെ അവർ പരസ്യമായി എതിർക്കുന്നു, കൂടുതൽ ആരോഗ്യകരമായ സമ്പ്രദായങ്ങൾ നടപ്പാക്കുന്നതിനുള്ള അത്യാകാംക്ഷയോടുകൂടി. സാധാരണക്കാരന്റെ വികാരങ്ങൾക്കും പക്ഷപാതങ്ങൾക്കും ഞെട്ടൽ ഉണ്ടാകുമെന്നതു് പുതിയ ഒരു സമ്പ്രദായത്തിനെതിരായി ഉയർത്തിപ്പിടിക്കാവുന്ന വാദമല്ല. നാം നമ്മുടെ മുൻഗാമികളേക്കാൾ തീർച്ചയും മൂർച്ചയും ഇല്ലാത്തവരാണ് എന്നു പറയുമ്പോൾ ആ പ്രസ്താവം അപ്പാടേ വാസ്തവമായോ ആകെ നമുക്ക് കുറച്ചിൽ ഉളവാക്കുന്നതായോ സ്വീകരിക്കേണ്ടതില്ല. അവർ ശരിയെന്നു് അംഗീകരിച്ചിട്ടുള്ള നിരവധി വസ്തുതകൾ നാം തെററായി കല്പിച്ച് ആക്ഷേപിച്ചിട്ടുണ്ടു്. നമ്മുടെ അഭിരുചികൾ മാറിയിരിക്കുന്നു. ഭാര്യമാരെ വില്ക്കുകയും അതു് ശരിയാണെന്നു് വിചാരിക്കുകയും ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അടിമകളെ ക്രൂശിക്കുന്നതു് മാന്യനായ സെനിക്കയെ (Seneca) വളരെയൊന്നും അസ്വസ്ഥനാക്കിയിട്ടില്ല. സീസറുടെ ഗാലിക്ക് ആക്രമണസന്നാഹങ്ങളേക്കാൾ നമ്മുടെ അടുത്ത കാലത്തെ യുദ്ധത്തിനു് ഭീകരതയെല്ലും കുറവായിരുന്നില്ലെങ്കിലും സീസറെപ്പോലെ അത്ര ലാഘവത്തോടെ നാം യുദ്ധത്തെ സാധൂകരിക്കുന്നില്ല. സന്മാർഗ്ഗചക്രവാളത്തിൽ വെളിച്ചം മങ്ങിയിരിക്കുന്നു; നക്ഷത്രങ്ങൾ ഉഴലുകയാണ്. ചരിത്രത്തിലെ ചില പൂർവ്വദശകളെ അപേക്ഷിച്ച് ഒരർത്ഥത്തിൽ നമുക്ക് വ്യക്തമായ അപകർഷമുണ്ടു്. നല്ല മാതൃകകൾക്കു് അനുയോജ്യമായി വർത്തിക്കുന്നില്ല എന്നതല്ല, ഗുണങ്ങളുടെ കേവലമായ അതിസാധാരണതയാണു് നമ്മുടെ തകരാറു്. തെളിഞ്ഞു കാണാവുന്ന ഒരു നിസ്സാരതപമുണ്ടു് നമ്മുടെ ജീവിതത്തിലും ചിന്താരീതിയിലും. ഗുരുതരമായ ഈ ന്യൂനതയിൽനിന്നു് നമ്മുടെ തലമുറ രക്ഷപ്പെടണമെങ്കിൽ ധീരമായ നിലവാരത്തിൽ പ്രവർത്തിക്കുവാൻ നാം പരിശ്രമിക്കണം, ഏതു ശാഖയിലും. സ്ഥൈര്യവും കഠിനനിഷ്ഠയും അച്ചടക്കവും പരിത്യാഗവും മാനുഷികമായ ആർദ്രതയും സഹിഷ്ണുത

യും കൂടാതെ, ചുരുക്കത്തിൽ സാഹസികോദ്യമവും സ്വീകാരഭാവവും കൂടാതെ വീരകൃത്യം സാദ്ധ്യമല്ല.

## കുടുംബജീവിതം

ശാരീരികവും ജീവഭൃതവും വൈകാരികവും സൌന്ദര്യാവബോധപരവും ധാർമ്മികവുമായ മാനവജീവിതത്തിൻെറ നാനാവശങ്ങളും ദൈവികതയിലേക്കുള്ള നമ്മുടെ വളർച്ചക്കു് സഹായകമായ പാവനോപാധികളാണു്. നാം ശരീരത്തെ അവഗണിക്കുകയോ, സർവ്വപ്രധാനമായ സ്വത്വത്തെ പട്ടിണിയിടുകയോ ചെയ്യേണ്ട ആവശ്യമില്ല. നമ്മുടെ പ്രകൃതിയുടെ എല്ലാ വശങ്ങളും പരമോൽകൃഷ്ടരൂപത്തിൽ സുലഭവും സർവ്വസ്പർശിയുമായ വിധത്തിൽ ആവിഷ്കരിക്കുകയാവണം ലക്ഷ്യം. ദാമ്പത്യത്തിൽക്കൂടി ഉൽകൃഷ്ട ജീവിതം പടുത്തുയർത്തുവാനുള്ള അസംസ്കൃതപദാർത്ഥങ്ങളായി ഗണിക്കണം ലൈംഗികചോദനകളെ. അബോധാഭിലാഷത്തിനു് അടിപ്പെടുക എന്നതു് രൂപത്തേയും അർത്ഥത്തേയും നിഷേധിക്കലാണു്, ക്രമരാഹിത്യവും അരാജകത്വവുമാണു്.

ഭദ്രമായ ഒരു ദാമ്പത്യത്തിൽ ലൈംഗികവൃത്തി പാവനമായ കർത്തവ്യമാണു്, ആന്തരലാവണ്യത്തിൻെറ പ്രകടനമാണു്. യഥാർത്ഥ പ്രേമം നിലനിർത്തുവാൻ സർവ്വപ്രധാനമായ ഒരു ലക്ഷ്യം ആവശ്യമാണു്. പ്രണയികൾ സ്വയം ആത്മാർപ്പണം ചെയ്തു് സാക്ഷാത്കരിക്കേണ്ടതായ ഒരു പൊതു ആദർശം അവശ്യമാണു്. ഭാര്യാഭർത്താക്കന്മാർ പരസ്പരം അംഗീകരിക്കുകയും ഇരുവർക്കുമുള്ള പൊരുത്തക്കേടുകളിൽ നിന്നു് സുന്ദരമായ പൂർണ്ണത ഉടലെടുക്കുകയും ചെയ്യുന്നു. ആത്മാർത്ഥബന്ധം വളർത്തുന്നതിനു് ഇരുകൂട്ടരും ഒരുമിച്ചു് യത്നിക്കുകയും, ഇടക്കുണ്ടാകുന്ന ക്ലേശങ്ങൾ നേരിടുവാനുള്ള സന്നദ്ധത കാണിക്കുകയും വേണം. ഈ പരിശ്രമത്തിൽ വിജയിക്കണമെങ്കിൽ അവർ ക്ഷമയും നിയന്ത്രണവും സഹനശീലവും ഔദാര്യവും പ്രകടിപ്പിക്കണം, സദാ ജാഗരൂകരായിരിക്കയും വേണം. ബുദ്ധി, വികാരങ്ങളെ രൂപാന്തരപ്പെടുത്തുമെങ്കിലും അതു് ഒരിക്കലും പൂർണ്ണമാകുന്നില്ല. വിവേചനാശക്തി നേടുവാൻ ശാശ്വതമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ജീവി എന്ന നിലയിൽ മനുഷ്യൻ, ഏററവും നല്ല രൂപത്തിൽപോലും, വി

വേചനാശക്തി പൂർണ്ണമായും ആർജ്ജിച്ചു കഴിഞ്ഞിട്ടില്ല. ഒരു ജീവിതരീതിയെന്ന നിലയിൽ സന്തോഷവും സന്താപവും നിറഞ്ഞതാണു് ദാമ്പത്യം. അത്യാനന്ദകരമായ ഒരവസ്ഥയാണു് ദാമ്പത്യമെന്നും, അതിനു് വിഘാതമായി എന്തെങ്കിലും സംഭവിച്ചാൽ അതു് അവസാനിപ്പിക്കേണ്ടതാണെന്നുമുള്ള തെററായ ധാരണകൊണ്ടാണു് വിവാഹമോചനങ്ങൾ ഉണ്ടാകുന്നതു്. പങ്കാളികളിൽ ആരുടെയെങ്കിലും അവിശ്വസ്തതയാലോ ലൈംഗികമായ അകൃത്യത്താലോ അല്ല, വികാരപ്രകൃതിയുടെ അനൈക്യവും വിഭിന്ന ജീവിതതാൽപര്യങ്ങളും മൂലമാണു് വിവാഹമോചനങ്ങൾ സാധാരണ സംഭവിക്കുന്നതു്. വിഘ്നങ്ങളിൽക്കൂടിയും വിളംബങ്ങളിൽക്കൂടിയും രണ്ടു വ്യക്തികളുടെ വളർച്ചയെ സഹായിക്കുന്നതിനുള്ളതാണു് വിവാഹം എന്നു് നാം മനസ്സിലാക്കിയാൽ ഓരോ ക്ലേശവും പിന്നേയും പരിശ്രമിക്കുന്നതിനുള്ള വെല്ലുവിളിയായിട്ടെടുക്കാം. ഭദ്രമായ ഒരു ദാമ്പത്യം നമ്മുടെ ഉദ്ദേശ്യത്തിൻെറ ഉന്നതമായ പ്രാപ്തിയെ കുറിക്കുന്നു. പരസ്പരമുള്ള തെററായ ധാരണകൾക്കും വന്യഭാവങ്ങൾക്കും പ്രേരണകൾക്കും വ്യക്തിപരമായ പ്രത്യേകതകൾക്കും, വൈസാദൃശ്യങ്ങൾക്കും, എന്നല്ല, പരസ്പരം ചെയ്യുന്ന പാപങ്ങൾക്കും എന്നുകൂടി പറയട്ടെ — ഉപരി തമ്മിൽ തമ്മിൽ യോജിച്ചിരിക്കുവാനാണു് ദാമ്പത്യം ആവശ്യപ്പെടുന്നതു്. വിവാഹമോചനങ്ങൾ എപ്പോഴും അപകർഷകരമാണു്. മനുഷ്യജീവിതത്തിൻെറ ലക്ഷ്യം ആന്തരികമായ വളർച്ചയും പൂർണ്ണതയുമല്ല, ആരോഗ്യവും ആനന്ദവുമാണെന്നു് വിചാരിക്കുന്ന ദുർബ്ബലരും അപക്വാത്മാക്കളുമായ ചിലർ വിവാഹമോചനത്തെ ആശ്രയിക്കുന്നു. അഗാധക്ഷതമേൽക്കുമ്പോഴും ആത്മപരിപാകം വന്നവർ ദുഃഖത്തെ ശക്തി വർദ്ധിപ്പിക്കുന്ന ഒന്നായി വിചാരിക്കുന്നു, മലിനതയേ നേരെ മറിച്ചും. പുരുഷന്മാരേക്കാൾ കൂടുതൽ സഹനശക്തി കാണിച്ചിട്ടുണ്ടു് സ്ത്രീകൾ. അവർ സ്നേഹിക്കുന്ന പുരുഷന്മാരുടെ തെററുകളും കുററങ്ങൾപോലും അവർ മറന്നുകളയുന്നു. നാം ആർജ്ജിക്കേണ്ടതായ ആത്മീയമായ എന്തോ ഒരു നന്മയുണ്ടു് അവരിൽ.

ഉൽകൃഷ്ടജീവിതം നയിക്കുന്നതിനു് കുട്ടികൾ വളരെയധികം സഹായിക്കും. മാതാപിതാക്കൾക്കു് കുട്ടികളോടുള്ള നൈസർഗ്ഗികമായ സ്നേഹം അനുഭവത്തിലും വികാരത്തിലും കുട്ടികളുമാ

യുള്ള ചങ്ങാത്തത്തിലൂടെ സ്വയം പ്രകടമാകുന്നു. കുട്ടികളോടുള്ള കടമയെ കുറിച്ച് ഒരു വിചാരവുമില്ലാതെ സ്വന്തം സുഖങ്ങളന്വേഷിക്കുന്ന മാതാപിതാക്കന്മാർ കുട്ടികളുടെ നേരെ കാണിക്കുന്ന അത്യന്താവഗണനയും ഉപേക്ഷയും ആധുനികകാലത്തെ അസ്വാഭാവികമായ ഒരു വികാസമാണ്. സക്കാർ വക ശിശുസംരക്ഷണമന്ദിരങ്ങളുണ്ടെന്നു പറയുന്നു. പക്ഷെ ഒരിക്കലും അവക്ക് പ്രചാരമുണ്ടാകാനിടയില്ല. കുട്ടികളുടെ ബഹുമുഖമായ വളച്ചക്കു മാതാപിതാക്കളുടെ സ്നേഹവും സഹാനുഭൂതിയും വേണം. മാതാപിതാക്കൾക്ക് പകരം നില്ക്കാൻ മറെറാന്നുമുണ്ടാകുക സാധ്യമല്ല. മാതാപിതാക്കളുടെ ആത്മീയജീവിതത്തിനു് ആഴം കൂട്ടുന്നതിനനുസരിച്ച് അവരുടെ സ്ഥാനത്തു് മററാരെയെങ്കിലും പ്രതിഷ്ഠിക്കുവാനുള്ള ആഗ്രഹവും, കുറയും. കുട്ടികൾ ഉണ്ടാകാത്ത ദാമ്പത്യങ്ങളാണു് അധികവും മോചിപ്പിക്കപ്പെടുന്നതെന്നു് സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. കുട്ടികളുണ്ടാകുന്നതിനുള്ള മോഹം തീവ്രമാണു് ഭൂരിഭാഗം സ്ത്രീകളിലും പുരുഷന്മാരിൽ പോലും. ആ ആഗ്രഹം നിഹനിക്കപ്പെടാത്തിടത്തോളം കാലം ജീവിതാവസാനം വരെയുള്ള പങ്കാളിത്തം എന്നായിരിക്കും വിവാഹത്തിനു് അത്ഥം.

ബാഹ്യമായ നിർബ്ബന്ധങ്ങളേയും അജ്ഞതയേയും അടിസ്ഥാനമാക്കിയുണ്ടാകുന്നതും, അസ്ഥിരവും പുറത്തുവരാൻ മടിക്കുന്നതുമായ നന്മ ഒരിക്കലും നന്മയല്ലെന്നു് ആധുനികാസ്വാസ്ഥ്യം നമുക്ക് ശരിയായി മുന്നറിവു തരുന്നു. അറിവിനെ അടിസ്ഥാനമാക്കിയുള്ള നിയന്ത്രണമാണു് അജ്ഞതകൊണ്ടുള്ള നിരപരാധിത്വത്തേക്കാൾ നല്ലതു്. ഏകപത്നീത്വം ഉന്നതാദർശമാണെന്നതിനു് സംശയമില്ല. എങ്കിലും, ലക്ഷകണക്കിനു സ്ത്രീകളിൽ ലൈംഗികദാരിദ്ര്യമോ വ്യഭിചാരമോ അടിച്ചേല്പിക്കുന്നതിനാൽ അതു് പുനഃപരിശോധനചെയ്യേണ്ട കാര്യമാണെന്നു് ആധുനികർ ഊന്നിപ്പറയുന്നതു് ശരിയാണു്. ദൃഢവും കഠിനവുമായ ഒരു ദാമ്പത്യനിയമത്തിലും തീരെ ശിഥിലമായ ഒന്നിൽ ഉള്ളത്രതന്നെ നിരുത്തരവാദിത്തമുണ്ട്. സ്ത്രീപുരുഷന്മാക്ക് ഏകരൂപമായ ഒരു സദാചാരസംഹിതയുളവാക്കുന്നതിൽ നിലവാരങ്ങൾ താഴ്ത്തുകയല്ല എല്ലാം ഒരുപോലെ ഉയർത്തുകയാണു് വേണ്ടതു്. പുരുഷൻെറ നിലവാരത്തിലേക്കു് സ്ത്രീകൾ സ്വയം താഴുകയല്ല, പുരുഷന്മാർ സ്വയം ഉയരുകയാണു് വേണ്ടതു്. പുതിയ

വിജ്ഞാനം നൂററാണ്ടുകളായി സ്ത്രീകൾ അനുഭവിച്ചിരുന്ന ശിക്ഷ കളിൽനിന്നു് അവരെ മോചിപ്പിച്ചിട്ടുണ്ടു്. വസ്തുതകളെ വിശ്വാസത്തോടും ധീരതയോടുംകൂടി അഭിമുഖീകരിക്കുന്നിടത്തോളം കാലം, എത്രതന്നെ ആപൽക്കരമായിരുന്നാലും, ഈ പുതിയ അറിവിനും സ്വാതന്ത്ര്യത്തിനും നമ്മെ നശിപ്പിക്കാനാവില്ല. പരിവർത്തനദശയിൽ അഭികാമ്യമല്ലാത്ത ഫലങ്ങൾ ഉളവായേക്കാമെന്നതു് ശരി തന്നെ. ആധുനികകാലത്തെ വിദ്യാർത്ഥിനികൾക്കു് ലൈംഗിക ജീവിതവികാസത്തെ കുറിച്ചു് കൂടുതൽ ബോധമുണ്ടു്, മുൻതലമുറകളേക്കാൾ. അവരുടെ ആധുനാതനവ്യാപാരങ്ങൾ മതത്തിലും സദാചാരത്തിലും അതിനിഷ്ഠയുള്ളവരെ ഞെട്ടിക്കുന്നു. സഹവിദ്യാഭ്യാസം നടപ്പുള്ള കോളേജുകളിലും സ്കൂളുകളിലും അനുചിതകൃത്യങ്ങൾക്കുള്ള പ്രേരണകളുണ്ടു്.

സ്ത്രീകളുടെ വ്യഗ്രതയ്ക്കു് ശരിയായ നിദാനം അവരുടെ കൃത്യം ചെയ്യാൻ സാധിക്കാതെ വരുന്നു എന്നതാണു്. ബയറൺ(Byron) ആണു് പറഞ്ഞതു്: "പ്രേമം പുരുഷനെ സംബന്ധിച്ചിടത്തോളം അയാളുടെ ജീവിതത്തിൽനിന്നു് വേറിട്ടുനില്ക്കുന്ന ഒന്നാണു്: സ്ത്രീക്കാകട്ടെ അതു് മുഴുവൻ ജീവിതവുമാണു്." നാം സാധാരണയായി സ്ത്രീയുടെ സ്ഥാനം വീടാണു് എന്നു കരുതുന്നു. പക്ഷെ കുടുംബങ്ങൾ തിരോഭവിക്കുകയാണു്. യന്ത്രോപകരണങ്ങൾ മൂലം വീട്ടുജോലികൾ കുറഞ്ഞതുകൊണ്ടും ഹോട്ടലുകൾ വീടുകളുടെ സ്ഥാനം കൈയേറ്റതുകൊണ്ടും ഒട്ടേറെ മനുഷ്യവീര്യം ചിലവഴിക്കാൻ പറ്റിയ വഴികളില്ലാതെ, കുടികിടക്കുന്നുണ്ടു്. ഭർത്താവിനു് മറെറന്നത്തേക്കാളും ജോലിത്തിരക്കുണ്ടു്. ഭാര്യയ്ക്കാകട്ടെ ജോലിയൊന്നുമില്ലാതെ വളരെയധികം സമയമുണ്ടു പാഴായി. ശ്രദ്ധാപൂർവ്വം മുഴുകിച്ചേരേണ്ടതായ ജോലിയൊന്നുമില്ലാത്തതിനാൽ അവൾ ആഹ്ലാദശൂന്യയായി, ഞരമ്പുരോഗിയായി, അർത്ഥമോ ഉദ്ദേശ്യമോ ഇല്ലാത്ത ഒരു വൃഥാസൃഷ്ടിയായിത്തീരുന്നു. പണവുമായി അവൾ തമാശകളും വിസ്മൃതികളും സുഖാനുഭവങ്ങളും വ്യക്തിപരമായ സംതൃപ്തികളുംകൊണ്ടു് ഒഴിഞ്ഞ മണിക്കൂറുകൾ നിറയ്ക്കാൻ ശ്രമിക്കുന്നുവെങ്കിൽ അവളെ കുററപ്പെടുത്താൻവയ്യ. അവളുടെ പഴയജോലി ഇല്ലാതായി, പുതിയ ഒന്നു് ഉണ്ടായിട്ടുമില്ല. മുഴുവൻ സമയവും ചെലവഴിക്കേണ്ടതോ, അത്രപററിയതോ ആയ ഒരു തൊഴിലേ അല്ലാതായിരിക്കുന്നു് ദാമ്പത്യം. വിവാഹിതകളെ സംബന്ധിച്ചിട

ത്തോളം നില ആപൽക്കരമാണെങ്കിൽ, അവിവാഹിതസ്ത്രീജനങ്ങളുടേയും കുട്ടികളില്ലാത്ത വിധവകളുടേയും, പ്രായപൂർത്തിക്കോ വിവാഹത്തിനോ ശേഷം മക്കൾ പിരിഞ്ഞുപോകുന്ന വ്യക്തിപരത്വം മുന്നിട്ടുനില്ക്കുന്ന സമുദായങ്ങളിലെ വിധവകളുടേയും നില അതിലും മോശമാണു്. സ്ത്രീകൾക്കു് ചെയ്യാൻ വേണ്ടത്ര ജോലിയില്ലാ എന്നതാണു് തകരാറു്. ശൂന്യമായ ഒരു ജീവിതത്തിന്റെ ദരിദ്രത പ്രകൃതി വിരുദ്ധമായ പന്ഥാക്കളിലേക്കു് അവരെ പ്രേരിപ്പിക്കുന്നു. അവക്കു് അനുഗുണമായ തൊഴിലുകൾ നൽകേണ്ടതു് നീതിമാത്രമാണു്.

മാംസബദ്ധമായ ആനന്ദത്തെ വാഴ്ത്തുന്നതിലുള്ള ആധുനികരുടെ താൽപര്യാധിക്യം തെററായ ഒന്നാണു്. ബുദ്ധിയുടെ ശിക്ഷണത്തിൽക്കൂടിയല്ലാതെ വികാരത്തിന്റെ ഉറവുകളിൽനിന്നു് നേരിട്ടുണ്ടാകുന്ന പ്രവൃത്തി ആദിദശയിലേക്കുള്ള മടക്കമാണു്. ബുദ്ധിയുടേതായ നിയന്ത്രണത്തിന്റെ സ്ഥാനം വികാരം ബലമായി അപഹരിക്കരുതു്. ഐന്ദ്രിയഭോഗേച്ഛയുടെ പര്യായമല്ല ആത്മാവിഷ്കാരം. നാം സ്വതന്ത്രരായിരിക്കണം, അന്ത:കരണത്തിൽ നിന്നുണ്ടാകാത്തതായ ഒരു നിരോധവും വകവെയ്ക്കേണ്ടതില്ല, എന്നു് വിശ്വസിക്കുന്നതു് താത്വികമായി വളരെ ശരിയാണെങ്കിലും പരിപാകം വന്നിട്ടില്ലാത്ത യുവമനസ്സുകളെ ഈ തത്വം ആചരിക്കാൻ അനുവദിക്കുന്നതു് വിനാശകരമാണു്. ബാഹ്യാനുജ്ഞകളിൽനിന്നാണു് ആന്തരികാനുജ്ഞകളുണ്ടാകുന്നതു്. ബാഹ്യാനുമതികൾക്കു് അതീതരായവക്കു മാത്രമേ അനുസരിക്കാതിരിക്കുന്നതിനുള്ള സ്വാതന്ത്ര്യമുള്ളു. സ്വാതന്ത്ര്യം നേടുന്നതിനുമുമ്പു് സ്വയം അച്ചടക്കം ശീലിക്കാൻ വ്യക്തിയെ സഹായിക്കണം. യുവപ്രായക്കാരും പരിപാകം സിദ്ധിച്ചിട്ടില്ലാത്തവരും അവരുടെതന്നെ നിയമമായിരിക്കാൻ പാടില്ല അപ്പോളപ്പോളുണ്ടാകുന്ന അഭിലാഷങ്ങളുടെ ആജ്ഞയനുസരിച്ചു് ബന്ധങ്ങൾ സ്ഥാപിക്കുവാൻ പാടില്ല. വിവാഹം, അതിന്റെ സ്വഭാവം, ലക്ഷ്യം, എന്നിവയെക്കുറിച്ചു് തെററായ ആദർശങ്ങൾ വെച്ചുകൊണ്ടു് എളുപ്പത്തിൽ ശ്രദ്ധയില്ലാതെ ചെയ്യേണ്ട ഒന്നല്ല. ഒരു മണിക്കൂർ നേരത്തേക്കു മാത്രം നിലനിൽക്കുന്ന വിവാഹത്തെ നിയമവിധേയമെന്നു് വിളിക്കുന്ന അത്യാധുനികസങ്കല്പം അപഹാസ്യതയുടെ അങ്ങേയററമാണു്. പരീക്ഷണവിവാഹങ്ങൾ (Trail Marriages) വെപ്പാട്ടികളെ വെച്ചുകൊണ്ടിരിക്കുന്നതിനുള്ള

അനുവാദത്തിന്റെ മററൊരു പര്യായമാണ്. അവർ ഭൂതകാല പാരമ്പര്യം മാത്രമല്ല, ഭാവിലക്ഷ്യവും പരിഗണിക്കുന്നു. വിവാഹത്തിന്റെ ഏകലക്ഷ്യമായി കരുതുന്നത് ലൈംഗികസംതൃപ്തിയാണ്, ആത്മീയസാക്ഷാത്കാരമല്ല. ഉത്സാഹത്തിന്റെ ആദ്യത്തെ തള്ളിച്ചയിലും നിരോധനങ്ങൾക്ക് എതിരായുള്ള പ്രക്ഷോഭത്തിലും സ്ത്രീപുരുഷന്മാർ ഹൃദയപൂർവ്വം പരീക്ഷണ വിവാഹങ്ങളിൽ ഏർപ്പെട്ടേക്കാമെങ്കിലും അതു് അവരെ സംബന്ധിച്ചിടത്തോളം ലൈംഗികമോ, സാമുദായികമോ, ആത്മീയമോ ആയ ഗുണത്തിനല്ലെന്നു് കൂടുതൽ പരിപാകം സിദ്ധിക്കുമ്പോൾ അവർക്ക് മനസ്സിലാകും.

## സാമ്പത്തികബന്ധങ്ങൾ

ഒരു വസ്തുവിന്റെ ദുർവ്വിനിയോഗം അതിന്റെ നിയമവിധേയമായ ഉപയോഗയോഗ്യത കുറയ്ക്കുന്നില്ല. ശാസ്ത്രം നിരന്തരമായി നമുക്ക് ശക്തിയും ഉപകരണങ്ങളും തരുന്നുണ്ടു്. അവയുടെ ബുദ്ധിപൂർവ്വമായ വിനിയോഗത്താൽ പ്രകൃതിയുടെ കൂടുതൽ പ്രചണ്ഡമായ വശങ്ങൾക്ക് മുമ്പിലും മാനുഷികമൂല്യങ്ങൾ പരിരക്ഷിക്കുന്നതിനു് നമുക്ക് സാധിക്കും. അങ്ങനെ ചെയ്യുന്നതു് അടിമകളെ പുലത്തുകമൂലം ഗ്രീക്കുകാക്കിടയിൽ ഉണ്ടായിരുന്നതുപോലെ സമുദായത്തിനൊട്ടാകെ സംസ്കാരപോഷണത്തിനും ഉല്ലസനത്തിനും തുല്യാവസരങ്ങൾ നൽകുന്നതിനു് സഹായകമാകും. വീട്ടിൽ നെയ്തുണ്ടാക്കുന്ന തുണി മിൽത്തുണിപോലെ നല്ലതാണെന്നോ, കാളവണ്ടി കാറിനേക്കാൾ മേലെയാണെന്നോ മതം പറയുന്നില്ല. യന്ത്രങ്ങളുടെ അടിമകളാകാതിരിക്കാൻ നാം ശ്രദ്ധിക്കണമെന്നുമാത്രം. യന്ത്രങ്ങൾ പച്ചപ്പാടങ്ങളും നീലാകാശവും ഒരു നോക്കു് കാണാൻ കഴിയാതെ, മനുഷ്യരെ പുക നിറഞ്ഞ പട്ടണങ്ങളിലും ഇരുട്ടറകളിലും ഒതുക്കിനിർത്തുന്നതിനുള്ള ഉപാധിയാക്കരുതു്.

നമ്മുടെ ജോലിയിൽ നമുക്ക് താൽപര്യമില്ലാത്തതാണ് വേലക്കും വിശ്രമത്തിനും തമ്മിൽ ഇത്ര അന്തരമുണ്ടാകാൻ കാരണം. മനസ്സ് പൂർണ്ണമായും സജീവമായും ഭാഗഭാക്കായാൽ ജോലി ആഹ്ലാദകരമാകും. അതുണ്ടാകുന്നില്ല. സമൂഹത്തിന്റെ ജീവിതാവശ്യം നിറവേററാൻ നാം മുഷിവ് സഹിക്കുന്നു. ജോലി ആഹ്ലാദകര

മാക്കണം; വ്യവസായത്തിന്റെ പൊതുനിർവ്വഹണത്തിൽ തൊഴിലാളികൾ താൽപര്യം പ്രദർശിപ്പിക്കുകയും വേണം.

മനുഷ്യസ്വഭാവത്തെ നിർണ്ണയിക്കുന്ന ആവശ്യങ്ങൾ ഒന്നുകിൽ ധനം, സുഖം, പദവി, അധികാരം തുടങ്ങി ഭൗതികവും സാമ്പത്തികവുമാണ്; അല്ലെങ്കിൽ സത്യസന്ധത, അറിവ്, നീതി, സഹാനുഭൂതി, ധാരണാശക്തി എന്നിങ്ങനെ സാമൂഹ്യവും ആത്മീയവുമാണ്. ഭൗതികമൂല്യങ്ങളാൽ നിയന്ത്രിക്കപ്പെടേണ്ട ഒരു വ്യവസായം എന്ന മനോഭാവമല്ല തൊഴിലിന്റെ നേരെ നാം കൈക്കൊള്ളേണ്ടതു്. സമുദായത്തിന്റെ ആവശ്യങ്ങൾ നിറവേററാനാണ് നാം ജോലി ചെയ്യുന്നതു് എന്ന മനോഭാവമാണ് വേണ്ടതു്. വിവിധ ജോലിക്കാർ തമ്മിൽ അകന്നുപോകുന്നതിനുപകരം സജീവമായ ഒരു ഏകതത്വത്തിൽ ഉൾപ്പെട്ടവരാണെന്ന അതിപ്രധാനമായ ബോധം വളർത്തിക്കൊണ്ടുവരണം. പരസ്പരധാരണയുടെ അഭാവം പരിഹരിക്കുകയും, വ്യക്തിയിലും സമൂഹത്തിലുമുള്ള മാനുഷികവും ആത്മീയവുമായ ഐക്യത്തെക്കുറിച്ച് സർവ്വവ്യാപകവും സർവ്വപ്രധാനവുമായ ഒരു ബോധം നേടുകയും വേണം. വിവിധപ്രവൃത്തിഘടകങ്ങൾക്ക് വികാരസാധാരണ്യം ഉളവാകുകയും അവ പരസ്പരാശ്രയബോധത്താൽ ഉയിർക്കൊള്ളുകയും വേണം.

സമ്പത്തുകൊണ്ടു് എല്ലാം ആയില്ല. ഏററവും നല്ല വസ്തുക്കൾ അതുകൊണ്ടു് വാങ്ങാൻ കഴയില്ല. മനസ്സിൻേറയും ഹൃദയത്തിൻേറയും ആനന്ദം, അസ്പൃഹ, സന്മനസ്സ് എന്നു തുടങ്ങി ഏററവും അഭികാമ്യമായ വസ്തുക്കൾ പണം കൊടുത്തു വാങ്ങാൻ സാധിക്കാത്തവയാണ്. പ്രയോജനമാണ് പ്രധാനമെന്ന മതം മാത്രമല്ല ജീവിതത്തിൽ മുഖ്യമായുള്ളതു്. തൊഴിലാളികളോ സമ്പത്തു് ഉൽപാദിപ്പിക്കുന്നവരോ മാത്രമല്ല മനുഷ്യർ; മനുഷ്യർ കൂടിയാണ്. സൗന്ദര്യപ്രേമം, മനഃസംസ്കരണം തുടങ്ങിയ മാനുഷികമൂല്യങ്ങളും അവരെ ആകർഷിക്കുന്നുണ്ടു്. നമുക്ക് മനഃശാന്തിയും സ്വാതന്ത്ര്യവുമില്ലെങ്കിൽ ബാഹ്യനേട്ടങ്ങൾകൊണ്ടു് പ്രയോജനമില്ല. മനുഷ്യന്റെ ഭൗതികസ്ഥിതി നന്നാക്കാനുള്ള ബദ്ധപ്പാടിൽ നാം സ്ഥാപനങ്ങൾ മാററുന്നതിലും ആധുനികജീവിതത്തിന്റെ സങ്കീർണ്ണപ്രവർത്തനത്തിന്റെ ബാഹ്യവശങ്ങളിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതു്. എന്നാൽ, മനുഷ്യരെ സംബന്ധിച്ചിടത്തോളം അഭിലഷണീയമായ വസ്തുതകളുടെ അളവും ഗുണവും വർദ്ധിപ്പിച്ചി

ല്ലെങ്കിൽ സാമൂഹ്യസ്ഥാപനങ്ങളുടേയും യാന്ത്രികസംസ്ഥാപനങ്ങ ളുടേയും ഏതുതരത്തിലുള്ള ഉദ്ധരണംകൊണ്ടും പ്രയോജനമില്ല. ജീവിതത്തിന്റെ വൃത്തിഹീനതയിൽനിന്നും നഗ്നതയിൽനിന്നും രക്ഷപ്പെടാനും ഒഴിവുസമയം ലഭിക്കുവാനും ശാസ്ത്രം നമ്മെ സഹാ യിക്കുന്നു. നാം ഒഴിവുസമയം വേണ്ടപോലെ വിനിയോഗിക്കാൻ പഠിക്കുക. ഇവിടെ ശരിയായ വിദ്യാഭ്യാസത്തിനു് നമ്മെ സഹാ യിക്കാൻ കഴിയും.

## രാജ്യതന്ത്രം

ജനാധിപത്യം സമൂഹത്തിന്റെ സ്വയംഭരണമാണു്, ശരി യായി ധരിച്ചാൽ. ഏററവും കുറച്ചു് ഭരിക്കപ്പെടുക ഏററവും ന ന്നായി ഭരിക്കപ്പെടുകയാണു്. മനുഷ്യസ്വഭാവത്തെക്കുറിച്ചു് ആദ ശാത്മകമായ ഒരു വീക്ഷണം കൈക്കൊള്ളാത്തവർ കൂടുതൽ ഗവമ്മേണ്ടുനിയന്ത്രണം വേണമെന്നാവശ്യപ്പെടുന്നു. മനുഷ്യപ്ര കൃതിയുടെ കാടത്തത്തേക്കാൾ അതിന്റെ അന്തസ്സിൽ മതിപ്പുണ്ടാ യാൽ ബാഹ്യമായ ഉപാധികൾ നമ്മുടെ സ്വഭാവത്തിന്മേലുള്ള നിയന്ത്രണമായി കണക്കാക്കേണ്ടതില്ല. എല്ലാ ഭരണവും സ്വയം ഭരണത്തിലേയ്ക്കുള്ള മാർഗ്ഗമാണു്.

ജനാധിപത്യം പൊതുജനേച്ഛ സവ്വപ്രധാനമായെടുക്കണം എന്നു് പറയപ്പെടുന്നു. എന്നാൽ പൊതുജനഹിതത്തിനു് താരിപ്പ് പരിഷ്കരണത്തേയൊ, ഇന്ത്യൻ ഭരണഘടനയേയോ പോലുള്ള സാങ്കേതികകാര്യങ്ങൾ നിണ്ണയിക്കാനാവില്ല. പല രാജ്യങ്ങളി ലും ജനാധിപത്യം വിജയിച്ചിട്ടുണ്ടു്, യഥാത്ഥജനാധിപത്യമല്ലാ ത്തതുകൊണ്ടുമാത്രം. ജനാധിപത്യം ഇപ്പോഴും ഒരാദശം മാത്രമാ ണു്. അതു് പ്രവത്തനതത്വമായി അംഗീകരിക്കുമ്പോൾ, പുരുഷ നായാലും സ്ത്രീയായാലും, ഏതു തൊഴിൽ ചെയ്യുന്നവരായാലും, മനു ഷ്യവ്യക്തിത്വത്തിനു് ആ നിലയിൽ മാററാൻ വയ്യാത്ത തനതായ അവകാശങ്ങളുണ്ടെന്നാണു് നാം അത്ഥമാക്കുന്നതു്. വ്യക്തിത്വം പാവനമാണു്. സ്വന്തം പ്രകൃതി വളത്തിക്കൊണ്ടുവരാൻ ഓരോ വ്യക്തിയേയും നാം അനുവദിക്കണം. തനിക്കു് ആകാവുന്നതിൽ വെച്ചു് ഏററവും ഉൽകൃഷ്ടമായതിനെ പ്രാപിക്കുവാൻ ഓരോ മനു ഷ്യനും കഴിയണം. സഹജസിദ്ധികളോ പ്രത്യേകതകളോ വ്യ

ക്തിപരിശ്രമങ്ങളോ ഒന്നും വകവയ്ക്കാതെ തത്ത്വചിന്ത, സാഹിത്യം, കല, നിയമം, ഭരണതത്ത്വങ്ങൾ എന്നിവയെ സംബന്ധിക്കുന്ന കാര്യങ്ങളിൽ മൂല്യങ്ങൾ നിർണ്ണയിക്കാൻ എല്ലാവരും ഒരുപോലെ അർഹരാണെന്നല്ല ജനാധിപത്യത്തിന്നർത്ഥം. ഐൻസ്റ്റീൻ ഉന്നയിച്ച സിദ്ധാന്തത്തിന്റെ സത്യം ഒരു പൊതുവോട്ടെടുപ്പുകൊണ്ട് നിർണ്ണയിക്കാനാവില്ല. മനുഷ്യൻ വിവേചനാശക്തിയുള്ള ജീവിയാണെന്നതുകൊണ്ടുമാത്രം അവൻ എപ്പോഴും യുക്തിപൂർവ്വം പ്രവർത്തിക്കുമെന്നോ, എല്ലാ വിഷയങ്ങളോടും പ്രത്യേകസംബന്ധത്തോടുകൂടി അവന്റെ വിവേചനാശക്തി വിനിയോഗിക്കുമെന്നോ യാതൊരുറപ്പുമില്ല. നാമെല്ലാവരും തുല്യരാണെന്നല്ല ജനാധിപത്യത്തിന്റെ അർത്ഥം. ബുദ്ധിയിലും ശരീരപ്രകൃതിയിലും തുല്യരായിട്ടല്ല മനുഷ്യർ ജനിക്കുന്നതു്. മനുഷ്യർ ഒരുപോലെ ആയിരിക്കയില്ല ഒരു കാലത്തും. അവർ തടിച്ചോ മെലിഞ്ഞോ, പൊക്കത്തിലോ പൊക്കം കുറഞ്ഞോ, വലുതായോ ചെറുതായോ ഇരിക്കും. വ്യത്യാസങ്ങൾ ഇല്ലാതാക്കാൻ ഒരിക്കലും പററില്ല. ഒരു സമൂഹഘടനക്കും പൂർണ്ണമായ സന്ദർഭസമത്വം ഉളവാക്കാൻ കഴിയില്ലെന്നതും വാസ്തവമാണു്. കാരണം സന്ദർഭത്തിന്റെ സാക്ഷാത്കാരം വ്യക്തിയുടെ സാമുദായികപരിതഃസ്ഥിതികളേയും അവയുടെ നേരെയുള്ള വ്യക്തിയുടെ പ്രതികരണങ്ങളേയും ആശ്രയിച്ചിരിക്കുന്നു. എങ്കിലും ഒരു നല്ല ആദർശമാണു് സന്ദർഭസമത്വം. അജ്ഞതയുടേയും ദാരിദ്ര്യത്തിന്റേയും പ്രതിബന്ധങ്ങൾ മാററുകയും, മഹത്തായ കലയും സാഹിത്യവും നാരായവേരുകളോടെ ജനഹൃദയങ്ങളിൽ ആഞ്ഞിറങ്ങുവാൻ അനുവദിക്കുകയും വേണം നാം. രാജ്യത്തിന്റെ സാംസ്കാരികനിലവാരം ഉയർത്തുകയും, സമത്വം ദർശിക്കുവാനും വികാരം, ചിന്ത, ഇച്ഛാശക്തി എന്നിവക്കു് ഐക്യം ഉളവാക്കുവാനും ഓരോ വ്യക്തിയേയും സഹായിക്കുകയും വേണം. ജനാധിപത്യം പ്രകൃത്യാ ഉള്ള ഒരവസ്ഥയല്ല, വിദ്യാഭ്യാസത്തിൽക്കൂടിയും പരിശ്രമത്തിൽക്കൂടിയും നേടേണ്ട ഒരു ആദർശമാണു്. ഒരു രാഷ്ട്രീയക്രമം എന്ന നിലയിൽ ഇന്നു് അതിനുള്ള ന്യൂനതക്കു് കാരണം സത്യസന്ധതയുടേയും ബുദ്ധിയുടേയും കാര്യത്തിൽ വോട്ടവകാശിയുടെ പരാജയമാണു്. വോട്ടവകാശികളുടെ ബുദ്ധിയും നേതാക്കന്മാരുടെ സത്യസന്ധതയും വർദ്ധിക്കുന്നതോടെ ജനാധിപത്യം കൂടുതൽ വിജയിക്കും. ആദർശാത്മകമായ പൂർണ്ണത

എത്ര തന്നെ കുറഞ്ഞാലും, ഗുണപ്രദമായ് ഏകാധിപത്യത്തെ ഒഴിച്ചുനിർത്തിയാൽ, ഭൂതകാലത്ത് നിലനിന്നിരുന്ന ഭരണരീതികളേക്കാൾ മെച്ചപ്പെട്ടതാണ് ജനാധിപത്യം. വിമർശനവും അസംതൃപ്തികളും എല്ലാം പുറത്തുകൊണ്ടുവരുന്നതു് കാര്യങ്ങളുടെ ഗതി നിർണ്ണയിക്കുന്നതിൽ വോട്ടവകാശികൾക്കുള്ള പങ്കാണ്. അതിനാൽ ജനാധിപത്യം സാമൂഹ്യശാന്തിയും ഭദ്രതയും വളർത്തുന്നു.

## അന്താരാഷ്ട്രീയബന്ധങ്ങൾ

പഴയ മട്ടിലുള്ള കഴമ്പില്ലാത്ത പ്രസ്താവങ്ങളോ, നിഷ്ഫലമായ പ്രത്യാശയോ സുന്ദരമായ ശൈലിപ്രയോഗമോകൊണ്ടു് വിശ്വമാനവസ്വാതന്ത്ര്യക്ഷേമരാഷ്ട്രം (Human Commonwealth) സാക്ഷാത്താക്കുവാൻ സാധിക്കുകയില്ല. ആദ്യംതന്നെ രാഷ്ട്രങ്ങൾക്കിടയിൽ സാഹോദര്യവും സഹവർത്തിത്വവും വളർന്നുവരേണ്ടതു് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരാവശ്യമാണ്. അന്യോന്യമുള്ള തെററിദ്ധാരണയും അയഥാർത്ഥമായ ദേശപ്രേമവുംകൂടി വിനാശകൃത്യം ചെയ്യുന്നു. നാം അറിയാത്ത രാഷ്ട്രങ്ങളെയാണ് നാം വെറുക്കുന്നതു്. കുട്ടിയായിരിക്കുമ്പോൾ, നെപ്പോളിയൻ നേതൃത്വം നൽകിയ യുദ്ധത്തിലെ ഫ്രഞ്ചുതടവുകാർ ലണ്ടൻ നഗരവീഥിയിൽക്കൂടി മാർച്ചുചെയ്യുന്നതു് നോക്കിക്കൊണ്ടിരിക്കെ, ആ കാഴ്ച കാണുവാൻ തിങ്ങിക്കൂടിയിരുന്ന ഇംഗ്ലീഷുകാർ വളരെ കാര്യമായി ഫ്രഞ്ചുപട്ടാളക്കാരുടെ വാലു് കണ്ടുപിടിക്കാൻ അവരുടെ പുറംകോട്ട് പിന്നിൽനിന്നു് പൊക്കി നോക്കുന്നതു് താൻ ശ്രദ്ധിച്ചതായി ന്യൂമാൻ പറയുന്നു. ഫ്രഞ്ചുകാർ കുരങ്ങന്മാരാണെന്നു് സാധാരണമട്ടിൽ കാര്യമായിത്തന്നെ ഇംഗ്ലീഷുകാർ വിശ്വസിക്കുന്നു. കുരങ്ങൻെറ വാലല്ലെങ്കിൽ, നമ്മുടെ വിരോധികളുടെ പ്രത്യേകവർഗ്ഗധർമ്മങ്ങളിൽ അതിന് തുല്യമായ മററു ചിലതു് നാം ദർശിക്കുന്നു. നമ്മുടെ ശത്രുക്കൾ മനുഷ്യജീവികളല്ല, മനുഷ്യാകൃതിപൂണ്ട ദുഷ്ടപിശാചുക്കളാണ്. മനുഷ്യരിൽ ഒന്നാകെ കുററം ചുമത്തിക്കൊണ്ടും, ഭൂമുഖത്തുനിന്നു് അവരെ മാററിക്കളയണമെന്നല്ലെങ്കിലും, അവരെ എന്നെന്നേയ്ക്കും അധീനത്തിൽ വയ്ക്കേണ്ടതു് ആവശ്യമാണെന്നു് ന്യായീകരിച്ചുകൊണ്ടും അടുത്ത കാലത്തു് ഇന്ത്യയെ പരാമർശിച്ചു് ഒരു ഗ്രന്ഥമുണ്ടായിട്ടുണ്ടു്. രാഷ്ട്രങ്ങൾ നാസ്ഥ

ളെപ്പോലെ ശരീരത്തിന്റെ ലജ്ജാകരമായ ഭാഗങ്ങൾ മണത്തു് പു ഷ്ടിക്കുവാൻ മാത്രം ചിലപ്പോൾ പരസ്പരം സമീപിക്കുന്നതായി തോന്നുന്നുവെന്ന കാർലൈലിന്റെ തീക്ഷ്ണമായ രൂപകകല്പന ഈ കാലത്തിനും യോജിച്ചതല്ലേ. എന്നു് ഞാൻ ഭയപ്പെടുന്നു. ഒപ്പിട്ട പ്രമാണങ്ങൾ, കടലാസിൽക്കൂടിയുള്ള വഴക്കങ്ങൾ, സാമ്പത്തികകരാറുകൾ എന്നിവയെ ആശ്രയിച്ചല്ല, സംസ്കാരമുള്ള മനുഷ്യരുടെ മനസ്സുകളുടേയും അന്തഃകരണങ്ങളുടേയും ഐക്യത്തേയും, വിജ്ഞാനാദർശങ്ങളുടെ ക്രയവിക്രയവർദ്ധനവിനേയും ആശ്രയിച്ചാണു് ലോകസമാധാനം സ്ഥിതിചെയ്യുന്നതു്. ഭൗതികമായ വിജയത്തിലും വാണിജ്യപരമായ അഭിവൃദ്ധിയിലും ബദ്ധശ്രദ്ധരായിരിക്കുന്നേടത്തോളം കാലം നമുക്കു് അയല്ക്കാരിൽനിന്നു് വ്യത്യാസങ്ങളുണ്ടായിരിക്കുമെങ്കിലും, വിഭജിക്കുന്നതുകൊണ്ടു് കുറയാത്ത ആത്മസമ്പത്തുകളിലേക്കും മാനസികാഹ്ലാദങ്ങളിലേക്കും തിരിയുമ്പോൾ മനുഷ്യപ്രകൃതിയുടെ സമാനസ്പന്ദം നമുക്കു് അനുഭവമാകും. അവ മാത്രമേ സാമ്പത്തികസ്പർദ്ധയുടെ തിക്തത ശമിപ്പിക്കുകയുള്ളു, ലോകത്തിന്റെ ഏകരക്ഷയായ സഹാനുഭൂതിയിലേക്കും പരസ്പരധാരണയിലേക്കും നമ്മെ തിരിച്ചുവിടുകയുള്ളു.

ചിന്താപരവും വൈകാരികവുമായ ഐക്യം വളർത്തിക്കൊണ്ടുവരുന്നതിനുപുറമെ, യുദ്ധത്തോടുള്ള മനോഭാവത്തിൽ രാഷ്ട്രത്തിന്റെ മനശ്ശാസ്ത്രം മാറേറണ്ടതുണ്ടു്. മാനവവർഗ്ഗം എന്നും യുദ്ധത്തെ വിശ്വാസപൂർവ്വം ആശ്രയിച്ചിട്ടുണ്ടെന്നും, എപ്പോഴും അങ്ങനെ ചെയ്യുമെന്നും പറയുന്ന സന്ദേഹവാദികളെ നാം വിശ്വസിക്കേണ്ടതില്ല. നരമാംസഭോജനത്തിന്റെ വക്കീലന്മാരാണു് അങ്ങനെ പറയുന്നതു്. മനുഷ്യവർഗ്ഗം എന്നും മനുഷ്യമാംസം തിന്നിട്ടുണ്ടു്, തിന്നുകയും ചെയ്യും; ഇതാണു് അടിമത്തം, ദ്വന്ദ്വയുദ്ധം തുടങ്ങി പലതിനേയും പിൻതാങ്ങുന്നവർ പറയുന്നതു്. നമുക്കു് സാവധാനത്തിൽമനുഷ്യരുടെ മനസ്സു് മാററാം. സമാധാനപ്രേമം, അല്ലെങ്കിൽ സാർവ്വദേശീയത, കമ്പിയില്ലാക്കമ്പിയോ ടെലിഫോണോ പോലെ ലോകത്തിനു് പെട്ടെന്നു് നടപ്പാക്കാവുന്ന ശാസ്ത്രീയകണ്ടുപിടുത്തമൊന്നുമല്ല. വളർന്നുവരാൻ ഒട്ടുവളരെ സമയമെടുക്കുന്ന ഒരു ലോലസസ്യമാണതു്. അതു് വളർന്നുവരാൻ ക്ഷമയും സഹനശീലവും പരസ്പരധാരണയും ബഹുമാനവും ആവശ്യമാണു്. മനുഷ്യരെ കുട്ടിക്കാലം മുതലേ മാനവവർഗ്ഗത്തിന്റെ ഏകത്വത്തിൽ വിശ്വസി

ക്കുവാൻ നാം പരിശീലിപ്പിക്കണം. അവരിൽ സമാധാനേച്ഛ വളർത്തിക്കൊണ്ടുവരികയും, യുദ്ധത്തിനു് ഒരു വീട്ടു് അതിന്നെതിരായിത്തന്നെ വിഭജിക്കപ്പെട്ടുകയെന്നാണർത്ഥം എന്നു് പ്രഖ്യാപിക്കുകയും വേണം. ഒന്നായിരിക്കണമെന്നു് പ്രകൃതിയാലും നിയതിയാലും വ്യക്തമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതിനെ യുദ്ധം കൃത്രിമശത്രുത്വംകൊണ്ടു് ഭിന്നിപ്പിക്കുന്നു. "നിങ്ങൾ സഹോദരങ്ങളായിരിക്കെ എന്തിനാണു് പരസ്പരം ദ്രോഹിക്കുന്നതു്?" ഏതാനും പേൎക്കു് ആദായവും വളരെപ്പേൎക്കു് യാതനയും ഉളവാക്കുന്ന പ്രാകൃതമായ കലഹവാസനയ്ക്കു് അയഥാൎത്ഥമായ ആകൎഷകത്വം പൂശുന്ന മനുഷ്യകൗശലത്തെ വെളിച്ചത്തു് കൊണ്ടുവരണം. ജീവിതത്തിന്റെ പവിത്രതയെക്കുറിച്ചു് കുറേക്കൂടി ഉയൎന്ന ബോധമുണ്ടായിരിക്കാൻ നാം നിഷ്കൎഷിക്കണം. യുദ്ധം അക്രമവൃത്തി പരിചയിപ്പിച്ചുകൊണ്ടു് ജനതാഹൃദയങ്ങളിൽ രൂക്ഷവികാരങ്ങൾ ഉളവാക്കുന്നു. അവയെ കീഴ്പ്പെടുത്താൻ നാഗരികത കഠിനയത്നം ചെയ്യുകയാണു്. ശാരീരികമായാലും മററു തരത്തിലുള്ളതായാലും അക്രമാസക്തി പ്രാകൃതികമായ വിശപ്പു് അടക്കുന്നതിനുള്ള ആഗ്രഹത്തിൽനിന്നാണു്, അധമവാസനകളിൽ നിന്നാണു്, ഉൾവാകുന്നതു്. അൎത്ഥശൂന്യമാണതു്, എല്ലാ സാമുദായികമൂല്യങ്ങൾക്കും വിനാശകരവും.

നമ്മുടെ രാജ്യനയങ്ങളെ ആദ്യം മുതൽ അവസാനംവരെ രൂപപ്പെടുത്തുന്ന സ്വരാജ്യസ്നേഹം, മാനുഷ്യകത്തെസ്സംബന്ധിച്ച സമുന്നതമായ വീക്ഷണത്തിന്റെ നേരെ നമ്മെ നിദ്രാവസ്ഥയിലെന്നപോലെ അന്ധന്മാരാക്കിത്തീൎക്കലാണു്. ചിക്കാഗോ ട്രിബ്യൂണിന്റെ ആദൎശവാക്യം നോക്കുക: "നമ്മുടെ രാജ്യം. വിദേശരാഷ്ട്രങ്ങളുമായുള്ള സമ്പൎക്കങ്ങളിൽ അവൾക്കു് ഒരിക്കലും തെററു പററാതിരിക്കട്ടെ. പക്ഷേ, നമ്മുടെ രാജ്യതന്ത്രം. തെററാകട്ടെ ശരിയാകട്ടെ." ദേശാഭിമാനത്തിനും ആത്മാഭിമാനത്തിനും ഉള്ള ശരിയായ സ്ഥാനത്തെക്കുറിച്ചു് തൎക്കിക്കുകയല്ല നാം. ദേശീയമായ ഡംഭും അസഹിഷ്ണുതയുമാണു് ആപൽക്കരം. തെററായ രാജ്യസ്നേഹമാണു് എല്ലാററിനും മാപ്പുകൊടുക്കുന്നതും രാജ്യത്തെ ധാൎമ്മികനിയമങ്ങൾക്കുപരി പ്രതിഷ്ഠിക്കുന്നതും. രാഷ്ട്രത്തിനു് തെററു പററില്ലെന്നും അതു് വിമൎശനത്തിനതീതമാണെന്നും, രാഷ്ട്രം നടത്തുന്ന യുദ്ധങ്ങൾ നീതിപൂൎവ്വമാണെന്നും സ്ഥാപിക്കുന്ന രാഷ്ട്രപരമാ

ധികാരസിദ്ധാന്തം തികഞ്ഞ മതരാഹിത്യമാണു്. എന്നിട്ടും ഇതാണു് അനുചാരികളിൽനിന്നു് വളരെയെല്ലാം ആവശ്യപ്പെടുന്ന ആധുനികലോകത്തിൻെറ മതം. മററൊരു മതവും മനുഷ്യരെ ഇങ്ങനെ കൂട്ടത്തോടെ വൃഥാ ബലി കഴിക്കാൻ ആവശ്യപ്പെട്ടിട്ടില്ല. ബോൾഷോവിസ്ററുകൾ വംശമേതെന്നോ ദേശമേതെന്നോ നോക്കാതെമനുഷ്യവർഗ്ഗത്തിൻെറ മുഴുവൻ സംരക്ഷണത്തേയും ലാക്കാക്കുന്നു. അവർ റഷ്യയുടെ നേരെ നോക്കുന്നു; ഒരു രാഷ്ട്രമെന്ന നിലയിലല്ല, അവരുടെ വിശ്വാസം പ്രചരിപ്പിക്കുന്നതിനുള്ള ഒരു നിയുക്തസംഘം എന്ന നിലയിൽ. ലെസ്സിംഗാണു് (Lessing) പറഞ്ഞതു്: "സ്വരാജ്യസ്നേഹം വീരോചിതമായ ഒരു ദൗർബ്ബല്യമാണു്. അതു് കൂടാതിരിക്കയാണു് നല്ലതു്." ബലത്തിൻെറ നിയമത്തേക്കാൾ വലിയൊരു നിയമമുണ്ടു്; ദേശപ്രേമമെന്ന മിഥ്യാഭിമാനത്തേക്കാൾ ഉയന്ന ഒരു പ്രേമവും. ഒന്നാകെ മനുഷ്യവർഗ്ഗത്തോടുള്ള കൂറിനോടു് പൊരുത്തപ്പെടാത്തതല്ല നല്ലൊരു വ്യക്തിക്കു് സ്വന്തം രാജ്യത്തോടുള്ള കൂറു്. സ്വാഭാവികമായ മനുഷ്യവിഭാഗങ്ങളാണു് രാഷ്ട്രങ്ങൾ. ഓരോന്നിൻേറയും പ്രത്യേകഭൂതകാലം, ചരിത്രപരമായ പാരമ്പര്യം എന്നിവയിൽനിന്നു് ലഭിക്കുന്ന പ്രേരണകൾ കൊണ്ടാണു് അവ മുൻപോട്ടു് പോകുന്നതു്. വിശേഷനിഷ്ഠ അമിതമാകുന്നതുകൊണ്ടു് മാത്രമേ അപകടമുള്ളു. ഒരാൾ സ്വന്തം രാജ്യത്തെ പ്രശംസിക്കുകയെന്നതു് സ്വയം പ്രശംസിക്കുന്നതുപോലെ തന്നെ ആഭാസമായി കരുതണം. താണതരം വ്യവസായഏജൻജറുകളെപ്പോലെ നാം സ്വന്തം സ്ഥാപനങ്ങളേയും അഭിപ്രായങ്ങളേയും പ്രശംസിക്കുന്നതുകൊണ്ടു് പ്രയോജനമില്ല. വൃഥാമഹിമയോ അസഹിഷ്ണുതയോ അല്ല സ്വരാജ്യസ്നേഹം.

വിശ്വൈക്യം സാധിക്കുന്നതിനു് രണ്ടു വഴികളുണ്ടു്; ഒന്നുകിൽ ഏകലോകാധിപത്യം (World-dominion), അല്ലെങ്കിൽ സ്വതന്ത്രലോകരാഷ്ട്രക്ഷേമസംഘടന (World Commonwelth). ആദ്യത്തേതു് അസാദ്ധ്യമാണു്, ദേശീയബോധം അതിൻെറ സാക്ഷാത്കാരത്തിനു് വിഘാതമായി വത്തിക്കുന്നതുകൊണ്ടു്. ലോകം നശിച്ചുപോകാനിടയുള്ള നിർണ്ണായകമായ ഒരു യുദ്ധം കൂടാതെ ഈ സ്വപ്നം നിവൃത്തിക്കാനാവില്ല. മഹത്തായ ഒരു വർഗ്ഗത്തിന് അതിൻെറ മഹത്ത്വം തെളിയിക്കാൻവേണ്ടി ബാക്കി ലോ

കം മുഴവൻ നശിക്കുന്നതെന്തിനു്? യുദ്ധസമ്പ്രദായങ്ങൾ വളരെ ധനവ്യയമുള്ളവയും, അത്യന്തം രൂക്ഷവുമാണു്. ലോകത്തിൻെറ ബാക്കിഭാഗം മുഴവനും കീഴടക്കുന്നതിനുള്ള സാദ്ധ്യതയോ ശക്തിയോ ലോകത്തിൽ ഒരു സാമ്രാജ്യത്തിനുമില്ല. പ്രപഞ്ചകർത്താവു് മനുഷ്യവർഗ്ഗത്തെ ആകെ ഏകജാതിയാക്കിയിട്ടൊന്നുമില്ല. വിഭിന്നവർഗ്ഗങ്ങളുടേതായ നാനാരാഷ്ട്രങ്ങൾ നിർമ്മിച്ചിട്ടുണ്ടു് അദ്ദേഹം. കൂടുതൽ എളുപ്പവും യുക്തിപൂർവ്വവുമായ മററൊരു വഴിയുണ്ടു്. ദേശീയമായ ഉദ്ദേശ്യങ്ങൾ കുറേക്കൂടി ഉദഗ്രമായ ഒരു സംയോഗത്തിലും സാർവ്വദേശീയോദ്യമത്തിലും ലയിപ്പിക്കുക. ഈ പരിശ്രമത്തിൽ ഓരോ ജനതയും അതിൻെറ പങ്കു നിർവ്വഹിക്കണം. സംഘടിതമായ പൂർണ്ണരാഷ്ട്രങ്ങളാൽ നിർമ്മിതമാകണം മാനുഷ്യകം. നീതിയിൽ അധിഷ്ഠിതമായിരിക്കണം സാർവ്വദേശീയക്രമം. ഏഷ്യ യൂറോപ്പിനെ മാതൃകയാക്കി വിജയപൂർവ്വം പിൻതുടരുകയും, സാമ്പത്തികചൂഷണവും രാഷ്ട്രീയാക്രമണങ്ങളും ചെറുത്തു നിൽക്കുകയും ചെയ്താൽ യൂറോപ്പിൻെറ സ്ഥാനത്തിനു് ആപത്തായിത്തീരുമെന്നു് വിചാരിക്കുന്നതു് ഒരു വല്ലാത്ത യുക്തിയാണു്. നമ്മുടെ സ്വരാജ്യസ്നേഹം ദൈവേച്ഛയാണു്, മററുള്ളവരുടേതു് പിശാചിന്റെ പണിയും! ഏതെങ്കിലും രാജ്യം നിലവിലുള്ള ചൂഷണസമ്പ്രദായങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ നാം അതിനെ ഒരു ആപത്തു് എന്നു വിളിക്കുന്നു. ലോകത്തിൻെറ രക്ഷ ചില രാഷ്ട്രങ്ങളുടെ അടിമത്തത്തെ അടിസ്ഥാനമാക്കിയല്ല, എല്ലാ രാഷ്ട്രങ്ങളുടേയും സ്വാതന്ത്ര്യത്തെ ആസ്പദമാക്കിയാണിരിക്കുന്നതു്. സാർവ്വദേശീയസഹകരണത്തിനു് ആദ്യമേ വേണ്ട അനുപേക്ഷണീയമായ ആവശ്യമാണു് ദേശീയസ്വാതന്ത്ര്യം. ഓരോ ജനതയുടേയും അന്തസ്സത്ത അംഗീകരണം അർഹിക്കുന്നു. എല്ലാ രാഷ്ട്രങ്ങൾക്കും സ്വാതന്ത്ര്യം അനുവദിക്കുകയെന്നതു് ലോകത്തിൻെറ മുഴവൻ ലക്ഷ്യവും കൃത്യവുമായിരിക്കണം. ലോകത്തിൻെറ ചില ഭാഗങ്ങൾ മററുള്ളവയേക്കാൾ പിന്നോക്കം നിൽക്കുന്നവയാകാം. അവയുടെ ദുർബ്ബലത നമ്മുടെ അവസരമായി ഉപയോഗിക്കരുതു്. ദുർബ്ബലമായ അയൽരാഷ്ട്രത്തെ ഭീഷണിപ്പെടുത്തുന്ന ഒരു രാഷ്ട്രം സത്യസന്ധരായ എല്ലാ മനുഷ്യരുടെ ദൃഷ്ടിയിലും നിസ്സഹായനായ അയൽവാസിയെക്കൊണ്ടു് മുതലെടുക്കുന്നവനെപ്പോലെ തന്നെ കുററവാളിയാണു്. വ്യക്തികളെപ്പോലെ രാഷ്ട്രങ്ങൾക്കും

സഹാനുഭൂതി ആവശ്യമാണ്. ചിരകാലമായ പക്ഷപാതങ്ങളിൽനിന്നു് സ്വാതന്ത്ര്യം നേടുവാൻ യത്നിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളോട്ട് രാജ്യതന്ത്രപരമായി മുന്നണിയിൽ നില്ക്കുന്ന രാഷ്ട്രങ്ങൾ സഹാനുഭൂതിപരവും സേവനപരവും ആയ മനോഭാവമാണ്, രക്ഷാധികാരത്തിൻേറയും നിയന്ത്രണാധികാരത്തിൻേറയും ഭാവമല്ല, കാണിക്കേണ്ടതു്. പൌരസ്ത്യദേശത്തിൻെറ ഉണർച്ച യൂറോപ്പിന്നു് ഒരു ഭീഷണിയായി ഗണിക്കരുതു്. ചൈന പ്രക്ഷുബ്ധമായിരിക്കുന്നു. കാലത്തെ സംബന്ധിക്കുന്ന ഒരു പ്രശ്നം മാത്രമാണ് ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തി. വളരെ വേഗത്തിൽ നവീകൃതമായിക്കൊണ്ടിരിക്കുകയാണു് തുക്കിയും പേഴ്സ്യയും അഫ്ഘാനിസ്ഥാനും. ഇതെല്ലാം ലോകത്തിൻെറ നന്മയ്ക്കാണ്. രാഷ്ട്രങ്ങളുടെ പരസ്പരാവലംബം ദ്രുതഗതിയിൽ വർദ്ധിച്ചുവരുന്നു. മാനവസമുദായത്തിൻെറ ഭാഗധേയത്തിലുള്ള വിശ്വാസം മർദ്ദനവും അനീതിയും എവിടെക്കണ്ടാലും അവയോട്ട് സമരം ചെയ്യുന്നതിനുള്ള ആവേശാഗ്നി നമ്മളിൽ ആളിക്കത്തിക്കണം.

ശ്രേഷ്ഠമായ ആദർശങ്ങൾ മാത്രം പോര, അവ പ്രാവത്തികമാക്കുന്നതിനുള്ള ഒരു പദ്ധതികൂടി വേണം. ലോകരാഷ്ട്രസംഘടനയും (League of Nations) കെല്ലോഗ് ഉടമ്പടിയും പൊതുജനാഭിപ്രായം രൂപവൽകരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിൽ പ്രയോജനകരമാണ്. എന്തായാലും, സഖ്യരാഷ്ട്രങ്ങൾക്കു് തങ്ങളുടെ സ്ഥാനം യഥാസ്ഥിതിയിൽ നിലനിത്തുവാനും സംരക്ഷിക്കുവാനും ആസൂത്രണം ചെയ്തിട്ടുള്ള ഒരു ഉപകരണം മാത്രമല്ലേ ലോകരാഷ്ട്രസഭ എന്നു് പരക്കെ പ്രബലമായ സന്ദേഹമുണ്ട്. എല്ലാ രാഷ്ട്രങ്ങളുടേയും സ്വാതന്ത്ര്യത്തിനും സംരക്ഷക്കും കൂടുതൽ നല്ല പരിതസ്ഥിതികൾ നിമ്മിക്കുവാൻ ബദ്ധപ്രതിജ്ഞമായ ഒരു സ്ഥാപനമാണു് അതെന്നു് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടില്ല. "സ്വരക്ഷയ്ക്കു് യുദ്ധത്തെ അവലംബിക്കാൻ പരിതസ്ഥിതികൾ പ്രേരിപ്പിക്കുന്നുണ്ടോയെന്നു് തീരുമാനിക്കുവാൻ അതാതു രാഷ്ട്രത്തിനു മാത്രമേ അർഹതയുള്ളു"വെന്നു് ഉടമ്പടിക്കാരൻ പ്രസ്താവിക്കയാൽ കെല്ലോഗ് ഉടമ്പടിയുടെ മൂല്യത്തിനു് ഗണ്യമായ ഇടിവു തട്ടി. രാഷ്ട്രനയത്തിൻെറ ഒരുപകരണമെന്ന നിലയിൽ നാം യുദ്ധം ഉപേക്ഷിക്കുകയാണെങ്കിൽ അതു് ഒരു തരത്തിലുള്ള കലവറയുംകൂടാതെ ചെയ്യണം. നീതിപൂവ്വമായ ഒരു യുദ്ധം ഒരിക്ക

22.1923
R3:Y
32ko



ല്യം ഉണ്ടാകവയ്യ. രാഷ്ട്രനയമെന്ന നിലയിൽ യുദ്ധം നാം ഉപേക്ഷിക്കണം. രാജ്യരക്ഷക്കുവേണ്ടിയുള്ളതായാൽപോല്യം നാം അതിനെ ന്യായീകരിക്കരുതു്. ഭാവിയിൽ വരാവുന്ന ആപത്തുകളും ഉൾപ്പെട്ടതാം രാജ്യരക്ഷയിൽ. അങ്ങനെ അതിക്രമത്തെ ന്യായീകരിക്കുകയും ചെയ്യാം. ആകെ ചാരനിറമായ ഒരു ദിക്കിൽ ഇരുളും വെളിച്ചവും വരഞ്ഞു തിരിക്കാനാവില്ല. തന്നെയുമല്ല, അക്രമത്തെ തുടന്നു പ്രത്യക്രമം ഉണ്ടായേ തീരൂ. സത്യത്തിന്നു് നിലനില്ക്കാൻ കഴിയാതെവരും. രാഷ്ട്രങ്ങൾ സ്വന്തം ഭ്രമണപഥത്തിൽക്കൂടി മാത്രം ചലിക്കുന്നിടത്തോളം കാലം സംഘർഷങ്ങൾ ഉണ്ടാകാതിരിക്കയില്ല. സദാ വിപുലമായിക്കൊണ്ടിരിക്കുന്ന പുതിയ പുതിയ വിപണികൾ അന്വേഷിക്കുന്നതിൽ ഭൂമുഖത്തുള്ള എല്ലാ നാല്ക്കവലകളിൽവച്ചും ലോകരാഷ്ട്രങ്ങൾ മാത്സര്യബുദ്ധിയോടെ പരസ്പരം കണ്ടുമുട്ടാതെ തരമില്ല. എന്നാൽ സംഘർഷങ്ങൾ ബുദ്ധികൊണ്ടാണു് ബലപ്രയോഗംകൊണ്ടല്ല അവസാനിപ്പിക്കേണ്ടതു്. നമുക്കു് പൊതുവായ ഒരു നിയമസംഹിതയുണ്ടാകണം. സാർവ്വലൌകികസമ്മതി ആർജ്ജിക്കുന്ന വിധികൾ പ്രഖ്യാപിക്കുന്ന ഒരു സുപ്രീംകോടതി സ്ഥാപിക്കുകയും അതിൻെറ തീർപ്പുകൾ നടപ്പാക്കുന്ന ഒരു പോലീസ്സേന സംഘടിപ്പിക്കയും വേണം. ആവശ്യമുള്ളപ്പോഴൊക്കെ ബലംകൊണ്ടു് ഉയർത്തിപ്പിടിക്കുവാൻ തയ്യാറുള്ള തങ്ങളുടെ പരമാധിപത്യം തെല്ലുപോല്യം വെടിയാൻ വൻശക്തികൾ സന്നദ്ധരല്ലാത്തിടത്തോളം കാലം ലീഗും ഉടമ്പടിയുമെല്ലാം വെറും പ്രഹസനമാണു്.

സമാധാനം സ്ഥാപിക്കുന്നതിനു് ലോകം കണ്ടിട്ടുള്ളതിൽ വച്ചു് പ്രത്യാശാവഹമായ രാഷ്ട്രീയോപകരണം മതത്തിലെ ആദർശവാദമാണെന്നു തോന്നുന്നു. നാം കടമകളിലും അവകാശങ്ങളിലും മാത്രം നിലപാടു് ഉറപ്പിക്കുന്നിടത്തോളം കാലം മനുഷ്യരുടെ ഇടഞ്ഞുനില്ക്കുന്ന താൽപര്യങ്ങളും ആഗ്രഹങ്ങളും അനുരഞ്ജിപ്പിക്കുവാൻ സാധിക്കുകയില്ല. സഖ്യങ്ങളും നയപരമായ ഒത്തുധാരണകളും തീവ്രവികാരങ്ങളെ നിയന്ത്രിച്ചേക്കാം. പക്ഷെ അവ ഒരിക്കലുംഭയം ദൂരീകരിക്കുന്നില്ല. ലോകം മനുഷ്യവർഗ്ഗത്തോടുള്ള പ്രേമത്താൽ പ്രചോദിതമാകണം. നമുക്കു് ആവശ്യം, സമസ്തലോകത്തിന്റേയും പരിവർത്തനം കാത്തുനില്ക്കാതെ, ആവശ്യമെങ്കിൽ തങ്ങളുടെ ജീവിതം

MADRAS UNIVERSITY LIBRARY
6 APR 2003
CHENNAI-600 005

കൊണ്ടു് "ലോകത്തിൽ ഏകകുടുംബം" എന്ന മതത്തിന്റെ സത്യം സ്ഥാപിക്കുന്ന മതനിഷ്ഠരായ വീരപുരുഷന്മാരെയാണു്; മഹാന്നായ സ്റ്റാഡ്ഡു്തോൾഡറുടെ ആദർശവാക്യം സ്വീകരിക്കുന്ന വീരാത്മാക്കളെ: "എനിക്കു് പ്രവൃത്തി ഏറ്റെടുക്കാൻ, പ്രത്യാശിക്കേണ്ട ആവശ്യമില്ല; വിജയിക്കണമെന്നുമില്ല വിടാതെ പ്രവർത്തിക്കുവാൻ."

MUL

കാൽനൂററാണ്ടിന്നു മുമ്പ് ആദ്യമായി കെഗൻ പാൾ, ടെഞ്ച്ട്രബ്നെർ എന്ന പ്രസിദ്ധീകരണശാലക്കാർ അവരുടെ 'ഇന്നും നാളെയും' എന്ന ഗ്രന്ഥപാമ്പരയിൽ ഇംഗ്ലണ്ടിൽനിന്നും, 1948ൽ ബോംബേയിലെ ഹിന്ദ്കിത്താബ്സ് പ്രസാധകർ ഇന്ത്യയിൽനിന്നും പ്രസിദ്ധീകരിച്ച "കല്കി അഥവാ സംസ്കാരത്തിൻെറ ഭാവി" ചെറിയൊരു ക്ലാസ്സിക്കെന്ന പ്രശസ്തി നേടി. തൻെറ സബോധജീവിതത്തിലെ വികാരസംഘർഷങ്ങളെ കുറിച്ച് മനുഷ്യനു തീവ്രമായ ബോധമുണ്ട്; അതിനെക്കാൾ തീവ്രതരമാണ് സബോധാഭിലാഷങ്ങളും അബോധാഭിലാഷങ്ങളും തമ്മിലുള്ള സംഘട്ടനമെന്ന് ആധുനികമനഃശാസ്ത്രജ്ഞന്മാർ വെളിപ്പെട്ടത്തിയിരിക്കുന്നു. ശാസ്ത്രപുരോഗതിയും സാങ്കേതികവിഷയങ്ങളിലുള്ള അത്ഭുതാവഹമായ കണ്ടുപിടുത്തങ്ങളും എടുത്തു പറയത്തക്ക നേട്ടങ്ങളാണെങ്കിൽത്തന്നെയും കോട്ടങ്ങൾ നിറഞ്ഞ ഒരു പരിഷ്കൃതിയുടെ പശ്ചാത്തലത്തിൽ, കുടുംബപരവും സാമൂഹ്യവും രാഷ്ട്രീയവും സാമ്പത്തികവും മതപരവുമായ മണ്ഡലങ്ങളിൽ മനുഷ്യനെ വീക്ഷിക്കുമ്പോൾ അവൻെറ വ്യക്തിത്വത്തിൽ ഐക്യത പുനഃസ്ഥാപിക്കുന്നതു് ആദ്ധ്യാത്മികസംസ്കാരമാണെന്നു കാണാം. പ്രതിപാദനത്തിന്റെ മിഴിവു വർദ്ധിപ്പിക്കത്തക്ക മിതത്വത്തോടുകൂടിയാണ് ഡോ: രാധാകൃഷ്ണൻ ഈ വിഷയം കൈകാര്യം ചെയ്തിരിക്കുന്നതു്. അദ്ദേഹം നൽകുന്ന പ്രത്യാശയുടേയും സഹകരണത്തിൻേറയും സന്ദേശം സൂക്ഷ്മഗ്രാഹികൾ മനസ്സിലാക്കാതിരിക്കില്ല.